# ഉള്ളടക്കം

പേജ് നമ്പർ


1.വാർഡുകളുടെയും ജനപ്രതിനിധികളുടെയും വിവരങ്ങൾ-------------------- 2

2.ആസൂത്രണസമിതി അംഗങ്ങൾ------------------------------------------------- 3-4

3.നിർവ്വഹണ ഉദ്യോഗസ്ഥർ---------------------------------------------------- 5

4.തദ്ദേശ സ്ഥാപനത്തിന്റെ പൊതു വിവരങ്ങൾ------------------------------ 6-7


**വിഷയമേഖകളുടെ അവസ്ഥ**


1.പൊതുഭരണവും ധനകാര്യവും----------------------------------------------------- 8-39

2.കൃഷി------------------------------------------------------------------------------------- 40-61

3.മൃഗസംരക്ഷണവും ക്ഷീരവികസനവും------------------------------------------ 62-84

4.പ്രാദേശിക സാമ്പത്തിക വികസനം--------------------------------------------- 85-98

5.ദാരിദ്ര്യ ലഘൂകരണം(പാർപ്പിടം ഉൾപ്പെടെ)------------------------------------ 99-116

6.സാമൂഹ്യനീതി(ഭിന്നശേഷിയുള്ളവർ വയോജനങ്ങൾ മുതലായവ)---------- 117-134

7.ജെൻഡറും വികസനവും,കുട്ടികളുടെ വികസനവും---------------------------- 135-160

8.പട്ടികജാതി പട്ടികവർഗ്ഗ വികസനം--------------------------------------------- 161-180

9.ആരോഗ്യം------------------------------------------------------------------------------ 181-209

10.കുടിവെള്ളം ,ശുചിത്വം മുതലായവ----------------------------------------------- 210-239

11.വിദ്യാഭ്യാസം,കലയും സംസ്കാരവും,യുവജനകാര്യം----------------------------- 240-264

12.പൊതുമരാമത്ത്(വൈദ്യുതിയും ഊർജവും ഉൾപ്പെടെ)------------------------ 265-296

13.ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം

പരിസ്ഥിതി സംരക്ഷണം,ദുരന്തനിവാരണം----------------------------------- 297-325

| വാർഡുകളുടെയും ജനപ്രതിനിധികളുടെയും വിവരങ്ങൾ | | | |
|---|---|---|---|
| വാർഡ് നം. | വാർഡിന്റെ പേര് | അംഗത്തിൻറെ പേര് | മൊബൈൽ/വാട്സ്അപ് നം. |
| 1 | ചായ്യോത്ത് | ധന്യ പി. | 9446270925 |
| 2 | കുവാറ്റി | എലിസബത്ത് കെ.ഐ. | 9946580674 |
| 3 | നെല്ലിയടുക്കം | അജിത്ത്കുമാർ കെ.വി. | 9447388290 |
| 4 | പുതുക്കുന്ന് | യശോദ കെ. | 9497611681/7907759300 |
| 5 | കാറളം | ടി.കെ. രവി | 9495376320 |
| 6 | ബിരിക്കുളം | സന്ധ്യ വി. | 9645921731/9188125948 |
| 7 | കമ്മാടം | അബ്ദുൾനാസർ സി.എച്ച് | 8281659427 |
| 8 | പരപ്പ | രമ്യ കെ. | 8078011402/9188125947 |
| 9 | കാരാട്ട് | എം.ബി. രാഘവൻ | 9605737963/9526143349 |
| 10 | കുരാംകുണ്ട് | സിൽവി | 8301956499/9846707814 |
| 11 | കോളംകുളം | ചിത്രലേഖ കെ.പി. | 9495897915 |
| 12 | പെരിയങ്ങാനം | മനോജ്തോമസ് | 9744555375 |
| 13 | കുമ്പളപ്പള്ളി | ബാബു കെ.വി. | 8547696689 |
| 14 | പുലിയന്നൂർ | ടി.പി. ശാന്ത | 9446773253 |
| 15 | കരിന്തളം | എം.ഉമേശൻ | 9744842201/8281444046 |
| 16 | കൊല്ലംപാറ | ബിന്ദു ടി.എസ്. | 9744781529 |
| 17 | കിനാനൂർ | കൈരളി കെ. | 9745084552 |

# ആസൂത്രണസമിതി അംഗങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | ഫോൺ നമ്പർ | ആസൂത്രണസമിതി യിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം |
|---|---|---|---|---|
| 1 | ടി.കെ. രവി | 9495376320 | ചെയർമാൻ | പ്രസിഡണ്ട് |
| 2 | പാറക്കോൽ രാജൻ | 9446168696 | വൈസ് ചെയർമാൻ | വിദഗ്ദ്ധ അംഗം |
| 3 | മനോജ് എൻ. | 9446304450 | കൺവീനർ | സെക്രട്ടറി |
| 4 | ടി.പി ശാന്ത | 9446773253 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | വൈസ് പ്രസിഡണ്ട് |
| 5 | അബ്ദുൾനാസർ സി.എച്ച് | 8281659427 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| 6 | എലിസബത്ത് കെ.ഐ | 9946580674 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ക്ഷേമകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| 7 | അജിത്കുമാർ കെ വി | 9447388290 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| 8 | വി.കെ.രാജൻ | 9447469656 | അംഗം | വിദഗ്ദ്ധ അംഗം |
| 9 | കെ.പി.നാരായണൻ | 9496174124 | അംഗം | വിദഗ്ദ്ധ അംഗം |
| 10 | കെ.ലക്ഷമണൻ | 9446168694 | അംഗം | വിദഗ്ദ്ധ അംഗം |

| | | | | |
|---|---|---|---|---|
| 11 | കെ.കുമാരൻ | 9446282647 | അംഗം | വിദഗ്ധ അംഗം |
| 12 | അഡ്വ.കെ.കെ. നാരായണൻ | 9447080349 | അംഗം | വിദഗ്ധ അംഗം |
| 13 | കയനി മോഹനൻ | 9446252640 | അംഗം | വിദഗ്ധ അംഗം |
| 14 | എ.ആർ രാജു പരപ്പ | 9446668456 | അംഗം | വിദഗ്ധ അംഗം |
| 15 | എൻ.പുഷ്പരാജൻ | 9447381890 | അംഗം | വിദഗ്ധ അംഗം |
| 16 | കുര്യാക്കോസ് പ്ലാപ്പറമ്പിൽ | 9447439162 | അംഗം | വിദഗ്ധ അംഗം |
| 17 | സി.വി. ഗോപകുമാർ | 9495535114 | അംഗം | വിദഗ്ധ അംഗം |

# നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

| പേര് | പദവി | ഓഫീസ് | വ്യക്തിഗത ഫോൺ നമ്പർ |
|---|---|---|---|
| മനോജ് എൻ. | സെക്രട്ടറി | പഞ്ചായത്ത് | 9496049673 |
| ഷീല പി. യു. | അസി.സെക്രട്ടറി | പഞ്ചായത്ത് | 9744425288 |
| നിഖിൽ നാരായണൻ | കൃഷി ഓഫീസർ | കൃഷി ഓഫീസ്,ചോയ്യങ്കോട് | 9961625356 |
| ഡോ.ജിഷ മുങ്ങത്ത് നായർ | മെഡിക്കൽ ഓഫീസർ | എഫ്. എച്ച്. സി. കരിന്തളം | 9495648291 |
| പത്മേക്ഷണൻ കെ. പി. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ആയുർവ്വേദ ഡിസ്പെൻസറി, കാട്ടിപ്പൊയിൽ | 9400137004 |
| ഡോ. രാജേഷ് കരിപ്പത്ത് | മെഡിക്കൽ ഓഫീസർ | ഹോമിയോ ഡിസ്പെൻസറി, ചോയ്യങ്കോട് | 9546667089 |
| ഡോ.രേണു കെ. രാജ് | വെറ്റിനറി സർജൻ | വെറ്റിനറി ഹോസ്പിറ്റൽ, കോയിത്തട്ട | 9656194882 |
| ഉമേഷ് കെ. വി. | അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി | അസി.എഞ്ചിനീയറുടെ കാര്യാലയം, കരിന്തളം | 9656504638 |
| സുമ പി.സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശിശുവികസന പദ്ധതി ഓഫീസ് പരപ്പ | 9539967241 |
| ജോയിസ് ജോസഫ് | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | ജി.യുപി.എസ് ക്ലവാറ്റി | 9946449322 |
| ജേക്കബ് ഉലഹന്നാൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, കോയിത്തട്ട | 8547323408 |
| ശ്രീജിത്ത് എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ ഓഫീസ്, പരപ്പ | 9495651067 |
| പോൾ എം.എഫ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | മത്സ്യഭവൻ കാഞ്ഞാങ്ങാട് | 9947625185 |

## തദ്ദേശസ്ഥാപനത്തിന്റെ പൊതുവിവരങ്ങൾ

| | |
|---|---|
| ജില്ല | : കാസർഗോഡ് |
| താലൂക്ക് | : വെള്ളരിക്കുണ്ട് |
| ബ്ലോക്ക് പഞ്ചായത്ത് | : പരപ്പ |
| അസംബ്ലി നിയോജക മണ്ഡലം | : കാഞ്ഞങ്ങാട് |
| പാർലമെന്റ് മണ്ഡലം | : കാസർഗോഡ് |
| വിസ്തൃതി | : 77.49 ച.കി.മി |
| ആകെ വാർഡുകൾ | : 17 |
| ആകെ വീട്ടുകൾ | : 6999( അവലംബം 2011 സെൻസസ്) |

## ജനസംഖ്യ ( അവലംബം 2011 സെൻസസ്)

| | |
|---|---|
| ജനസംഖ്യ | :27585 |
| പുരുഷൻമാർ | : 13419 |
| സ്ത്രീകൾ | : 14166 |
| പട്ടികവർഗ്ഗം ആകെ ജനസംഖ്യ | : 3224 |
| പട്ടിക വർഗ്ഗം പുരുഷൻമാർ | :1605 |
| പട്ടിക വർഗ്ഗം സ്ത്രീകൾ | : 1619 |
| പട്ടികജാതി ആകെ ജനസംഖ്യ | : 308 |
| പട്ടികജാതി പുരുഷൻമാർ | :144 |
| പട്ടികജാതി സ്ത്രീകൾ | :164 |
| ജനസാന്ദ്രത | :356 / ച.കി.മി |
| സ്ത്രീ പുരുഷാനുപാതം | : 1000 : 946 |
| സാക്ഷരത നിരക്ക് | : 92.3 |

ഉൾപ്പെടുന്ന വില്ലേജുകൾ : കരിന്തളം, കിനാനൂർ, പരപ്പ ,
ഭീമനടി(കുറച്ച ഭാഗങ്ങൾ),ചീമേനി II(കുറച്ച ഭാഗങ്ങൾ)

## അതിരുകൾ

| | | |
|---|---|---|
| കിഴക്ക് | : | വെസ്റ്റ് എളേരി, ബളാൽ പഞ്ചാത്തുകൾ |
| പടിഞ്ഞാറ് | : | നിലേശ്വരം മുൻസിപാലിറ്റി , മടിക്കൈ പഞ്ചായത്തുകൾ |
| വടക്ക് | : | കോടോം-ബേളൂർ, മടിക്കൈ പഞ്ചായത്തുകൾ |
| തെക്ക് | : | കാര്യംകോട് പുഴ, കയ്യൂർ ചീമേനി പഞ്ചായത്ത് |



# കിനാനൂർ കരിന്തളം ഗ്രമപഞ്ചായത്ത്

## പതിനാലാം പഞ്ചവൽസര പദ്ധതി -2022-2027

## വാർഷിക പദ്ധതി 2022-2023

## <u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

## വിഷയ മേഖല -1. പൊതുഭരണവും ധനകാര്യവും

## വർക്കിംഗ് ഗ്രൂപ്പ്അംഗങ്ങളുടെ വിവരങ്ങൾ

| ക്രമനമ്പർ | അംഗത്തിൻറെപേര്,വിലാസം | ഫോൺ നമ്പര്, ഇ-മെയിൽ ഐ.ഡി | നിലവിൽവർക്കിംഗ് ഗ്രൂപ്പ് അംഗമാണോ | വർക്കിംഗ്ഗ്രൂപ്പിലെ സ്ഥാനം* | സ്ത്രീ/പു. | ജനറൽ/എസ്.സി./എസ്.ടി. | വിദ്യാഭ്യാസയോഗ്യത | വൈദഗ്ദ്ധ്യം പരിചയം | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1 | ടി..പി.ശാന്ത | 7560851033 | അതെ | ചെയർമാൻ | സ്ത്രീ | ജനറൽ | എസ്.എസ്.എൽ .സി | പൊതു പ്രവർത്തനം | വൈസ് പ്രസിഡണ്ട് |
| 2 | കെ. കുമാരൻ | 9446282647 | അതെ | വൈസ്ചെയർമാൻ | പുരുഷൻ | ജനറൽ | ബിരുദം | പൊതു പ്രവർത്തനം | കൃഷി |
| 3 | മനോജ് എൻ. | 9446304450 | അതെ | സെക്രട്ടറി | പുരുഷൻ | ജനറൽ | ബിരുദം | സർക്കാർസർവ്വീസ് | സെക്രട്ടറി |
| 4 | സുരേഷ് അരിയിൽ | 9745003845 | അതെ | അക്കൌണ്ടൻറ് | പുരുഷൻ | ജനറൽ | ബിരുദം | സർക്കാർസർവ്വീസ് | അക്കൌണ്ടന്റ് |
| 5 | മൊയ്തു പി. പരപ്പ | 9526698975 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ .സി | പൊതു പ്രവർത്തനം | കൃഷി |
| 6 | പി.പ്രകാശൻ | 940049169 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ .സി | പൊതു പ്രവർത്തനം | കൃഷി |
| 7 | പി.ശാർങ്ങി | 9496357605 | അതെ | അംഗം | പുരുഷൻ | ജനറൽ | ബിരുദം | പൊതു പ്രവർത്തനം | സഹകരണം |
| 8 | കെ.പി. ബാലകൃഷ്ണൻ | 9605983444 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ .സി | പൊതു പ്രവർത്തനം | കൃഷി |
| 9 | ജോസ് പനയ്ക്കാതോട്ടം | 9447464155 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ .സി | പൊതു പ്രവർത്തനം | കൃഷി |
| 10 | പി.വി. ഭാസ്കരന് | 9495416916 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ .സി | പൊതു പ്രവർത്തനം | കൃഷി |
| 11 | പി.ചന്ദ്രൻ | 7559957770 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ .സി | പൊതു പ്രവർത്തനം | കൃഷി |
| 12 | എം. ശശിധരൻ | 9497602637 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ .സി | പൊതു പ്രവർത്തനം | കൃഷി |
| 13 | പി.എൻ. രാജ്മോഹൻ | 9846993297 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ .സി | പൊതു പ്രവർത്തനം | കൃഷി |
| 14 | അഡ്വ.ലോജിത് | 949635779 | അതെ | അംഗം | പുരുഷൻ | ജനറൽ | ഡിഗ്രി | പൊതു പ്രവർത്തനം | കൃഷി |

# അദ്ധ്യായം1(1)

# 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

## പൊതുഭരണവും സേവനവും

ജനകീയാസൂത്രണത്തിന്റെയും വികേന്ദ്രീകരണ പ്രക്രിയയുടെയും വിജയം സദ്ഭരണത്തിലും അതിന്റെ ഭാഗമായുള്ള കാര്യക്ഷമമായ സേവന പ്രദാനത്തിലുമാണ് നിലകൊള്ളുന്നത്.ജനകീയാസൂത്രണം ആരംഭിക്കുന്നതിന് മുമ്പ് പഞ്ചായത്തിന്റെ ചുമതലകളും അധികാരങ്ങളും വളരെ പരിമിതമായിരുന്നു.ജനകീയാസൂത്രണത്തിലൂടെ ചുമതലാബോധത്തിലൂന്നിയുള്ള അധികാര വികേന്ദ്രീകരണമാണ് സാധ്യമായത്.അതായത് ഓരോ അധികാരവും അധിഷ്ഠിതമായിരിക്കുന്നത് ജനങ്ങളോടുള്ള ഒരു കൂട്ടം ചുമതലകളിലാണ്.ജനസേവനം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് ഓഫീസുകളിൽ സാങ്കേതിക വിദ്യയുടെ സഹായം കൂടി വിളക്കിച്ചേർക്കാന് 1999 ല് ഇൻഫർമേഷന് കേരളാ മിഷന്(IKM) രൂപീകൃതമായി.2000 ൽ നമ്മുടെ പഞ്ചായത്തില് കമ്പ്യൂട്ടറൈസേഷന് തുടക്കമിട്ടു.2010-11 ഓടുകൂടി 12 ഓളം സോഫ്റ്റ്വെയറുകള് IKM വികസിപ്പിച്ചു.സോഫ്റ്റ്വെയറുകളുടെ ആധിക്യം വിവിധ അപേക്ഷകൾക്ക് ഏത് സോഫ്റ്റ്വെയറുകളാണ് ഉപയോഗിക്കേണ്ടതെന്ന സംശയം പൊതുജനങ്ങളിൽ വരുത്താനിടയുണ്ടെന്നതിനാല് വിവിധതരം അപേക്ഷകളും ഫയൽമാനേജ്മെന്റും ഒറ്റ ഓൺലൈന് പ്ലാറ്റ്ഫോമില് കൊണ്ടുവരിക എന്ന ഉദ്ദേശത്തോടുകൂടിയാണ് IKM ന്റെ സഹായത്തോടെ ILGMS(ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം)നടപ്പിലാക്കിയിരിക്കുന്നത് .06.09.2021 തീയ്യതിയിൽ നമ്മുടെ പഞ്ചായത്തില് ILGMS നടപ്പാക്കി.ഇതോടുകൂടി പൊതുജനങ്ങൾക്ക് 223 ഓളം സേവനങ്ങള് ഓൺലൈനായി നൽകാന് സാധിക്കും.പൊതുജനങ്ങൾക്ക് സേവനങ്ങള് കാര്യക്ഷമമായും സമയബന്ധിതമായും നൽകുന്നതിന് ILGMS ഉൾപ്പെടെയുള്ള സോഫ്റ്റ്വെയറുകള് ഇനിയും പൂർണത കൈവരിക്കേണ്ടതുണ്ട്.ഇ ഗവേണൻസ് വളരെ മികച്ച രീതിയിൽത്തന്നെ നടപ്പാക്കേണ്ടതുണ്ട്.ജനകീയാസൂത്രണത്തിന് മുൻപുള്ള കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ പഞ്ചായത്ത് ഓഫീസും ഘടക സ്ഥാപനങ്ങളും ഭൌതീക

സാഹചര്യങ്ങളിലും അടിസ്ഥാന വികസനത്തിലും പൊതുജനങ്ങൾക്കുള്ള സേവന പ്രദാനത്തിലും ഏറെ മുന്നോട്ടുപോയിട്ടുണ്ടെന്ന് നമുക്ക് വിലയിരുത്താന് സാധിക്കും

## ധനകാര്യം

വികസന ആസൂത്രണത്തിന്റെ വിജയകരമായ നടത്തിപ്പിന് സാമ്പത്തിക അടിത്തറ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. 1996 ലെ ജനകീയാസൂത്രണത്തിലൂടെ അധികാരവും പദ്ധതി വിഹിതവും തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് വരെ തദ്ദേശ സ്ഥാപനങ്ങളുടെ ധനാഗമന മാർഗ്ഗങ്ങളും സാമ്പത്തിക അടിത്തറയും പരിമിതമായിരുന്നു. 1996 കാലഘട്ടത്തിലെ നമ്മുടെ പഞ്ചായത്തിന്റെ വരവ് ചെലവുകളും ഇന്നത്തെ വരവ് ചെലവുകളും പട്ടികയായി ചുവടെ ചേർക്കുന്നു.ഈ പട്ടികകൾ താരതമ്യംചെയ്യുമ്പോള് മനസ്സിലാകുന്ന കാര്യം തനത് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ചെലവിലും അതിനനുസരിച്ചുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നതാണ്.ജനകീയാസൂത്രണത്തിലൂടെ പഞ്ചായത്തിന് വിവിധ അധികാരങ്ങൾ ലഭിച്ചെങ്കിലും അതോടൊപ്പംതന്നെ വിവിധങ്ങളായ ചുമതലകളും ലഭിച്ചിട്ടുണ്ട്.

ഈ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്നതിന് തനത് വരുമാന വർദ്ധിപ്പിച്ചുകൊണ്ട് ശക്തമായ ഒരു സാമ്പത്തിക അടിത്തറ ഉണ്ടാക്കേണ്ടത് അനിവാര്യമാണ്.നികുതികൾ കാലോചിതമായി പരിഷ്കരിച്ചുകൊണ്ടും,സംരംഭകത്വ പ്രോത്സാഹന നയങ്ങൾ രൂപീകരിച്ചുകൊണ്ടും ഇക്കാര്യത്തില് സർക്കാരിന് തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കാനാകും.

വികസന ആസൂത്രണത്തിന്റെ വിജയകരമായ നടത്തിപ്പിന് സമ്പന്നമായ സാമ്പത്തിക അടിത്തറ ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റും വിഭവസമാഹരണവും വളരെ പ്രാധാന്യമർഹിക്കുന്നു.വിഭവ സമാഹരണം രണ്ടിനങ്ങളിലായി തരംതിരിക്കാം.

**1) നികുതിയിനം** **2) നികുതിയേതരയിനം**

നികുതിയിനത്തിൽ കെട്ടിട നികുതി,തൊഴിൽ നികുതി, വിനോദ നികുതി, സംസ്ഥാന നികുതിവിഹിതം എന്നിവയുൾപ്പെടുന്നു. നികുതിയേതര ഇനത്തിൽ ഫീസുകൾ, സർചാർജ്ജുകൾ, കച്ചവട ലൈസൻസ്, ആസ്തികളിൽ നിന്നുള്ള വരുമാനം, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ പദ്ധതി വിഹിതം, മറ്റു വകുപ്പുകളിൽ നിന്നുള്ള ധനം എന്നിവ ഉൾപ്പെടുന്നു.

ജനകീയാസൂത്രണത്തിന് മുമ്പ് പദ്ധതി വിഹിതം ഇനത്തിലുള്ള തുക പഞ്ചായത്തിന് ലഭ്യമായിരുന്നില്ല. ജനകീയാസൂത്രണത്തിലൂടെയാണ് പദ്ധതി വിഹിതം പഞ്ചായത്തിന് ലഭ്യമായി തുടങ്ങിയത്. ജനകീയാസൂത്രണ പദ്ധതിയിലൂടെ കോടികളുടെ അടങ്കലുള്ള പദ്ധതി നിർവ്വഹണമാണ് പഞ്ചായത്ത് നടത്തിവരുന്നത്. 96 കാലഘട്ടത്തിൽ പഞ്ചായത്തിന്റെ വിഭവ സ്രോതസ്സുകൾ പരിമിതമായിരുന്നുവെങ്കിൽ ഇന്ന് പഞ്ചായത്തിന്റെ വിഭവസമാഹരണ വളരെ വിശാലമാണെന്ന് മാത്രമല്ല തുക ചെലവഴിക്കുന്നതിലും ഏറെ കാര്യക്ഷമമാവാൻ കഴിഞ്ഞിട്ടുണ്ട്.

# അദ്ധ്യായം1(2)

## ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

കൂട്ടായ്മയിലൂടെയുള്ള പ്രവത്തനത്തിനും നാടാഗ്രഹിക്കുന്ന വികസനത്തിനും വ്യത്യസ്തവും നവീനവുമായ പ്രാദേശിക സംവിധാനങ്ങള് ഉണ്ടാവുകയെന്ന സ്വപ്നത്തിന് കേരളം തുടക്കമിട്ടത് ജനകീയാസൂത്രണമെന്ന വികസന പരിപ്രേക്ഷ്യത്തിലൂടെയായിരുന്നു.1996 ലെ ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്ത് പഞ്ചായത്തിന്റെ ധനസ്ഥിതി വളരെ പരിമിതമായിരുന്നു. വികസന സ്ഥിതിയിൽ വളരെ പിന്നോക്കമായിരുന്നു നമ്മുടെ പഞ്ചായത്ത്. ജനകീയാസൂത്രണ പദ്ധതികളിലൂടെ ലഭ്യമായ ഫണ്ടും വികസന ലക്ഷ്യങ്ങളും പഞ്ചായത്തിന്റെ ഇന്നത്തെ വികസന സ്ഥിതി വിശേഷത്തിന് കാരണമായി.

വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് വിജയകരമായി നടപ്പാക്കുന്നതോടൊപ്പംതന്നെ ജനങ്ങൾക്ക് നൽകേണ്ട വിവിധ സേവനങ്ങൾ കാര്യക്ഷമമായി നൽകാൻ പഞ്ചായത്തുകളെ വളരെ മെച്ചപ്പെട്ട രീതിയിലേക്ക് ഉയർത്തുന്നതിന് ജനകീയാസൂത്രണത്തിലൂടെ സാധിച്ചു.സേവന നിലവാരത്തിൽ പഞ്ചായത്തിനെ ISO സ്റ്റാൻഡേഡിലേക്ക് ഉയർത്തുന്നതിനും സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് ഓൺലൈൻ സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിനും ജനസേവനത്തിനായി ഫ്രണ്ട് ഓഫീസ് സംവിധാനം ആവിഷ്കരിച്ചുകൊണ്ട് ജനസേവന കേന്ദ്രമായി പഞ്ചായത്തിന് മാറാൻ കഴിഞ്ഞതും ജനകീയാസൂത്രണത്തിന്റെ ഗുണഫലങ്ങളാണ്

സദ്ഭരണത്തിൽ ചിട്ടയായ ധനകാര്യ മാനേജ്മെന്റിന് വളരെയധികം പ്രാധാന്യമുണ്ട്. പഞ്ചായത്തിന്റെ ധനകാര്യ രംഗത്ത് ചിട്ടയായതും നയപരവുമായ നേതൃത്വം നൽകുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. പ്രാദേശികമായ സാമ്പത്തിക വികസനത്തിന്റെ കുറവും നികുതിയിൽ അനുപാതീകമായ വർദ്ധനവ് ഉണ്ടാകാത്തതുമാണ് ഇതിന് കാരണമെന്ന് വിലയിരുത്താം . എങ്കിലും ജനകീയാസൂത്രണത്തിലൂടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി പഞ്ചായത്തിന് ലഭ്യമായ ഫണ്ട് അനേകം പ്രതിബന്ധങ്ങൾക്കിടയിലും ഫലപ്രദമായി

ചെലവഴിച്ച് വികസനാവശ്യങ്ങൾ യാഥാർത്ഥ്യമാക്കാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്. ലഭ്യമാകേണ്ട നികുതി വരുമാനം 100 ശതമാനം പിരിച്ചെടുക്കുന്നതിന് ഈ കഴിഞ്ഞ വർഷങ്ങളിലെല്ലാം നമ്മുടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

പൊതുഭരണം മികച്ചതാകണമെങ്കിൽ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായിരിക്കണം. 2017- ൽ ISO സർട്ടിഫിക്കേഷനിലൂടെ സേവന മികവ് നേടാൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചു. പഞ്ചായത്ത് ഓഫീസിന്റെയും ഘടക സ്ഥാപനങ്ങളുടെയും വികസനത്തിലും ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ ജനകീയാസൂത്രണ പദ്ധതികളിലൂടെ നമ്മുക്ക് സാധിച്ചു. സേവനം കാര്യക്ഷമമായും സമയബന്ധിതമായും ജനങ്ങൾക്ക് നൽകന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനവും ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ കമ്പ്യൂട്ടറൈസേഷനും ഇ – ഗവേണൻസും യാഥാർത്ഥ്യമാക്കിക്കൊണ്ട് സേവന പ്രദാനത്തിൽ മികവ് കൈവരിക്കുന്നതിന് സാധിച്ചു. ഇന്റർഗ്രേറ്റ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) ലൂടെ പഞ്ചായത്തിന്റെ സേവനങ്ങൾ ഓൺലൈനാക്കുന്നതിന് സാധിച്ചു. സിറ്റിസൺ പോർട്ടലിലൂടെ 223 സേവനങ്ങൾപൊതുജനങ്ങൾക്ക് നൽകാൻ സാധിക്കും.

## പഞ്ചായത്തിന്റെ തനത് വരുമാനം- ചെലവുകൾ സംബംന്ധിച്ച വിവരങ്ങൾ

1991 മുതൽ 1996 വരെയുള്ള വരവ് സംബന്ധിച്ച പട്ടിക

| Sl no | ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 45327.00 | 45327.00 | 52493.00 | 113786.00 | 361139.00 |
| 2 | തൊഴിൽ നികുതി | 48580.00 | 48600.00 | 31254.00 | 103275.00 | 86050.00 |
| 3 | വിനോദ നികുതി | 24642.00 | 33230.00 | 31678.00 | 37457.00 | 41577.00 |
| 4 | സ്റ്റാമ്പ് ഡ്യൂട്ടി | 105798.00 | - | 297603.00 | 169978.00 | 171982.00 |
| 5 | ലേലം | 450.00 | - | 320.00 | - | 1436.00 |
| 6 | കച്ചവട ലൈസൻസ് ഫ്രീ | 4031.00 | - | 3109.00 | 540.00 | 5022.00 |
| 7 | ഉപാധിരഹിത നിധി | 222000.00 | 222000.00 | 226000.00 | 311300.00 | 324740.00 |
| 8 | അടിസ്ഥാന നികുതി | 118083.00 | - | 119535.00 | 16755.00 | 134955.00 |

| | | | | | | |
|---|---|---|---|---|---|---|
| | വിഹിതം | | | | | |
| 9 | വാഹന നികുതി വിഹിതം | 264053.00 | 264053.00 | 3000000.00 | - | 661650.00 |
| 10 | റോഡ് പരിപാലന വിഹിതം | 54154.00 | 54184.00 | 54731.00 | 54530.00 | 57258.00 |
| 11 | സ്വാശ്രയ പഞ്ചായത്ത് | - | - | - | - | 200000.00 |
| 12 | ജെ .ആർ. വൈ. | 177000.00 | 635000.00 | 171872.00 | 400000.00 | 150000.00 |
| | **ആകെ** | **1064518.00** | **1302394.00** | **1298595.00** | **1227621.00** | **2195828.00** |

(അവലംബം 1996 ലെ സമഗ്രവികസന രേഖ)

**1991 മുതൽ 1996 വരെയുള്ള ചെലവ് സംബന്ധിച്ച പട്ടിക**

| Sl No | ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | ശമ്പളം | 223626.00 | 203580.50 | 207966.90 | 263485.00 | 291337.00 | |
| 2 | മരാമത്ത് | 150191.37 | 133660.95 | 188596.00 | 308933.00 | 483533.00 | |
| 3 | മറ്റുവക | 54176.55 | 61963.00 | 57021.20 | 793460.00 | 1234070.00 | |
| | **ആകെ** | **427993.92** | **399204.45** | **433584.10** | **1365878.00** | **2008930.00** | |

(അവലംബം 1996 ലെസമഗ്രവികസന രേഖ)

## കഴിഞ്ഞ 5 വർഷകാലത്തെ വരുമാനം

| ഇനം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| വസ്തു വികുതി | 2972367 | 2994680 | 3248243 | 3735314 | 4325379 |
| തൊഴിൽ നികുതി | 1473480 | 1617630 | 1768980 | 1786010 | 1804440 |
| ലൈസൻസ് ഫീസ് | 25200 | 114300 | 148000 | 148200 | 190500 |
| വാടക | 294496 | 309908 | 308559 | 312132 | 291656 |
| ഫീ & യൂസർ ചാർജ് | 374683 | 725158 | 1331160 | 599942 | 804418 |
| ഫോറം വിൽപ്പന | 499155 | 135212 | 128294 | 129442 | 255997 |
| ബാങ്ക് അക്കൌണ്ടിൽ നിന്നുള്ള പലിശ | 136671 | 57166 | 49726 | 157799 | 229385 |
| പോസ്റ്റൽ ചാർജ് | 9085 | 100454 | 7790 | 14245 | 93188 |
| പരമ്പരാഗത ചുമതല ഫണ്ട് | 8655696 | 9385000 | 10558980 | 12204269 | 12671364 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് | 22865266 | 29270613 | 41145491 | 46175732 | 87312741 |
| സാമൂഹ്യ സുരക്ഷ പെൻഷൻ തുക | 41886850 | 43622600 | 48336900 | 14084100 | 62898100 |
| സംസ്ഥാനാവിഷ്കൃത പദ്ധതിയും മറ്റുള്ളവയും | 1853021 | 19199681 | 1527350 | 3468008 | 3722489 |

## കഴിഞ്ഞ 5 വർഷകാലത്തെ ചെലവ്

| ഇനം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| ശമ്പളം | 8549354 | 8685250 | 9534957 | 9563125 | 9586076 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 22865266 | 29270613 | 41145491 | 46175732 | 87312741 |
| കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലന ചെലവ് | 187460 | 175882 | 261603 | 278237 | 278908 |
| സാമൂഹ്യ സുരക്ഷ പെൻഷൻ | 41886850 | 43622600 | 48336900 | 14084100 | 62898100 |
| സംസ്ഥാനാവിഷ്കൃത പദ്ധതിയും മറ്റുള്ളവയും | 1853021 | 3484700 | 3688095 | 5415142 | 6963044 |

## 1997-1998 മുതൽ 2001-2002 വരെ പഞ്ചായത്തിന് ലഭ്യമായ പദ്ധതി വിഹിതവും വിനിയോഗിച്ച തുകയും

| ക്രമ നമ്പർ | വർഷം | പൊതു പദ്ധതി | | | പ്രത്യേക ഘടക പദ്ധതി | | | പട്ടികവർഗ്ഗ ഉപ പദ്ധതി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | അനുവദിച്ച വാർഷിക ബഡ്ജറ്റ് | ലഭ്യമാക്കിയ പദ്ധതി വിഹിതം | വിനിയോഗിച്ച പദ്ധതി വിഹിതം | അനുവദിച്ച വാർഷിക ബഡ്ജറ്റ് | ലഭ്യമാക്കിയ പദ്ധതി വിഹിതം | വിനിയോഗിച്ച പദ്ധതി വിഹിതം | അനുവദിച്ച വാർഷിക ബഡ്ജറ്റ് | ലഭ്യമാക്കിയ പദ്ധതി വിഹിതം | വിനിയോഗിച്ച പദ്ധതി വിഹിതം | അനുവദിച്ച വാർഷിക ബഡ്ജറ്റ് | ലഭ്യമാക്കിയ പദ്ധതി വിഹിതം | വിനിയോഗിച്ച പദ്ധതി വിഹിതം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1997-1998 | 2734000 | 2734000 | 2646505 | 1099000 | 1099000 | 1060130 | 0 | 0 | 0 | 3833000 | 3833000 | 3706635 |
| 2 | 1998-1999 | 4220000 | 4220000 | 3084073 | 1124000 | 1124000 | 951891 | 0 | 0 | 0 | 5344000 | 5344000 | 4035964 |
| 3 | 1999 - 2000 | 4777000 | 4713227 | 4802876 | 980000 | 980000 | 540097 | 0 | 0 | 0 | 5757000 | 5693227 | 5342973 |
| 4 | 2000-2001 | 4778000 | 3583500 | 3144953 | 1080000 | 810000 | 563960 | 0 | 0 | 0 | 5858000 | 4393500 | 3708913 |
| 5 | 2001-2002 | 3988000 | 2991000 | 2908082 | 887000 | 665250 | 531902 | 0 | 0 | 0 | 4875000 | 3656250 | 3439984 |
| ആകെ | | **20497000** | **18241727** | **16586489** | **5170000** | **4678250** | **3647980** | **0** | **0** | **0** | **25667000** | **22919977** | **20234469** |

## 2002-2003മുതൽ 2006-2007 വരെ പഞ്ചായത്തിന് ലഭ്യമായ പദ്ധതി വിഹിതവും വിനിയോഗിച്ച തുകയും

| ക്രമ നമ്പർ | വർഷം | പൊതു പദ്ധതി (1) | | | | പ്രത്യേക ഘടക പദ്ധതി (2) | | | | പട്ടികവർഗ്ഗ ഉപ പദ്ധതി (3) | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പ്രതീക്ഷിത ബഡ്ജറ്റ് | അനുവദിച്ച വാർഷിക ബഡ്ജറ്റ് | ലഭ്യമാക്കിയ പദ്ധതി വിഹിതം | വിനിയോഗിച്ച പദ്ധതി വിഹിതം | പ്രതീക്ഷിത ബഡ്ജറ്റ് | അനുവദിച്ച വാർഷിക ബഡ്ജറ്റ് | ലഭ്യമാക്കിയ പദ്ധതി വിഹിതം | വിനിയോഗിച്ച പദ്ധതി വിഹിതം | പ്രതീക്ഷിത ബഡ്ജറ്റ് | അനുവദിച്ച വാർഷിക ബഡ്ജറ്റ് | ലഭ്യമാക്കിയ പദ്ധതി വിഹിതം | വിനിയോഗിച്ച പദ്ധതി വിഹിതം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2002-2003 | 6275490 | 5639000 | 4229250 | 2897577 | 1648294 | 1550000 | 1162500 | 446781 | 0 | 0 | 0 | 0 |
| 2 | 2003-2004 | 5821000 | 5325000 | 5932250 | 6330212 | 1505000 | 1518000 | 1676500 | 527665 | 0 | 0 | 0 | 0 |
| 3 | 2004-2005 | 7540000 | 7273000 | 0 | 4674646 | 165000 | 0 | 0 | 338685 | 981500 | 1963000 | 0 | 56636 |
| 4 | 2005-2006 | 7585450 | 7069000 | 7069000 | 6329612 | 499000 | 1200000 | 1200000 | 1029790 | 1410000 | 998000 | 998000 | 803650 |
| **ആകെ** | | **27221940** | **25306000** | **17230500** | **20230500** | **3817294** | **4268000** | **4039000** | **2342921** | **2391500** | **2961000** | **998000** | **860286** |

## 2002-2003മുതൽ 2006-2007 വരെ പഞ്ചായത്തിന് ലഭ്യമായ പദ്ധതി വിഹിതവും വിനിയോഗിച്ച തുകയും

| ക്രമ നമ്പർ | വർഷം | ഇ. എഫ്.സി (4) | | | | ആകെ മൊത്തം (1+2+3+4) | | | |
|---|---|---|---|---|---|---|---|---|---|
| | | പ്രതീക്ഷിത ബഡ്ജറ്റ് | അനുവദിച്ച വാർഷിക ബഡ്ജറ്റ് | ലഭ്യമാക്കിയ പദ്ധതി വിഹിതം | വിനിയോഗിച്ച പദ്ധതി വിഹിതം | പ്രതീക്ഷിത ബഡ്ജറ്റ് | അനുവദിച്ച വാർഷിക ബഡ്ജറ്റ് | ലഭ്യമാക്കിയ പദ്ധതി വിഹിതം | വിനിയോഗിച്ച പദ്ധതി വിഹിതം |
| 1 | 2 | 15 | 16 | 17 | 18 | 19 | 20 | 21 | 22 |
| 1 | 2002-2003 | 800000 | 661000 | 495750 | 230485 | 8723784 | 7850000 | 5887500 | 3574843 |
| 2 | 2003-2004 | 0 | 661000 | 727050 | 607291 | 7326000 | 7504000 | 8335800 | 7465168 |
| 3 | 2004-2005 | 0 | 922000 | 0 | 257330 | 8686500 | 10158000 | 0 | 5327297 |
| 4 | 2005-2006 | 0 | 0 | 0 | 0 | 9494450 | 9267000 | 9267000 | 8163052 |
| **ആകെ** | | 800000 | 2244000 | 1222800 | 1095106 | 34230734 | 34779000 | 23490300 | 24530360 |

## 2016-17 മുതൽ 2020-2021 വരെയുള്ള പദ്ധതി ഇനത്തിലുള്ള വരവ് ചെലവ് കണക്ക്

| ക്രമ നമ്പർ | സ്രോതസ് | 2016-2017 | | 2017-2018 | | 2018-2019 | | 2019-2020 | | 2020-2021 | |
|---|---|---|---|---|---|---|---|---|---|---|---|
| | | ലഭിച്ച/വകയിരുത്തിയ തുക(രൂപ) | വിനിയോഗിച്ച തുക | ലഭിച്ച/വകയിരുത്തിയ തുക(രൂപ) | വിനിയോഗിച്ച തുക | ലഭിച്ച/വകയിരുത്തിയ തുക(രൂപ) | വിനിയോഗിച്ച തുക | ലഭിച്ച/വകയിരുത്തിയ തുക(രൂപ) | വിനിയോഗിച്ച തുക | ലഭിച്ച/വകയിരുത്തിയ തുക(രൂപ) | വിനിയോഗിച്ച തുക |
| 1 | **വികസന ഫണ്ട്** | | | | | | | | | | |
| | പൊതു വിഭാഗം | 16613872 | 16610052 | 20824000 | 16609920 | 23714486 | 23677184 | 19464000 | 18220687 | 21036000 | 21036000 |
| | പട്ടികജാതി ഉപപദ്ധതി | 6428841 | 6308841 | 7373000 | 4302049 | 785000 | 750587 | 796000 | 796000 | 742000 | 742000 |
| | പട്ടികവർഗ്ഗ ഉപപദ്ധതി | 11205 | 11205 | 13000 | 0 | 7161000 | 6349947 | 7255000 | 6072399 | 8467104 | 8467104 |
| 2 | ധനകാര്യ കമ്മീഷൻ വിഹിതം | 9315563 | 9233566 | 11632902 | 7170995 | 11007000 | 8260881 | 16058700 | 5538973 | 16760000 | 15860412 |
| | ലോകബാങ്ക് | 4882605 | 4351180 | 514162 | 499288 | - | - | - | - | - | - |
| | കേന്ദ്രാവിഷ്കൃതം | 518971 | 518971 | 500000 | 449647 | 358005 | 358005 | 1032277 | 1032277 | 2236437 | 2236437 |
| | സംസ്ഥാനാവിഷ്കൃതം | 64417 | 64417 | 1496976 | 740837 | 604440 | 604440 | 2580540 | 2580540 | 3337974 | 3337974 |
| 3 | **മെയിന്റനൻസ് ഫണ്ട്** | | | | | | | | | | |
| | റോഡ് | 14491620 | 3379433 | 30715181 | 17716337 | 19186000 | 19144186 | 22428000 | 8039786 | 24087000 | 24087000 |
| | റോഡിതരം | 4375017 | 4358339 | 4951543 | 3934173 | 4763000 | 4084383 | 5570000 | 5046662 | 5980000 | 5980000 |
| 4 | തനത് ഫണ്ട് | 1503850 | 518971 | 6421693 | 3266730 | 6777056 | 2868917 | 13915736 | 4813527 | 22046017 | 10234032 |
| 5 | വായ്പ | | | | | 7440635 | 7440635 | 2033240 | 2033740 | 230000 | 230000 |
| 6 | **ഇതര തദ്ദേശ സ്ഥാപനങ്ങൾ** | | | | | | | | | | |
| | ബ്ലോക്ക് | 227920 | 177920 | 942000 | 942000 | 2760670 | 2760670 | 1882431 | 1882431 | 2249319 | 2249319 |
| | ജില്ല | - | - | 917000 | 917000 | 3237703 | 3237703 | 1193131 | 1193131 | 5088777 | 5088777 |
| ആകെ | | **58433881** | **45532895** | **86301457** | **56548976** | **87794995** | **79537538** | **94209055** | **57250153** | **112260628** | **99549055** |

## സദ്ഭരണം

| സ്ഥാപനങ്ങൾ | നെറ്റ് കണക്റ്റിവിറ്റിയും കമ്പ്യൂട്ടറൈസേഷനും | | അടിസ്ഥാന സൌകര്യങ്ങൾ മികച്ചതാണോ | | ISO നിലവാരം ഉണ്ടോ | |
|---|---|---|---|---|---|---|
| | 1996 | നിലവിലെ സ്ഥിതി | 1996 | നിലവിലെ സ്ഥിതി | 1996 | നിലവിലെ സ്ഥിതി |
| കൃഷിഭവൻ | ഇല്ല | മികച്ചതല്ല | വളരെ പരിമിതം | മികച്ചതല്ല | ഇല്ല | ഇല്ല |
| FHC | ഇല്ല | മികച്ചത് | വളരെ പരിമിതം | വളരെ മികച്ചതല്ല | ഇല്ല | ഇല്ല |
| കാട്ടിപൊയിൽ ആയുർവേദ ഡിസ്പെൻസറി | ഇല്ല | മികച്ചത് | വളരെ പരിമിതം | മികച്ചതല്ല | ഇല്ല | ഇല്ല |
| പരപ്പ ആയുർവേദ ഡിസ്പെൻസറി | ഇല്ല | മികച്ചത് | വളരെ പരിമിതം | മികച്ചതല്ല | ഇല്ല | ഇല്ല |
| കിനാനൂർ ഹോമിയോ ഡിസ്പെൻസറി | ഇല്ല | മികച്ചത് | വളരെ പരിമിതം | മികച്ചതല്ല | ഇല്ല | ഇല്ല |
| കരിന്തളം മൃഗാശുപത്രി | ഇല്ല | മികച്ചത് | വളരെ പരിമിതം | വളരെ മികച്ചത് | ഇല്ല | ഉണ്ട്. |
| വി.ഇ.ഒ ഓഫീസ് | ഇല്ല | മികച്ചതല്ല | വളരെ പരിമിതം | മികച്ചതല്ല | ഇല്ല | ഇല്ല |
| എ.ഇ എൽ.എസ്.ജി.ഡി ഓഫീസ് | ഇല്ല | മികച്ചത് | വളരെ പരിമിതം | വളരെ മികച്ചതല്ല | ഇല്ല | ഇല്ല |
| ഗവ. എൽ.പി. സ്കൂൾ വടക്കേപുലിയന്നൂർ | ഇല്ല | മികച്ചത് | വളരെ പരിമിതം | വളരെ മികച്ചതല്ല | ഇല്ല | ഇല്ല |
| ഗവ. യു.പി. സ്കൂൾ കുവാറ്റി | ഇല്ല | മികച്ചത് | വളരെ പരിമിതം | വളരെ മികച്ചതല്ല | ഇല്ല | ഇല്ല |
| ഗവ. എൽ.പി. സ്കൂൾ കിനാനൂർ | ഇല്ല | മികച്ചത് | വളരെ പരിമിതം | വളരെ മികച്ചതല്ല | ഇല്ല | ഇല്ല |
| ഗവ. എൽ.പി. സ്കൂൾ പെരിയങ്ങാനം | ഇല്ല | മികച്ചത് | വളരെ പരിമിതം | വളരെ മികച്ചതല്ല | ഇല്ല | ഇല്ല |

ഇ- ഗവേണൻസ്

ഭരണനിർവ്വഹണവും സേവന നിലവാരവും മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് ഓഫീസിൽ നിലവിൽ ഉപയോഗിക്കുന്ന ഇ-ഗവേണൻസ് സോഫ്റ്റ് വെയറുകൾ

| ക്രമ നമ്പർ | സോഫ്റ്റ് വെയറുകൾ | ഉപയോഗം |
|---|---|---|
| 1 | സുലേഖ | പദ്ധതി രൂപീകരണം , അംഗീകാര നിർവ്വഹണം |
| 2 | സേവന സിവിൽ രജിസ്ട്രേഷൻ | ജനന/മരണ/വിവാഹ രജിസ്ട്രേഷൻ |
| 3 | സേവന പെൻഷൻ | സാമൂഹ്യ സുരക്ഷാ പെൻഷൻ |
| 4 | സഞ്ചയ | വസ്തുനികുതി,തൊഴിൽ നികുതി ,DSO, PFA ലൈസൻസ് |
| 5 | സങ്കേതം | കെട്ടിട നിർമ്മാണ പെർമിറ്റ് |
| 6 | സകർമ്മ | യോഗ നടപടിക്രമങ്ങൾ |
| 7 | സാംഖ്യ | വരവ് ചെലവുകൾ അക്കൌണ്ട് ചെയ്യുന്നതിന് |
| 8 | സ്ഥാപന | എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് |

06.09.2021 മുതല് പഞ്ചായത്ത് ഓഫീസില് ILGMS സോഫ്റ്റ്വെയര് വിന്യസിക്കുകയും സേവനങ്ങള് ഓൺലൈനാക്കുകയും ചെയ്തിട്ടുണ്ട്.

**പഞ്ചായത്ത് ഓഫീസ് - ISO നിലവാരം വിലയിരുത്തൽ**

| ക്രമ നമ്പർ | ഘടകങ്ങൾ | അവസ്ഥ |
|---|---|---|
| 1 | ഫ്രണ്ട് ഓഫീസ് | തൃപ്തികരം |
| 2 | ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് | നിലവിൽ കാലാവധി കഴിഞ്ഞു.പുതുക്കേണ്ടതുണ്ട്. |
| 3 | ഭൌതിക സൌകര്യങ്ങൾ | മികച്ചതല്ല |
| | ജീവനക്കാർക്ക് | മികച്ചതല്ല |
| | പൊതുജനങ്ങൾക്ക് | മികച്ചതല്ല |
| 4 | ഓഫീസ് ക്രമീകരണങ്ങൾ | മികച്ചതല്ല |
| 5 | ഓഫീസ് ശുചിത്വം | മികച്ചതല്ല |
| 6 | റെക്കോർഡ് റൂം | മികച്ചതല്ല |
| 7 | പൌരാവകാശരേഖ | പ്രസിദ്ധീകരിച്ച |

| | | |
|---|---|---|
| 8 | പ്രദർശന ബോർഡുകൾ | തൃപ്തികരം |
| 9 | ക്വാളിറ്റി സർക്കിൾ | മെച്ചപ്പെടുത്തേണ്ടത് |
| 10 | പരാതി പരിഹാരം | മെച്ചപ്പെടുത്തേണ്ടത് |
| 11 | നിരന്തര പരിശീലനം | മികച്ചത് |
| 12 | തുടർച്ചയായ പ്രവർത്തനം വിലയിരുത്തൽ | മികച്ചത് |
| 13 | ജനാധിപത്യ വേദികളുടെ സജീവത | മികച്ചത് |
| 14 | ഇ-ഗവേണൻസ് – സോഫ്റ്റ് വെയറുകളുടെ പരിപൂർണ്ണത | പരിപൂർണമായിട്ടില്ല |

## പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളും ജീവനക്കാരും(നിലവിലെ സ്ഥിതി)

| ക്രമനമ്പർ | സ്ഥാപനങ്ങൾ | | എണ്ണം | | |
|---|---|---|---|---|---|
| | | | സ്ഥിരം | താല്ക്കാലികം | ആകെ |
| 1 | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസിൽ | | 11 | 2 | 13 |
| 2 | ഘടക സ്ഥാപനങ്ങളിൽ | | 92 | 12 | 104 |
| 3 | മറ്റ് സ്ഥാപനങ്ങൾ | സർക്കാർ | 279 | 8 | 287 |
| | | സർക്കാരിതരം | 252 | 12 | 264 |
| ആകെ | | | 531 | 21 | 552 |

## സ്ഥാപനങ്ങളുടെ വിവരങ്ങള്(നിലവിൽ)

**എ) ഘടക സ്ഥാപനങ്ങൾ**

| സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|
| കൃഷി ഭവൻ | 1 |
| എഫ്.എച്ച്.സി | 1 |
| ആയുർവേദ ഡിസ്പെൻസറി | 2 |
| ഹോമിയോ ഡിസ്പെൻസറി | 2 |
| മൃഗാശുപത്രി | 1 |
| വി.ഇ.ഒ ഓഫീസ് | 2 |
| AE LSGD ഓഫീസ് | 1 |
| FWC | 4 |
| വെറ്റിനറി സബ്സെന്റർ | 4 |
| എൽ.പി സ്കൂൾ | 4 |
| യു.പി സ്കൂൾ | 1 |
| അംഗൻവാടികൾ | 30 |

## (ബി) മറ്റ് സ്ഥാപനങ്ങൾ

| സ്ഥാപനത്തിന്റെ പേര് | എണ്ണം | |
|---|---|---|
| | സർക്കാർ | സർക്കാരിതരം |
| എൽ.പി സ്കൂൾ | 4 | 4 |
| യു.പി സ്കൂൾ | 1 | 4 |
| ഹൈസ്കൂൾ | 2 | 1 |
| ഹയർസെക്കന്ററി സ്കൂൾ | 2 | - |
| വില്ലേജ് ഓഫീസ് | 3 | - |
| മാവേലി സ്റ്റോർ | 1 | - |
| കെ.എസ്.ഇ.ബി | 1 | - |
| പോസ്റ്റ് ഓഫീസ് | 6 | - |
| ബാങ്കുകൾ | - | 12 |
| റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി | 2 | - |
| ബ്ലോക്ക് പ്രോഗ്രാം ഓഫീസ്- ബി.ആർ.സി | 1 | |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി | 1 | |
| അഗ്രിക്കൾച്ചർ അസി. ഡയരക്ടർ ഓഫീസ് | 1 | |
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് | 1 | |
| ശിശു വികസന പദ്ധതി ഓഫീസ് | 1 | |
| പട്ടികജാതി വികസന ഓഫീസ് | 1 | |
| ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ | 1 | |
| **ആകെ** | 29 | 21 |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രേജക്ടിൻറെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | സേവന മേഖല/ പൊതുഭരണം | പഞ്ചായത്താഫീസിന് സോളാർപാനല് സ്ഥാപിക്കൽ | GEN | 371895 | ഓഫീസിന്റെ പ്രവർത്തനത്തിന് സോളാര് എനർജി ലഭ്യമാക്കി വൈദ്യുതി ഉപഭോഗം കുറയ്ക്കുക | ഓഫീസിന്റെ പ്രവർത്തനത്തിന് സോളാർ എനർജി ലഭ്യമാക്കി വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് സാധിച്ചു. | നിലവിൽ ഓഫീസ് പ്രവർത്തനത്തിന് സോളാര് എനർജി ഉപയോഗിക്കാന് സാധിക്കുന്നു.വൈദ്യുതി ഉപഭോഗം കുറക്കാൻ സാധിച്ചു. |
| 2 | സേവന മേഖല/ പൊതുഭരണം | പഞ്ചായത്താഫീസ് ISO നിലവാരത്തിലേക്കെത്തിക്കൽ | GEN | 167133 | ഓഫീസിന്റെ സേവന നിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കല് | ഓഫീസിന്റെ സേവന നിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. | ഓഫീസിന്റെ സേവന നിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സാധിച്ചു.പഞ്ചായത്ത് ഓപീസിന് ISO സർട്ടിഫിക്കേഷന് നേടിയെടുക്കുന്നതിന് സാധിച്ചു. |
| 3 | സേവന മേഖല/ പൊതുഭരണം | പദ്ധതി പ്രവർത്തനങ്ങള് ഡോക്യുമെന്റേഷൻ | GEN | 99900 | 2016-17 മുതൽ 2020-21 വരെയുള്ള പഞ്ചായത്തിന്റെ മാതൃക വികസന പ്രവർത്തനങ്ങൾ,പദ്ധതി പ്രവർത്തനങ്ങള് വീഡിയോ ഡോക്യുമെൻറേഷന് ചെയ്യല് | 2016-17 മുതൽ 2020-21 വരെയുള്ള പഞ്ചായത്തിന്റെ മാതൃക വികസന പ്രവർത്തനങ്ങൾ,പദ്ധതി പ്രവർത്തനങ്ങള് വീഡിയോ ഡോക്യുമെൻറേഷന് ചെയ്യുന്നതിന് സാധിച്ചു | പഞ്ചായത്ത് നടത്തിയ മാതൃകാ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ |

**പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ**

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രേജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| 1. | സേവന മേഖല/ പൊതുഭരണം | പഞ്ചായത്താഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | GEN | 371193 | പഞ്ചായത്താഫീസിൽ ILGMS സേവന സംവിധാനം വിന്യസിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ കാര്യക്ഷമമാക്കൽ | ഉദ്ദേശിച്ച പ്രയോജനം കൈവരിച്ചിട്ടില്ല | സർക്കാര് ഉത്തരവ് പ്രകാരം CPRCS പോർട്ടല് മുഖേന മാത്രമെ കമ്പ്യൂട്ടറുകൾ പർച്ചേസ് ചെയ്യാവൂ എന്നതിനാൽ ആയത് പ്രകാരം IT മിഷനിലേക്ക് തുക മുൻകൂറായി അടവാക്കിയെങ്കിലും കമ്പ്യൂട്ടറുകൾ ഇതുവരെ ലഭ്യമായിട്ടില്ല. | 1.കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുടെയും സ്പെസിഫിക്കേഷൻ മാത്രം IT മിഷൻ ലഭ്യമാക്കുകയും സാധാരണ ടെണ്ടർ മുഖേനയോ, KELTRON ൽ നിന്നും നേരിട്ടോ GEM മുഖേനയോ ലഭ്യതക്കനുസരിച്ച് പർച്ചേസ് ചെയ്യുന്നതിനുള്ള അധികാരം സർക്കാര് പഞ്ചായത്തുകൾക്ക് നൽകുക.<br><br>2.IT മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സർക്കാര് കൈക്കൊള്ളുക. |
| 2 | സേവന മേഖല/ പൊതുഭരണം | ഗ്രാമ സേവാ കേന്ദ്രങ്ങൾ | GEN | 10000 | സേവനങ്ങൾ കാര്യക്ഷമമായി ജനങ്ങളിലേക്ക് എത്തിക്കുക. | ഉദ്ദേശിച്ച പ്രയോജനം കൈവരിച്ചിട്ടില്ല | 1.ഗ്രാമ സേവാ കേന്ദ്രങ്ങൾക്ക് അനുയോജ്യമായ സ്ഥല സൌകര്യങ്ങൾ കണ്ടെത്തുന്നതിന് സാധിക്കാത്തത് | 1.സേവനങ്ങൾക്ക് ഓൺലൈന് സംവിധാനം കാര്യക്ഷമമാക്കുക<br><br>2.സ്ഥല സൌകര്യങ്ങൾ ലഭ്യമായാൽത്തന്നെ മതിയായ ജീവനക്കാരില്ലാത്ത |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | 2.ചുമതലപ്പെടുത്തുന്നതിന് മതിയായ ജീവനക്കാരില്ലാത്തത് | പഞ്ചായത്ത് വകുപ്പിൽ,കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ചുമതലയേൽപ്പിച്ച് കാര്യക്ഷമമായി ഇത്തരം സംവിധാനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനാവില്ലെന്ന യാഥാർത്ഥ്യം സർക്കാര് മനസ്സിലാക്കി സേവനത്തിന് കാര്യക്ഷമമായ ഓൺലൈന് സംവിധാനം യാഥാർത്ഥ്യമാക്കുകയും.കമ്പ്യൂട്ടർ സാക്ഷരത ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികള് കൈക്കൊള്ളുകയും ചെയ്യുക. |

2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രേജക്ടിൻറെ പേര് | So/ New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 1 | പദ്ധതി ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് ചെലവുകൾ | New | GEN | 350000 | പദ്ധതി ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് ചെലവുകൾ | 116689 | പദ്ധതി ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് ചെലവുകൾ | പൂർത്തീകരിച്ചു |
| 2 | 2 | ഐ കെ എം വിഹിതം നൽകൽ | New | GEN | 150000 | കമ്പ്യൂട്ടറൈസേഷൻ കാര്യക്ഷമമാക്കൽ | 130705 | കമ്പ്യൂട്ടറൈസേഷൻ കാര്യക്ഷമമാക്കൽ | പൂർത്തീകരിച്ചു. |
| 3 | 75 | കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എഎംസി | New | GEN | 100000 | കമ്പ്യൂട്ടറൈസേഷൻ കാര്യക്ഷമമാക്കൽ | 95568 | കമ്പ്യൂട്ടറൈസേഷൻ കാര്യക്ഷമമാക്കൽ | തുടരുന്നു |
| 4 | 78 | ജൈവ വൈവിധ്യ രജിസ്റ്റർ പുതുക്കി തയ്യാറാക്കൽ | New | GEN | 75000 | നിലവിലുള്ള ജൈവ വൈവിധ്യ രജിസ്റ്റർ പുതുക്കി തയ്യാറാക്കൽ | 0 | ഇല്ല | തുടരുന്നു |
| 5 | 90 | പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ | New | GEN | 100000 | പഞ്ചായത്ത് ഓഫീസ് അടിസ്ഥാന | 0 | ഇല്ല | തുടരുന്നു |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | സൌകര്യ വികസനം | | | |
| 6 | 139 | കോവിഡ് പ്രതിരോധം ഡിസിസി പരിപാലന പ്രവർത്തനങ്ങൾ | New | GEN | 500000 | കോവിഡ് പ്രതിരോധം | 206336 | കോവിഡ് പ്രതിരോധം | പൂർത്തീകരിച്ചു. |
| 7 | 140 | കോവിഡ് പ്രതിരോധം അനുബന്ധ പ്രവർത്തനങ്ങൾ | New | GEN | 1000000 | കോവിഡ് പ്രതിരോധം | 119765 | കോവിഡ് പ്രതിരോധം | തുടരുന്നു |
| 8 | 178 | കോവിഡ് പ്രതിരോധം ഓക്സിജൻ പ്ലാൻറ് സ്ഥാപിക്കുന്നതിന് ജില്ല പഞ്ചായത്തിന് വിഹിതം നൽകൽ | New | GEN | 400000 | കോവിഡ് പ്രതിരോധം | 400000 | കോവിഡ് പ്രതിരോധം | പൂർത്തീകരിച്ചു |
| 9 | 197 | പരിസ്ഥിതി ,ജൈവ വൈവിധ്യ സംരക്ഷണ പദ്ധതി 2019-20 | So | GEN | 503600 | ജൈവ വൈവിദ്ധ്യ സംരക്ഷണം | 140359 | ജൈവ വൈവിദ്ധ്യ സംരക്ഷണം | തുടരുന്നു |
| 10 | 198 | മേക്കാറളം പള്ളം കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങൽ | So | GEN | 200000 | കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങൽ | 0 | ഇല്ല | തുടരുന്നു |
| 11 | 202 | തൊഴിലുറപ്പ് പദ്ധതി ഓഫീസിലേക്ക് കമ്പ്യൂട്ടർ സ്കാനർ എന്നിവ വാങ്ങൽ | New | GEN | 150000 | കമ്പ്യൂട്ടറൈ സേഷൻ കാര്യ ക്ഷമമാക്കൽ | 113914 | കമ്പ്യൂട്ടറൈ സേഷൻ കാര്യ ക്ഷമമാക്കൽ | പൂർത്തീകരിച്ചു. |
| 12 | 203 | പഞ്ചായത്ത് ഓഫീസിന് ഐ എസ് ഒ സർട്ടിഫിക്കേഷൻ പുതുക്കൽ | New | GEN | 150000 | പഞ്ചായത്ത് ഓഫീസ് സേവന നിലവാരവും കാര്യക്ഷമത യും മെച്ചപ്പെടുത്ത ൽ | 36800 | പഞ്ചായത്ത് ഓഫീസ് സേവന നിലവാരവും കാര്യക്ഷമത യും മെച്ചപ്പെടുത്ത ൽ | തുടരുന്നു |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 13 | 204 | പഞ്ചായത്ത് ഓഫീസിന് യു പി എസ് സ്കാനർ എന്നിവ വാങ്ങൽ | New | GEN | 580000 | കമ്പ്യൂട്ടറൈസേഷൻ കാര്യക്ഷമമാക്കൽ | 479925 | കമ്പ്യൂട്ടറൈസേഷൻ കാര്യക്ഷമമാക്കൽ | പൂർത്തീകരിച്ചു. |
| 14 | 205 | പഞ്ചായത്ത് ഓഫീസിന് അഡീഷണൽ നെറ്റ് വർക്കിംഗ് | New | GEN | 200000 | കമ്പ്യൂട്ടറൈസേഷൻ കാര്യക്ഷമമാക്കൽ | 122649 | കമ്പ്യൂട്ടറൈസേഷൻ കാര്യക്ഷമമാക്കൽ | പൂർത്തീകരിച്ചു. |
| 15 | 206 | പഞ്ചായത്താഫീസിന് ഫർണിച്ചർ വാങ്ങൽ | New | GEN | 2525081 | പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൌകര്യ വികസനം | 1688796 | പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൌകര്യ വികസനം | പൂർത്തീകരിച്ചു. |
| 16 | 207 | എബിസി പദ്ധതി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | New | GEN | 100000 | എബിസി പദ്ധതി നടപ്പാക്കൽ | 100000 | എബിസി പദ്ധതി നടപ്പാക്കൽ | പൂർത്തീകരിച്ചു. |
| 18 | 241 | വാതിൽ പടി സേവന പദ്ധതി | New | GEN | 300000 | വാതിൽ പടി സേവന പദ്ധതി നടപ്പാക്കൽ | 0 | വാതിൽ പടി സേവന പദ്ധതി നടപ്പാക്കൽ | തുടരുന്നു |
| 19 | 257 | മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ | New | GEN | 350000 | മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങല് | 0 | ഇല്ല | തുടരുന്നു |

## അദ്ധ്യായം1(3)

# വെല്ലുവിളികൾ,വികസനവിടവുകൾ,പ്രശ്നവിശകലനം പ്രശ്ന പരിഹാര സാധ്യതകൾ

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്ന തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേസ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാർ തലത്തിൽ | സർക്കാർ ഇതര തലത്തിൽ |
| 1 | സേവന മേഖല/ പൊതുഭരണം | ജീവനക്കാരുടെ അപര്യാപ്തത | പഞ്ചായത്ത് ഓഫീസ് | | | ✓ | 1.പഞ്ചായത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും ഫലപ്രദമായി നിർവ്വഹക്കുന്നതിനും,സമയബന്ധിതമായി സേവനം നൽകുന്നതിനും ആവശ്യമായത്ര ജീവനക്കാരെ സർക്കാര് അനുവദിക്കാത്തത്.<br><br>2.മറ്റ് വകുപ്പുകൾ ചെയ്യേണ്ട ജോലികളും ചുമതലകളും നടപ്പാക്കുന്നതിനായി പഞ്ചായത്തിലേക്ക് | 1.ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തെ കാര്യക്ഷമമാക്കുന്നതിന് കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുക<br><br>2.പൊതുജനങ്ങളുടെ പരാതികളില് ഇടപെട്ട് പരിഹരിക്കുന്നതിന് ജന പ്രതിനിധികളുടെ നേതൃത്വത്തിൽ ഫലപ്രദമായ പരാതി പരിഹാര | | 1. മികച്ച ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കണം<br>2. പഞ്ചായത്തിന്റെ ജോലിഭാരത്തെക്കുറിച്ച് ഫലപ്രദമായ രീതിയിൽ പഠനം നടത്തി ജോലിഭാരം കുറവുള്ള വകുപ്പുകളിൽ നിന്നും | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കൈമാറുന്നത് പഞ്ചായത്തിന്റെ ജോലിഭാരം വർദ്ധിപ്പിക്കുന്നു. | സംവിധാനം നടപ്പിലാക്കുക.<br><br>3.കുടുംബശ്രീ,ഹരിതകർമ്മ സേന എന്നിവരെ ഫലപ്രദമായി ഉപയോഗിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുക | | പഞ്ചായത്തുകളിലേക്ക് ജീവനക്കാരെ മാറ്റി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.<br>3. മറ്റ് വകുപ്പുകളിൽ നിന്നും പദ്ധതികളും പ്രവർത്തനങ്ങളും നടപ്പാക്കുന്നതിനായി പഞ്ചായത്തുകളെ ഏൽപ്പിക്കുമ്പോൾ ആ വകുപ്പിൽ നിന്നും ആവശ്യമായ ജീവനക്കാരെ ക്കൂടി പഞ്ചായത്തിന് വിട്ടുനൽകുക | |
| 2 | സേവന മേഖല/ | മെച്ചപ്പെട്ട ഭൌതീക | പഞ്ചായത്ത് | | | ✓ | നിലവിലുള്ള ഓഫീസ് കെട്ടിടം | 1.പഞ്ചായത്ത് ഓഫീസിന് മികച്ച | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | പൊതുഭരണം | സാഹചര്യങ്ങളില്ലാത്ത ഓഫീസ് | ഓഫീസ് | | | | പഴയതുംഇന്നത്തെ സാഹചര്യത്തിൽ മെച്ചപ്പെട്ട സൌകര്യം ഇല്ലാത്തതുമാണ്. | സർവ്വര് റൂം ,മുഴുവൻ ഫയലുകളുംസൂക്ഷിക്കാൻ സാധിക്കുന്ന വിധത്തിലുള്ള റിക്കാർഡ് റൂം,തടസ്സപ്പെടാത്ത ഇൻറർനെറ്റ് സംവിധാനം ,മതിയായ കമ്പ്യൂട്ടര് അനുബന്ധ ഉപകരണങ്ങൾ,മികച്ച കോൺഫറൻസ് ഹാൾ,മെമ്പർമാർക്കും സന്ദർശകർക്കുമുള്ള ഇരിപ്പിടങ്ങൾ എന്നിവ മെച്ചപ്പെടുത്തേണ്ടതുണ്ട്.ഇലക്ട്രിക്കൽ വയറിംഗ് പഴകിയതിനാൽ റീവയറിംഗ് നടത്തണം.<br><br>2.മെച്ചപ്പെട്ട സൌകര്യങ്ങളോട് കൂടിയ പുതിയഓഫീസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക. | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| 3. | സേവന<br>മേഖല/<br>പൊതുഭ<br>രണം | നിലവിലുള്ള<br>സോഫ്റ്റ്വെ<br>യർ<br>പ്രശ്നങ്ങൾ<br>സേവനം<br>കാര്യക്ഷമമാ<br>യി<br>നൽകുന്നതി<br>ന്<br>തടസ്സമാകു<br>ന്നു. | പഞ്ചായ<br>ത്ത്<br>ഓഫീസ് | | | ✓ | | | | 1.ഇ ഗവേണൻസ്<br>കാര്യക്ഷമമായി<br>നടപ്പിലാക്കുക.<br><br>2.നിലവിലുള്ള<br>സോഫ്റ്റ്വെയറുകളുടെ<br>പ്രശ്നങ്ങൾ അവ<br>ഉപയോഗിക്കുന്ന<br>ജീവനക്കാരിൽ നിന്നും<br>മനസ്സിലാക്കി ആയത്<br>പരിഹിരക്കുന്നതിനും<br>കാലോചിതമായി<br>യഥാസമയം<br>പരിഷ്കരിക്കുന്നതിനും<br>നടപടി സ്വീകരിക്കുക.<br><br>3.സോഫ്റ്റ്വെയര്<br>മുഖേന ലഭ്യമാകേണ്ട<br>പല റിപ്പോർട്ടുകളും<br>മാനുവലായി<br>തയ്യാറാക്കേണ്ടി<br>വരുന്നു. | |
| 4. | ധനകാ<br>ര്യം | പഞ്ചായത്തി<br>ന്<br>ലഭിക്കേണ്ട<br>നികുതികളി<br>ലും | പഞ്ചായ<br>ത്ത്<br>പ്രദേശം | | ✓ | | 1.നികുതികളിലും<br>ഫീസിനത്തിലും<br>സർക്കാര്<br>കാലോചിതമായ<br>വർദ്ധനവ് | 1.പഞ്ചായത്തിന്<br>വരുമാനദായകമായ<br>പ്രോജക്ടുകൾ<br>ആവിഷ്കരിച്ച്<br>നടപ്പാക്കുക. | | 1.നികുതികളിലും<br>ഫീസിനത്തിലും<br>സർക്കാര്<br>കാലോചിതമായ<br>വർദ്ധനവ് | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ഫീസിനത്തില്ലം കാലോചിതമായ വർദ്ധനവ് ഉണ്ടാകാത്തത്തൂലം തനത് വരുമാനത്തിൽ വർദ്ധനവില്ല. | | | | | വരുത്താത്തത് മൂലം<br><br>2.പഞ്ചായത്ത് പ്രദേശത്ത് സംരംഭ യൂണിറ്റുകൾ/വ്യവസായ യൂണിറ്റുകൾ കുറവായത് വരുമാന ലഭ്യതയെ ബാധിക്കുന്നു. | 2.ലഭിക്കാനുള്ള വാടകയിനങ്ങളിൽ കാലോചിതമായ വർദ്ധനവ് വരുത്തുക.<br><br>4.വ്യവസായങ്ങൾ/ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും തൊഴിൽ സാധ്യതകൾ വിപുലീകരിക്കുകയും ചെയ്ത് അത് വഴി പഞ്ചായത്തിന് ലഭിക്കാനുള്ള ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവയിൽ വർദ്ധനവ് ഉണ്ടാക്കാം.<br>4.ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവയിൽ നിന്നും കച്ചവടക്കാർ,വ്യവസായികൾ ആരും തന്നെ ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് ഉണ്ടാക്കുക. | | വരുത്തേണ്ടതുണ്ട്.<br><br>2.സംരംഭങ്ങൾ /വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയങ്ങളും നൂതന ആശയങ്ങളും ആവിഷ്കരിക്കുക. | |

# അദ്ധ്യായം1(4)

## വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1. | സേവനമേഖല/ പൊതുഭരണം | നിലവിലുള്ള പഞ്ചായത്താഫീസിന്റെ സൌകര്യം മെച്ചപ്പെടുത്തുക | ഓഫീസിന്റെ ഭൌതീക സാഹചര്യങ്ങൾ | നിലവിലുള്ള ഓഫീസ് കെട്ടിടം പഴയതുംഇന്നത്തെ സാഹചര്യത്തിൽ മെച്ചപ്പെട്ട സൌകര്യം ഇല്ലാത്തതുമാണ് | ആധുനിക സൌകര്യങ്ങളോട് കൂടിയ പുതിയ പഞ്ചായത്താഫീസ് കെട്ടിടം | നിലവിലുള്ള ഓഫീസിന്റെ നവീകരണം | വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തി നടപ്പിലാക്കുക |
| 2. | സേവനമേഖല/ പൊതുഭരണം | കാര്യക്ഷമമായ ഫ്രണ്ട് ഓഫീസ് | മതിയായ ജീവനക്കാരുടെ അഭാവം | മതിയായ ജീവനക്കാരില്ലാത്തതും സോഫ്റ്റ് വെയർ പ്രശ്നങ്ങളും ഫ്രണ്ട് ഓഫീസ് സേവനത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നു. | സേവനങ്ങൾ പൂർണമായും ഓൺലൈനാക്കുക | കുടുംബശ്രീ ഹെൽപ് ഡെസ്ക് രൂപീകരിക്കുക | കുടുംബശ്രീ മിഷന്റെ സഹായത്തോടെ വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തി നടപ്പാക്കുക |
| 3. | ധനകാര്യം | പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുക | തനത് വരുമാന വർദ്ധനവിലൂടെ പൊതുഭരണവും സേവനവും കാര്യക്ഷമമാക്കുക | തനത് വരുമാനം കുറവ് | സംരഭകത്വ വികസനത്തിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കുക | പഞ്ചാത്തിന് തനത് വരുമാനം ലഭിക്കുന്ന തരത്തിലുള്ള പദ്ധതികള് ആരംഭിക്കുക. | പഞ്ചായത്ത് ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് യാഥാർത്ഥ്യമാക്കുക |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | സേവനമേഖല/ പൊതുഭരണം | പഞ്ചായത്ത് ഓഫീസ്/കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ എന്നിവയുടെ ഇ ഗവേണൻസ് സംവിധാനം കാര്യക്ഷമമാക്കുക | കമ്പ്യൂട്ടറൈസേഷൻ കാര്യക്ഷമമാക്കൽ | കാര്യക്ഷമമായ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അഭാവം | വളരെ മികച്ച ഇ ഗവേണൻസ് | കാര്യക്ഷമമായ കമ്പ്യൂട്ടറൈസേഷൻ | വാർഷിക പദ്ധതിയിലുൾപ്പെടുത്തി മതിയായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുക. |
| 5 | സേവനമേഖല/ പൊതുഭരണം | ISO സർട്ടിഫിക്കേഷന് | പഞ്ചായത്ത് ഓഫീസിനെയും ഘടകസ്ഥാപനങ്ങളെയും ISO സർട്ടിഫിക്കേഷന് പദവിയിലേക്ക് ഉയർത്തുക | പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കേഷന് പുതുക്കേണ്ടതുണ്ട്.<br><br>കരിന്തളം മൃഗാശുപത്രി ഒഴികെ മറ്റ് ഘടക സ്ഥാപനങ്ങൾക്ക് ISO സർട്ടിഫിക്കേഷന് പദവി ഇല്ല. | മുഴുവൻ ഘടകസ്ഥാപനങ്ങളെയും ISO പദവിയിലേക്ക് ഉയർത്തുക. | പഞ്ചായത്താഫീസ് ISO സർട്ടിഫിക്കേഷന് പുതുക്കുക | വാർഷിക പദ്ധതിയിലുൾപ്പെടുത്തി ISO സർട്ടിഫിക്കേഷൻ പുതുക്കുക. |

# അദ്ധ്യായം1(5)

# സംയോജന സാധ്യതകൾ

വികസന ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് വിഭവ സമാഹരണം കാര്യക്ഷമമായി നടത്തേണ്ടതുണ്ട്. പഞ്ചായത്തിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണ തോതിൽ സമാഹരിക്കേണ്ടതുണ്ട്.വിഭവസമാഹരണത്തിനും വിഭവശോഷണം തടയുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുകയും സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും വേണം.

പതിനാലാം പഞ്ചവൽസര പദ്ധതിയിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതങ്ങൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ഗുണഭോക്തൃ വിഹിതം, ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയുടെയെല്ലാം സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

വികസന പ്രവർത്തനങ്ങള് തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിനും വിഭവശോഷണം തടയുന്നതിനും വിവിധ വികസന ഏജൻസികള് വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങള് പഞ്ചായത്തിന്റെ പദ്ധതികളുമായി ഉദ്ഗ്രഥിക്കേണ്ടതുണ്ട്.

വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന്

1.പഞ്ചായത്ത്-സ്വകാര്യപങ്കാളിത്തം(PPP)

2.പഞ്ചായത്ത് -സഹകരണസ്ഥാപന പങ്കാളിത്തം(PCP)

3.പഞ്ചായത്ത്-സ്വകാര്യ-സഹകരണ സ്ഥാപന പങ്കാളിത്തം(PPCP)

എന്നീ രീതികളില് ഉത്പാദന,സേവന,അടിസ്ഥാന സൌകര്യ വികസന മേഖലകളിൽ പ്രോജക്റ്റുകള് ഏറ്റെടുക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ട് വികസനത്തിനായി വിഭവങ്ങൾ സമാഹരിക്കുന്നതിനും തനത് വിഭവശോഷണത്തെ തടയാനും സാധിക്കും.

-------------------------------

കിനാനൂർ കരിന്തളം ഗ്രമപഞ്ചായത്ത്

പതിനാലാം പഞ്ചവൽസര പദ്ധതി -2022-2027

വാർഷിക പദ്ധതി 2022-2023

# <u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

**വിഷയ മേഖല-2.കൃഷി(ഉൽപ്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ),തൊഴിലുറപ്പ് പദ്ധതി,മണ്ണ് ജല സംരക്ഷണം മുതലായവ**

## വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | അംഗത്തിൻറെപേര്,വിലാസം | ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി | നിലവിൽവർക്കിംഗ് ഗ്രൂപ്പ് അംഗമാണോ | വർക്കിംഗ്ഗ്രൂപ്പിലെ സ്ഥാനം* | സ്ത്രീ/പു. | ജനറൽ/എസ്.സി./എസ്.ടി. | വിദ്യാഭ്യാസയോഗ്യത | വൈദഗ്ദ്ധ്യംപരിചയം | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1 | ബിന്ദു ടി.എസ്. | 9744781529 | അല്ല | ചെയർപേഴ്സൺ | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പഞ്ചായത്ത്അംഗം | കൃഷി |
| 2 | വി. സുധാകരൻ | 9447488961 | അതെ | വൈസ്ചെയർമാൻ | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | മുൻപഞ്ചായത്ത് അംഗം | കൃഷി |
| 3 | നിഖിൽനാരായണൻ | 9383472357 | അതെ | കൺവീനർ | പുരുഷൻ | ജനറൽ | ബിരുദം | കൃഷിഓഫീസർ | ഗവ.ജീവനം |
| 4 | ഉഷ ഇ.പി. | 9495695216 | അതെ | അംഗം | സ്ത്രീ | ജനറൽ | ബിരുദം | അസി.എ.ഒ | ഗവ.ജീവനം |
| 5 | കെ. വി. ഭരതൻ | 9048621433 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | എസ്.എസ്.എൽ.സി | കൃഷി |
| 6 | ദേവസ്യ വി. ജെ. | 9446738227 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 7 | ഗോപിനാഥൻ എൻ | 9496188702 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 8 | സി. രാമചന്ദ്രൻ | 9744359151 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 9 | വരയിൽ രാജൻ | 9447035519 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | മുൻപഞ്ചായത്ത് അംഗം | കൃഷി |
| 10 | അശോകൻ പി. | 9447193166 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11 | വി. കുഞ്ഞിരാമന് | 9495083042 | അതെ | അംഗം | പുരുഷ ൻ | ജനറൽ | എസ്.എസ്.എ ൽ.സി | പൊതുപ്രവർത്ത നം | കൃഷി |
| 12 | ചന്ദ്രൻ പൈക്ക പരപ്പ | 7306361509 | അതെ | അംഗം | പുരുഷ ൻ | ജനറൽ | എസ്.എസ്.എ ൽ.സി | പൊതുപ്രവർത്ത നം | കൃഷി |
| 13 | ജനാർദ്ദനന് കക്കോല് | 9400211449 | അതെ | അംഗം | പുരുഷ ൻ | ജനറൽ | എസ്.എസ്.എ ൽ.സി | പൊതുപ്രവർത്ത നം | കൃഷി |
| 14 | കെ. രാഘവൻ | 9400541505 | അതെ | അംഗം | പുരുഷ ൻ | ജനറൽ | എസ്.എസ്.എ ൽ.സി | പൊതുപ്രവർത്ത നം | കൃഷി |
| 15 | പി .എ. സുരേന്ദ്രൻ | 9061611789 | അതെ | അംഗം | പുരുഷ ൻ | ജനറൽ | എസ്.എസ്.എ ൽ.സി | പൊതുപ്രവർത്ത നം | കൃഷി |

# അദ്ധ്യായം2(1)

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

ഏറെ കാർഷിക പ്രാധാന്യമുള്ള കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽവൻകിടക്കാരും ചെറുകിടക്കാരും ഉൾപ്പെടെ ഏകദേശം 6500ൽ അധികം കർഷകർ പ്രത്യക്ഷമായോ പരോക്ഷമായോ കൃഷി ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. നിരനോന്നതമായ ഭൂപ്രകൃതിയുള്ള സാമാന്യം ചരിവ് കൂടിയപ്രദേശങ്ങൾ, കുറച്ചുമാസങ്ങളിൽ മാത്രം ലഭിക്കുന്ന കനത്തമഴ, ദീർഘമായ വേനൽ ഇവയെല്ലാം തന്നെ മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ പ്രാധാന്യം വിളിച്ചോതുന്നു. കാർഷിതോല്പനങ്ങൾക്ക് വിപണിയിലുണ്ടാവുന്ന വിലത്തകർച്ച, വർദ്ധിച്ചുവന്ന കൃഷിച്ചെലവ്, കാഷികവിളകളുടെ കുറഞ്ഞ ഉല്പാദനക്ഷമത, ആവശ്യത്തിന്ക ർഷകതൊഴിലാളികളെ ലഭിക്കാത്തസാഹചര്യം, മണ്ണ്, ജലം, ജൈവസമ്പത്ത് ഉൾപ്പെടുന്ന അടിസ്ഥാനവിഭവങ്ങളുടെ അപചയം, കീടരോഗങ്ങൾ, പ്രകൃതിക്ഷോഭം എന്നിവ മൂലമുള്ളവിളനഷ്ടം, ജലസേചനത്തിനുൾപ്പെടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം എന്നിവയെല്ലാം തന്നെ കാർഷിക ജനതയുടെ ജീവിതനിലവാരം താഴ്ത്തുന്നഘടകങ്ങളായി പ്രവർത്തിക്കുന്നു.

**ഭൂവിനിയോഗം**

25 വർഷംമുമ്പ് 95 ഹെക്ടർഒന്നാംവിളയും 20 ഹെക്ടർരണ്ടാംവിളയും 10 ഹെക്ടർമൂന്നാംവിളയുംനെൽകൃഷിചെയ്തിരുന്നത്. 2020 ൽ 40 ഹെക്ടർഒന്നാംവിളയും,5ഹെക്ടർ രണ്ടാംവിളയും ആയികുറഞ്ഞു.തെങ്ങ്, കവുങ്ങ് എന്നിവയുടെ വിസ്തൃതിയിൽ നാമമാത്രമായി കുറവാണുള്ളതെങ്കിലും നാണ്യവിളകളുടെ വിസ്തൃതിയിൽ 55 ശതമാനം വർധനവുണ്ടായിട്ടുണ്ട്. കാർഷികവിളകളുടെവിസ്തൃതി 5175 ഹെക്ടറാണ്. 25 വർഷത്തിനിടയിൽ 27 ഹെക്ടർ തരിശുഭൂമി കൃഷിയിടമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്.

വിളവിവരങ്ങൾ

| ക്രമനമ്പർ | വിള | 25 വർഷംമുമ്പുള്ളവിസ്തീർണ്ണം ഹെക്ടറിൽ | 2021ലെവിസ്തീർണ്ണംഹെക്ടറിൽ |
|---|---|---|---|
| 1 | നെല്ല് | | |
| | ഒന്നാംവിള | 95 | 40 |
| | രണ്ടാംവിള | 20 | 5 |
| | മൂന്നാംവിള | 10 | - |
| 2 | തെങ്ങ് | 957 | 960 |
| 3 | കവുങ്ങ് | 360 | 390 |
| 4 | മരച്ചീനി | 86 | 50 |
| 5 | വാഴ | 34 | 67 |
| 6 | കുരുമുളക് | 258 | 256 |
| 7 | റബ്ബർ | 1448 | 2235 |
| 8 | കശുമാവ് | 1794 | 1086 |
| 9 | പച്ചക്കറി | 20 | 40 |
| 10 | പയറുവർഗ്ഗങ്ങൾ | 6 | 2 |

| | | | |
|---|---|---|---|
| 11 | കിഴങ്ങുവർഗ്ഗങ്ങൾ | 84 | 42 |
| 12 | ഇഞ്ചി | 1 | 2 |
| 13 | മഞ്ഞൾ | 3 | 5 |
| 14 | വെറ്റില | - | 1 |
| 15 | പൈനാപ്പിൾ | 2 | 10 |
| | ആകെ | 5148 | 5175 |

നാടൻ വിത്തിനങ്ങളിൽ നിന്ന് സങ്കരയിനങ്ങളിലേക്കുള്ള മാറ്റം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. ജലസേചനത്തിലുണ്ടാകുന്ന വർദ്ധനവ്,ശാസ്ത്രീയവളപ്രയോഗം എന്നിവയും ഉത്പാദനക്ഷമത വർദ്ധനവിന്റെ പ്രധാനഘടകങ്ങളാണ്. ഒന്നാംവിള നെൽകൃഷയിൽ ഉൽപ്പാദനക്ഷമതയിൽ 25 കിലോവർദ്ധനവ് ഉണ്ടായപ്പോൾ രണ്ടാംവിളയിൽ 1000 കിലോയുടെ വർധനവാണുണ്ടായത്. പച്ചക്കറിയുടെ ഉല്പാദനക്ഷമത 3 മടങ്ങായി വർദ്ധിച്ചിട്ടുണ്ട്.മറ്റെല്ലാവിളകളുടെയും ഉല്പാദനക്ഷമത വർദ്ധിച്ചപ്പോൾ കശുമാവിന് പകുതിയായി കുറഞ്ഞു. കീടങ്ങളുടെ ആക്രമണവും കാലാവസ്ഥാ വ്യതിയാനവും കശുമാവിന്റെ ഉപാദനക്ഷമത കുറയുന്നതിന് കാരണമായി.

| ക്രമനമ്പർ | വിള | 25 വർഷംമുമ്പുള്ളഉൽപ്പാദനക്ഷമത കിലോഗ്രാം/ ഹെക്ടറിൽ | 2021ലെഉൽപ്പാദനക്ഷമതകിലോഗ്രാം/ ഹെക്ടറിൽ |
|---|---|---|---|
| 1 | നെല്ല്<br>ഒന്നാംവിള<br>രണ്ടാംവിള | 2550<br>2300 | 2800<br>3300 |
| 2 | തെങ്ങ് | 6400 | 7000 |

| | | | |
|---|---|---|---|
| 3 | കവുങ്ങ് | 2700 | 2800 |
| 4 | മരച്ചീനി | 8000 | 9500 |
| 5 | വാഴ | 16000 | 18500 |
| 6 | കുരുമുളക് | 500 | 1000 |
| 7 | റബ്ബർ | 1250 | 3200 |
| 8 | കശുമാവ് | 1250 | 600 |
| 9 | പച്ചക്കറി | 3500 | 11850 |
| 10 | പയറുവർഗ്ഗങ്ങൾ | 210 | 1800 |
| 11 | കിഴങ്ങുവർഗ്ഗങ്ങൾ | 6000 | 8500 |
| 12 | ഇഞ്ചി | 3200 | 3500 |
| 13 | മഞ്ഞൾ | 3200 | 3500 |
| 14 | വെറ്റില | - | 1000 ബണ്ടിൽ |
| 15 | പൈനാപ്പിൾ | 20000 | 30000 |

**ജലചനസൗകര്യം**

40 ശതമാനം കൃഷിയിടങ്ങളിൽ ജലസേചനം നടത്തുന്നതിന് പര്യാപ്തമായ ജലസ്രോതസ്സുകൾ നിലവിലുണ്ടെങ്കിലും ആയതിനാവശ്യമായ ജലംലഭ്യമല്ല എന്നത് കൃഷിയെയും ഉൽപാദനത്തെയും സാരമായി ബാധിക്കുന്നു. അതിശക്തമായ കാലവർഷവും ദുർബലമായ തുലാവർഷവും ആണ് ലഭിക്കുന്നത്. മഴക്കാലത്ത് ശക്തിയായ വെള്ളപ്പൊക്കം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് കിണാവൂർ, കീഴ്മാല, പാറക്കോൽ, വേളൂർ, അണ്ടോൾ, പുലിയന്നൂർ, മാന്നൂരി തുടങ്ങിയവ. ശക്തമായ കുത്തൊഴുക്കുള്ള തോടുകളാണ് ഈ പഞ്ചായത്തിലുള്ളത്.

തോട്ടകളുടെ അടിത്തട്ടുകൾ കുത്തനെയുള്ള ചരിവ് പ്രദേശങ്ങളായി കാണുന്നു. അതുകൊണ്ട് മിക്കതോട്ടുകളും മാർച്ച് - ഏപ്രിൽ മാസത്തോടെ വറ്റിവരളുന്നു. പൊതുകുളങ്ങൾ,സ്വകാര്യകുളങ്ങൾ,പൊതുകിണറുകൾ,സ്വകാര്യകിണറുകൾ,കുഴൽകിണർ, തോട്ടകൾ എന്നിവയാണ് പ്രധാന ജലസേചന സ്രോതസ്സുകൾ.

## അദ്ധ്യായം2(2)

## ഇരുപത്തിയഞ്ചുവർഷത്തെ വിലയിരുത്തൽ

ജനസംഖ്യാ വർദ്ധനവ് കൃഷിഭൂമി വളരെയധികം കുറയാൻ കാരണമായിട്ടുണ്ട്.കൃഷിയിൽ നിന്നുള്ള വരുമാന ലഭ്യത കുറഞ്ഞത് ആളുകൾ മറ്റ് തൊഴിലിനെ ആശ്രയിച്ചു തുടങ്ങി. പതുക്കെ പതുക്കെ കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കുറഞ്ഞുവന്നു. പച്ചക്കറികൾ, അരി, കിഴങ്ങ് വർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ തുടങ്ങിയ കാർഷിക ഭക്ഷ്യഉൽപന്നങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി കേന്ദ്രമായി കേരളത്തിലെ മറ്റുപ്രദേശങ്ങൾ പോലെ നമ്മുടെ പ്രദേശവും മാറി. ഉപയോഗ സംസ്കാരം വർദ്ധിച്ചുവന്നു.

കാർഷിക ഉത്പാദന മേഖലയിലെ മേൽ വെല്ലുവിളികൾ നേരിട്ടുകൊണ്ട് കാർഷിക രംഗത്തെ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വിഷമുക്തമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും മണ്ണ് – ജല സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജനകീയാസൂത്രണ പദ്ധതികളിലൂടെ ഒരു പരിധിവരെ നമ്മുക്ക് സാധിച്ചു. ജനസംഖ്യാ വർദ്ധനവ് മൂലം കൃഷിയോഗ്യമായ ഭൂമി കുറഞ്ഞു വരുന്നതാണ് കാർഷിക രംഗത്ത് നാം നേരിടുന്ന വെല്ലുവിളി. ശാസ്ത്രീയമായ കൃഷിരീതികൾ ആവിഷ്കരിച്ചും ടെറസ്സ് കൃഷി, മഴമറ കൃഷി എന്നീ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നമ്മുക്ക് സാധിച്ചു. അമിത രാസവളപ്രയോഗങ്ങൾ മണ്ണിന്റെ ഫലഭൂയിഷ്ഠിയും സ്വാഭാവിക ഘടനയും തകർക്കുന്നതിനാൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണത്തിലൂടെ സാധിച്ചു. കാർഷിക രംഗത്ത് ഭക്ഷ്യ സുരക്ഷയും നാണ്യവിളകളുടെ ഉത്പാദനവും ലക്ഷ്യമിട്ടുകൊണ്ട് ഒട്ടേറെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ പതിമൂന്നാം പഞ്ചവൽസരക്കാലത്ത് നടപ്പാക്കാൻ സാധിച്ചു. കോവിഡ് മഹാമാരിമൂലമുള്ള ഭക്ഷ്യക്ഷാമം നേരിടുന്നതിന് സർക്കാരിന്റെ ''**സുഭിക്ഷ കേരളം**''പദ്ധതി പ്രോത്സാഹിപ്പിച്ചുകൊണ്ട് കിളങ്ങുവിള, നെൽകൃഷി, പച്ചക്കറി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കാൻ സാധിച്ചു.

കൃഷിയോടൊപ്പം തന്നെ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ തൊഴിലുറപ്പ്, നീർത്തട പദ്ധതികളുടെ

പങ്കാളിത്തത്തോടെ നടപ്പാക്കാൻ സാധിച്ചു. 2018 ലും 2019 ലും മികച്ച ജൈവകൃഷി പഞ്ചായത്തായി ജില്ലാതലത്തിൽ നമ്മുടെ പഞ്ചായത്ത് തിരഞ്ഞെടുക്കപ്പെട്ടു. 2018 ലെ ദേശീയ ജലസംരക്ഷണ അവാർഡും, പലത്തുള്ളി പുരസ്കാരവും നമ്മുടെ പഞ്ചായത്തിനെ തേടിയെത്തി.സ്കൂളുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി, തരിശു രഹിത പഞ്ചായത്തെന്ന ലക്ഷ്യം കൈവരിക്കുന്നതിന് തരിശുസ്ഥലങ്ങളിൽ നെൽകൃഷി നടത്തി കെ.കെ.റൈസ് എന്ന അരി ഉത്പാദിപ്പിച്ച് വിപണനം നടത്തിക്കൊണ്ട് ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ നമ്മുടെ പഞ്ചായത്തിനായി. കയർഭൂവസ്ത്രം, ഹരിത പുഴയോരം, ജലോദ്യാനമെന്ന പേരിൽ പൊതുകുളം സംരക്ഷണ പദ്ധതി ജൈവവൈവിദ്ധ്യത്തിന്റെ ഭാഗമായുള്ള സ്മൃതിവനം പദ്ധതി എന്നീ പദ്ധതികൾ കാർഷിക – ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണ മേഖലയിലെ ശ്രദ്ധേയമായ പദ്ധതികളാണ്.

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യകൃഷി പദ്ധതി നടപ്പാക്കി. 20-21 വാർഷിക പദ്ധതിയിൽ 465154 രൂപയും, 21 – 22 വാർഷിക പദ്ധതികൾ ബയോ ഫ്ലോക്ക് മത്സ്യകൃഷിക്കായി 194730 രൂപയും ചെലവഴിച്ചു

**തൊഴിലുറപ്പ് പദ്ധതി**

13-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ആസ്തി വികസന മേഖലയിൽ അപൂർവ്വ നേട്ടങ്ങളുണ്ടാക്കാൻ തൊഴിലുറപ്പ് പദ്ധതിയിലൂടെ സാധിച്ചു.കുളങ്ങൾ,കിണറുകൾ,കോൺക്രീറ്റ് റോഡുകൾ,വിസിബികൾ,കൽവർട്ടുകൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കി.കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും,നീർത്തടവികസനത്തിലും പദ്ധതികൾ നടപ്പാക്കി.5576 തൊഴിലാളികൾക്ക് തൊഴിൽകാർഡ് നൽകി.528803 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.തൊഴിലുറപ്പ് പദ്ധതിയിലൂടെ കഴിഞ്ഞ പഞ്ചവൽസര പദ്ധതിക്കാലത്ത് 177091611/- രൂപ ചെലവഴിച്ചു.

## നീർത്തടങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ആകെ 21 നീർത്തടങ്ങളാണുള്ളത്.നീർത്തടങ്ങളുടെ പേരും വിസ്തീർണവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | നീർത്തടത്തിന്റെ പേര് | വിസ്തീർണം(ഹെക്ടർ) |
|---|---|---|
| 1 | ആനപ്പെട്ടി | 500.10 |
| 2 | നിടുംബ | 1429.6 |
| 3 | തോടംചാൽ | 320.9 |
| 4 | തോടംചാൽ2 | 602.8 |

| | | |
|---|---|---|
| 5 | പരപ്പച്ചാൽ | 484 |
| 6 | ഇടത്തോട് | 399.8 |
| 7 | മുണ്ട്യാനം | 753.9 |
| 8 | കുവാറ്റി2 | 645.9 |
| 9 | ചോയ്യംകോട്2 | 236.3 |
| 10 | കോക്കാട് –ചെർണതല | 1688.4 |
| 11 | അരയാക്കടവ് | 156.3 |
| 12 | കിനാന്നൂർ | 237.7 |
| 13 | മൂരിക്കാനം | 118.9 |
| 14 | പാറക്കോൽ | 318.7 |
| 15 | കീക്കാൻ | 149.9 |
| 16 | മുക്കട | 280.6 |
| 17 | കുറുഞ്ചേരി | 798.9 |
| 18 | ആനമഞ്ഞൾ | 798.9 |
| 19 | പ്ലാച്ചിക്കര | 2951.5 |
| 20 | കുവാറ്റി | 1898.4 |
| 21 | ചോയ്യംകോട്1 | 472.7 |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രൊജക്ടിന്റെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | കൃഷി | നെൽകൃഷി വികസനം | GEN | പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ചെലവഴിച്ച ആകെ തുക | 33 ഹെക്ടർ. | 33ഹെക്ടർ | പ്രതി വർഷം 33 ഹെക്ടർ. ഒന്നാം വിള നെൽ കൃഷി ചെയ്ത് 92 ടൺ. നെല്ല് ഉത്പാദിപ്പിച്ചു.15 ലക്ഷം രൂപയുടെ കാർഷിക വരുമാനം ഉണ്ടാക്കുന്നതിന് സാധിച്ചു. |
| 2 | കൃഷി | പച്ചക്കറി കൃഷി വികസനം | GEN | പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ചെലവഴിച്ച ആകെ തുക | ജൈവ പച്ചക്കറികൃഷി,വനിത ക്ലസ്റ്റര് അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി | ജൈവകൃഷിയിലൂടെയുള്ള ഉത്പാദനം.പച്ചക്കറികൃഷിയിൽ വനിതകളുടെ പങ്കാളിത്തം | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും,കൃഷിയിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും. തനതായ പച്ചക്കറി ഉത്പാദനത്തിനും സാധിച്ചു. |
| 3 | നീർത്തട വികസനം | പാറക്കോൽ കീക്കാനം നീർത്തട വികസനം | GEN | WGDP ഫണ്ട് ഉൾപ്പെടെ | മണ്ണ് സംരക്ഷണം,ഭൂഗർഭജല റീചാർജിംഗ് | മണ്ണ് സംരക്ഷണം,ഭൂഗർഭജല റീചാർജിംഗ് | മണ്ണൊലിപ്പ് തടയുന്നതിനും,ജലസംരക്ഷണത്തിനും സാധിച്ചു. |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | കൃഷി | വാഴകൃഷി വികസനം | GEN | പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ചെലവഴിച്ച ആകെ തുക | 50 ടണ്ണിലധികം ഉത്പാദനം | 70 ടണ് വാഴക്കുല ഉത്പാദിപ്പിച്ചു. | ഗുണമേൻമയുള്ള വാഴക്കന്നിലൂടെ 70 ടണ് വാഴക്കുല ഉത്പാദിപ്പിക്കുന്നതിനും 800000 രൂപയുടെ കാർഷിക വരുമാനം ഉണ്ടാക്കുന്നതിനും സാധിച്ചു. |
| 5 | കൃഷി | തെങ്ങുകൃഷി വികസനം | GEN | പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ചെലവഴിച്ച ആകെ തുക | തെങ്ങിന് ജൈവ വളം-ജൈവ കൃഷി പ്രോത്സാഹനം-ഉദ്പാദനക്ഷമതവർദ്ധനവ്-കീടരോഗനിയന്ത്രണം | തെങ്ങിന് ജൈവ വളം-ജൈവ കൃഷി പ്രോത്സാഹനം-ഉദ്പാദനക്ഷമതവർദ്ധനവ്-കീടരോഗനിയന്ത്രണം | തെങ്ങിന് ജൈവ വളം-ജൈവ കൃഷി പ്രോത്സാഹനം-ഉദ്പാദനക്ഷമതവർദ്ധനവ്-കീടരോഗനിയന്ത്രണം എന്നീ നേട്ടങ്ങൾ കൈവരിച്ചു. |

## പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്റ്റുകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| **ഇല്ല** | | | | | | | | |

## 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രേജക്ടിന്റെ പേര് | So/New | GEN /SC SP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 17 | സുഭിക്ഷകേരളം കിഴങ്ങ്കൃഷി വികസനം | NEW | GEN | 733000 | 19 Ha | 733000 | 19 Ha | പൂർത്തീകരിച്ചു |
| 2 | 16 | നെല്കൃഷി വികസനം | NEW | GEN | 1624605 | 37.3 Ha | 1624605 | 30.3 HA | പൂർത്തീകരിച്ചു |
| 3 | 15 | തെങ്ങുകൃഷി പരിപാലനം | NEW | GEN | 2216010 | 14580 Nos. | 2216010 | 13920 Nos. | പൂർത്തീകരിച്ചു |
| 4 | 18 | പച്ചക്കറി കൃഷിക്ലസ്റ്റര് അടിസ്ഥാനത്തില് (വനിത) | NEW | GEN | 957000 | 20Ha | 957000 | 20Ha | പൂർത്തീകരിച്ചു |
| 5 | 236 | കൃഷി ഓഫീസിന് യു.പി.എസ് വാങ്ങൽ | NEW | GEN | 150000 | 1 | 142163 | 1 | പൂർത്തീകരിച്ചു |
| 6 | 196 | സുഭിക്ഷകേരളം-സുഫലം (ഫലവൃക്ഷത്തൈ വിതരണപദ്ധതി ) | SO | GEN | 13115 | | 8665 | | പൂർത്തീകരിച്ചു |

# അദ്ധ്യായം2(3)

## വെല്ലുവിളികൾ,വികസനവിടവുകൾ,പ്രശ്നവിശകലനം പ്രശ്ന പരിഹാര സാധ്യതകൾ

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്ന തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർ ഇതര തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | കൃഷി | ഭക്ഷ്യവിളകളുടെ ഉത്പാദനം കുറയുന്നു. | പഞ്ചായത്ത് പ്രദേശം | | ✓ | | ഭക്ഷ്യ വിളകളുടെ വർദ്ധിച്ച ഉത്പാദന ചെലവ് മൂലവും,കീടങ്ങളുടെ ആക്രമണം,രോഗം എന്നിവ മൂലവും പ്രതീക്ഷിച്ചത്പാദനം ലഭിക്കാത്തതുമൂലം നഷ്ടംസംഭവിക്കുന്നതും<br><br>കർഷകര് നാണ്യവിളകൾ മാത്രം കൃഷി ചെയ്യാൻ താൽപര്യം കാണിക്കുന്നു | ഭക്ഷ്യവിളകളും ,നെല്ല്,പച്ചക്കറി,വാഴ ,കിഴങ്ങ് വർഗ്ഗങ്ങള് എന്നിവയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് സബ്സിഡിനൽകുക.തരിശ് ഭൂമി കണ്ടെത്തി കൃഷി യോഗ്യമാക്കുക.മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജനം | | | കൃഷിവകുപ്പ് മുഖേന മികച്ച വിത്തിനങ്ങൾലഭ്യമാക്കുന്നതിന് നടപടിസ്വീകരിക്കുക.<br><br>കർഷകർക്കുള്ള സബ്സിഡി,വിളനാശത്തിനുള്ള ധനസഹായം പരമാവധി വർദ്ധിപ്പിക്കുക |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | കൃഷി | രോഗകീടങ്ങളുടെ ആക്രമണം | പഞ്ചായത്ത് പ്രദേശം | | ✓ | | 1.രോഗപ്രതിരോധശേഷി കുറഞ്ഞ ഇനങ്ങൾ കൃഷി ചെയ്യുന്നത്<br><br>2.മണ്ണിന്റെ ഫലഭൂയിഷ്ഠി കുറയുന്നത്<br><br>3.രാസവളങ്ങളുടെ അമിത ഉപയോഗം<br><br>4.മണ്ണ് പരിശോധന കേന്ദ്രത്തിന്റെ അഭാവം.<br><br>5.അശാസ്ത്രീയമായ കൃഷി രീതികൾമൂലം മണ്ണൊലിപ്പ് വർദ്ധിക്കുന്നത്. | 1.രോഗപ്രതിരോധ ശേഷിയുള്ള നാടൻ ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക<br><br>2.ജൈവകൃഷി പ്രോത്സാഹിപ്പിക്കുക. രാസവളങ്ങളുടെ അമിത ഉപയോഗം തടയുക<br>3.മണ്ണ് പരിശോധന നടത്തി മാത്രം വളപ്രയോഗം നടത്തുന്നതിന് ബോധവൽക്കരണം നടത്തുക<br>4.മണ്ണൊലിപ്പ് തടയുന്നതിനുള്ള കൃഷി രീതികൾക്ക് ബോധവൽക്കരണം നടത്തുക<br><br>5.ജൈവ കീടനാശിനികൾ മാത്രം ഉപയോഗിക്കുക | | | 1.നാടൻ ഇനങ്ങളുടെ കൃഷിക്ക് 100 ശതമാനം സബ്സിഡി നൽകുക.<br><br>2.മണ്ണ് പരിശോധന കേന്ദ്രങ്ങൾ വ്യാപകമാക്കുക<br><br>3.വിള ഇൻഷുറൻസ് വ്യാപകമാക്കുക<br><br>4.കർഷകർക്ക് ശാസ്ത്രീയമായ പരിശീലനം<br><br>5.വിള ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുക.<br><br>6.ഹൈടെക്/നൂതന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക<br><br>7.കാർഷിക മേഖലയില് വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം വ്യാപകമാക്കുക. |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | കൃഷി | കർഷകർക്ക് സാമ്പത്തിക നഷ്ടം സംഭവിക്കുന്നു. | പഞ്ചായത്ത് പ്രദേശം | | ✓ | | 1.രോഗകീടങ്ങളുടെ ആക്രമണം<br><br>2.വിപണന സാധ്യത കുറവ്<br><br>3.മൂല്യവർദ്ധിത ഉൽപന്നങ്ങള് ഉണ്ടാക്കുന്നതിൽ ആവശ്യമായ പരിശീലനമോ പ്രോത്സാഹനമോ ലഭിക്കാത്തത്<br><br>4.പ്രകൃതി ക്ഷോഭം മൂലം കൃഷി നശിക്കുന്നത്<br><br>5.യന്ത്രവൽക്കരണം കുറവ്<br><br>6.കർഷക തൊഴിലാളി ക്ഷാമം<br>7.ഉയർന്ന കൃഷി ചെലവ്<br><br>8.ഉൽപാദന കുറവ്<br><br>9.ജലസേചനത്തിന്റെ | 1.കാർഷിക സംരംഭങ്ങൾ(പ്രത്യേകിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങള് ഉണ്ടാക്കുന്നത് ഉൾപ്പെടെ)<br><br>2.ഹൈടെക് കൃഷി രീതികളുടെ പരിശീലനം<br><br>3.മാർക്കറ്റിംഗ് നെറ്റ് വർക്ക് സ്ഥാപിക്കല്<br><br>4.കാർഷിക കർമ്മസേന/ഹരിത സേന,ലേബർ ബാങ്ക് രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക<br><br>5.അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക<br><br>6.കാർഷിക രംഗത്ത് യന്ത്രവൽക്കരണം | | | 1.കാർഷിക(മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ഉൾപ്പെടെ) ഉൽപന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക<br><br>2.വിള ആരോഗ്യ പരിപാലന കേന്ദ്രം ,മണ്ണ് പരിശോധന കേന്ദ്രം സ്ഥാപിക്കുക |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | അപര്യാപ്തത<br><br>10.കാട്ടുമൃഗങ്ങളുടെ ആക്രമണം<br><br>11.ഉൽപന്നങ്ങൾക്ക് ലഭിക്കുന്ന കുറഞ്ഞ വില<br><br>12.ശാസ്ത്രീയമായ കൃഷി മുറകളിലുള്ള പരിജ്ഞാനക്കുറവ്.<br><br>13.ഗതാഗത സൌകര്യത്തിന്റെ അപര്യാപ്തത. | കാര്യക്ഷമമാക്കുക | | | |
| 4. | മത്സ്യ കൃഷി വികസനം | ഉൽപാദനം കുറവ്/വരുമാന നഷ്ടം | പഞ്ചായത്ത് പ്രദേശം | | ✓ | | 1.കാലാവസ്ഥ വ്യതിയാനം<br>2.വിപണിസാധ്യത കുറവ് | 1.പൊതുകുളത്തിൽ സംഘാടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിന് പ്രോത്സാഹനം നൽകുക | | | ഫിഷറീസ് വകുപ്പ് മുഖേന പരിശീലനവും,മത്സ്യകുഞ്ഞുങ്ങളെയും ലഭ്യമാക്കുക |

# അദ്ധ്യായം2(4)

## വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | കൃഷി | നെൽകൃഷി/പച്ചക്കറി ഉൽപാദനം | ഉൽപാദന വർദ്ധനവ് | നിലവിലുള്ള ഉൽപാദനം വർദ്ധിപ്പിക്കേണ്ടതുണ്ട് | നെൽകൃഷി/പച്ചക്കറി ഉൽപാദനത്തില് സ്വയം പര്യാപ്തത | നെൽകൃഷി,പച്ചക്കറി കൃഷി പ്രോത്സാഹനത്തിന് കൂടുതൽ തുക വകയിരുത്തുക. | തരിശു നില നെൽകൃഷി പ്രോത്സാഹിപ്പിക്കുക.കൃഷി വകുപ്പ് മുഖേന മികച്ചപച്ചക്കറി വിത്തിനങ്ങൾ ലഭ്യമാക്കാം/പഞ്ചായത്തിന് സ്വന്തമായി തൈകളുടെ നഴ്സറി ആരംഭിക്കാം. |
| 2 | കൃഷി | ജൈവ വള ഉൽപാദന യൂണിറ്റ് | ജൈവ കൃഷി പ്രോത്സാഹനം | രാസ വളങ്ങൾ അമിതമായി ഉപയോഗിക്കുന്നു | വളം ഉൽപാദനത്തില് സ്വയം പര്യാപ്തത,പുതിയതൊഴിൽ സാധ്യത | ഒരു ഉൽപാദന യൂണിറ്റെങ്കിലും ആരംഭിക്കുക | ജൈവകൃഷി അവാർഡ് തുക ഉപയോഗിക്കാം. |
| 3. | മത്സ്യ കൃഷി വികസനം | പൊതുകുളത്തിലെ മത്സ്യകൃഷി | ഭക്ഷ്യയോഗ്യമായ മത്സ്യ ഉൽപാദനം | മത്സ്യകൃഷി /ഉൽപാദനം കുറവ് | ഭക്ഷ്യയോഗ്യമായ മത്സ്യ ഉൽപാദനം സ്വയംപര്യാപ്തത<br><br>മുഴുവൻ പൊതുകുളത്തിലും ആരംഭിക്കുക. | ഒന്നോ രണ്ടോ കുളത്തില് ആദ്യ ഘട്ടത്തിൽ സംഘാടിസ്ഥാനത്തിൽ പദ്ധതി ആരംഭിക്കുക | ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കാം |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | കൃഷി | വാഴകൃഷി വികസനം | ഉദ്പാദന വർദ്ധനവ് | ഉദ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട് | 1.വാഴകൃഷിയിൽ മികച്ച ഉദ്പാദന വർദ്ധനവ്<br>2.മൂല്യ വർദ്ധിത ഉൽപന്നങ്ങളിലൂടെ തൊഴിൽ സാധ്യതയും വരുമാനവും | മികച്ച വാഴക്കന്നുകൾ ഉപയോഗിച്ച് ഉദ്പാദനം വർദ്ധിപ്പിക്കുന്നതിന് ശ്രമം | കഴിയുമെങ്കിൽ തദ്ദേശിയമായി വാഴക്കന്നുകൾ ഉത്പാദിപ്പിക്കാനുള്ള ശ്രമം |
| 5 | കൃഷി | തെങ്ങ്,കവുങ്ങ്,കുരുമുളക് കൃഷി വികസനം | ജൈവ കൃഷി, ഉത്പാദന വർദ്ധനവ് | നാണ്യ വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട് | 1.മികച്ച ഉത്പാദന വർദ്ധനവ്<br><br>2.നാണ്യവിളകള് കയറ്റുമതിയിൽ മികച്ച നേട്ടവും കർഷകരുടെ സാമ്പത്തികോന്നമനവും | ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് പ്രോജക്ട് ഉൾപ്പെടുന്നു. | ജൈവ കൃഷി പ്രോത്സാഹനം-തെങ്ങ്-കവുങ്ങിന് ജൈവ വള വിതരണം,മികച്ചഇനം കുരുമുളക് തൈകൾ/രോഗപ്രതിരോധ ശേഷിയുള്ളതും ഉത്പാദനശേഷിയുള്ളതുമായ നാടൻ തൈകള് ഉപയോഗിച്ചുള്ള കൃഷി |
| 6. | നീർത്തട പരിപാലനം -മണ്ണ് ജല സംരക്ഷണം | നീർത്തട പരിപാലനം-മണ്ണ് ജല സംരക്ഷണം | മണ്ണ് ജല സംരക്ഷണം | മണ്ണൊലിപ്പ് തടയേണ്ടതുണ്ട്.ഭൂജലസംരക്ഷണ പ്രവർത്തനങ്ങള് നടത്തേണ്ടതുണ്ട്. | ചരിഞ്ഞപ്രദേശത്ത് മണ്ണൊലിപ്പ് പൂർണമായും തടയുന്ന കൃഷി രീതികൾ പൂർണമായും നടപ്പാക്കുക.ഭൂജല സംരക്ഷണത്തിലൂടെവരൾച്ച പ്രതിരോധിക്കുക | മണ്ണൊലിപ്പ് തടയുന്ന നീർത്ത പരിപാലന പദ്ധതികൾ നടപ്പാക്കുക.കിണർ /കുളം റീചാർജിംഗ് വ്യാപകമാക്കുക | മണ്ണ് സംരക്ഷണ വകുപ്പ്,ഭൂജല സംരക്ഷണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായത്തോടെനടപ്പാക്കാം |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | കൃഷി | കിഴങ്ങ് കൃഷി വികസനം | ഭക്ഷ്യോത്പാദന വർദ്ധനവ് | കിഴങ്ങ് കൃഷി പ്രോത്സാഹനത്തിലൂടെ ഭക്ഷ്യ ക്ഷാമം പരിഹരിക്കേണ്ടതുണ്ട് | 1.ഭക്ഷ്യക്ഷാമം പൂർണമായും പരിഹരിക്കുക.<br><br>2. 2.മൂല്യ വർദ്ധിത ഉൽപന്നങ്ങളിലൂടെ തൊഴിൽ സാധ്യതയും വരുമാനവും | ഉത്പാദന വർദ്ധനവ് | 1.മികച്ച/വൈവിദ്ധ്യ ഇനങ്ങൾ കർഷകർക്ക് ലഭ്യമാക്കുക<br>2.സംഘ കൃഷി പ്രോത്സാഹിപ്പിക്കുക |
| 8 | കൃഷി | കാർഷിക യന്ത്രങ്ങള് വിതരണം(കർഷക സംഘങ്ങൾക്ക്) | കാർഷിക രംഗത്തെ യന്ത്ര വൽക്കരണം | രൂക്ഷമായ തൊഴിലാളി ക്ഷാമം,കൂലി വർദ്ധനവ്,കർഷകർക്കുണ്ടാകുന്ന ഭീമമായ നഷ്ടം | തൊഴിലാളിക്ഷാമവും ,കൃഷിചെലവിലെ വർദ്ധനവും,സമയ നഷ്ടവും പൂർണമായും പരിഹരിക്കുക.അത് വഴികർഷകരുടെ ലാഭം വർദ്ധിപ്പിക്കുക | സംഘകൃഷിപ്രോത്സാഹനം,കാർഷിക യന്ത്രങ്ങളുടെവിതരണം | പദ്ധതി മാർഗ്ഗ രേഖപ്രകാരം സബ്സിഡി നൽകുന്നു. |

# അദ്ധ്യായം2(5)

## സംയോജന സാധ്യതകൾ

കാർഷിക രംഗത്തെ സംയോജന സാധ്യതകളും സമഗ്ര സാധ്യതകളും വളരെ വലുതാണ്.കൃഷിയും മൃഗസംരക്ഷണവും,മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും പരസ്പര പൂരകങ്ങളാണ്.കൃഷി വകുപ്പ്,ജൈവ വൈവിദ്ധ്യ ബോർഡ്,മണ്ണ്-ജല സംരക്ഷണ വകുപ്പ്,മത്സ്യ കൃഷി വികസനവകുപ്പ്,തൊഴിലുറപ്പ് പദ്ധതി,മൃഗ സംരക്ഷണ വകുപ്പ്,വനവകുപ്പ് എന്നീ വിവിധ വകുപ്പുകളുടെ സംയോജന സാധ്യതകളും സമഗ്രവികസന സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തിപദ്ധതികൾ ആസൂത്രണം ചെയ്താല് മാത്രമെ പൂർണമായ കാർഷിക വികസനം സാധ്യമാകു.പതിനാലാം പഞ്ചവൽസരപദ്ധതികാലയളവിലും തുടർന്നങ്ങോട്ടും ഇത്തരമൊരു സമഗ്രവികസന നയത്തിന്റെ അടിസ്ഥാത്തിലുള്ള സമ്പൂർണ പരിപ്രേക്ഷ്യംപ്രാപ്യമാകും തരത്തിൽ പദ്ധതികള് ആസൂത്രണം ചെയ്ത് നടപ്പാക്കാന് നമുക്ക് പരിശ്രമിക്കാം.

-----------------------------

# കിനാനൂർ കരിന്തളം ഗ്രമപഞ്ചായത്ത്

## പതിനാലാം പഞ്ചവൽസര പദ്ധതി -2022-2027

## വാർഷിക പദ്ധതി 2022-2023

## സ്റ്റാറ്റസ് റിപ്പോർട്ട്

## വിഷയ മേഖല -3. മൃഗസംരക്ഷണവും ക്ഷീരവികസനവും

## വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

| ക്രമനമ്പർ | അംഗത്തിൻറെപേര്,വിലാസം | ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി | നിലവിൽവർക്കിംഗ് ഗ്രൂപ്പ് അംഗമാണോ | വർക്കിംഗ്ഗ്രൂപ്പിലെ സ്ഥാനം* | സ്ത്രീ/പു. | ജനറൽ/എസ്.സി./എസ്.ടി. | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യംപരിചയം | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1 | മനോജ്തോമസ് | 9744555375 | അതെ | ചെയർമാൻ | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തകൻ | കൃഷി |
| 2 | രത്നാകരൻടി.പി | 8943862328 | അതെ | വൈസ്ചെയർമാന് | പുരുഷൻ | ജനറല്. | എസ്.എസ്.എൽ.സി | പൊതുപ്രവർത്തകൻ | കൃഷി |
| 3 | ഡോ.രേണു രാജ് | 9656194882 | അതെ | കൺവീനർ | സ്ത്രീ | ജനറൽ | ബിരുദം | വെറ്ററിനറിസർജ്ജൻ | ഗവ.ജീവനം |
| 4 | ശ്രീജിത്ത് | 8547323408 | അതെ | അംഗം | സ്ത്രീ | ജനറൽ | ബിരുദം | ഡയറിഫാം ഇൻസ്ട്രക്ടർ | ഗവ.ജീവനം |
| 5 | ഇപ്രസീധരൻ | 6235764776 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 6 | ദാമോദരൻ ഇ | 9744584536 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 7 | ജോയ്പൌലോസ് | 71528367933 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 8 | പിഎം രാജൻ | 9447937097 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 9 | മൻമദൻസി വി | 9526578408 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 10 | സജികെ ജി | 9495145353 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 11 | അനിതകുമാരി ഇ ആർ | 9526603630 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 12 | ഓമനകൈ എസ് | 9048215147 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | സി.ഡി.എസ് | കൃഷി |
| 13 | രമണൻവാളൂർ | 9526620994 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 14 | സിവി ഗോപകുമാർ | 9495535114 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 15 | വിജയൻകൈ | 9961503146 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |

# അദ്ധ്യായം3(1)

# 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1996 കാലഘട്ടത്തിൽ 80 % നാടൻ പശുക്കളായിരുന്നു കർഷകർ വളർത്തിയിരുന്നത്. മൃഗ ചികിത്സാരംഗത്ത് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് നേരിട്ടിരുന്നു. 1965 -ൽ സബ്സെന്ററായി ആരംഭിച്ച ഇന്നത്തെ കരിന്തളം മൃഗാശുപത്രി 1992 -ൽ ഡിസ്പെൻസറിയായി അപ്ഗ്രേഡ് ചെയ്തു. പിന്നീട് ആശുപത്രിയായി ഉയർത്തിയെങ്കിലും ജനകീയാസൂത്രണത്തിന് മുമ്പ് ഡിസ്പെൻസറിയുടെ സൌകര്യം മാത്രമേ ആശുപത്രിക്കുണ്ടായിരുന്നുള്ളൂ. കെട്ടിടം വളരെ പഴയതായിരുന്നു. ആവശ്യമായ ഫർണിച്ചറും ഉപകരണങ്ങളും ഉണ്ടായിരുന്നില്ല. ചോയ്യംകോട് ICDP സബ്സെന്റർ വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്.

മൃഗപരിപാലന രംഗത്ത് കാലിത്തീറ്റയുടെ അപര്യാപ്തത ഉണ്ടായിരുന്നു. ചായ്യോത്ത്, കാലിച്ചാമരം,ബിരിക്കുളം, കാട്ടിപ്പൊയിൽ, പരപ്പ എന്നിവിടങ്ങളിലായി 5 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നു

| ക്രമ നമ്പർ | മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ | 1996 ലെ അവസ്ഥ | ഇന്നത്തെ അവസ്ഥ (2021-22) |
|---|---|---|---|
| 1 | വെറ്ററിനറി ഡിസ്പെൻസറി | 1 | 1 |
| 2 | വെറ്ററിനറി സബ് സെൻറർ | 1 | 3 |
| 3 | പ്രൈവറ്റ് കൃത്രിമ ബീജ സങ്കലന കേന്ദ്രം | 4 | 3 |
| 4 | ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ | 5 | 7 |
| 5 | മിൽമ ബൂത്ത് | 1 | 49 |
| 6 | ബ്രോയിലർ ചിക്കൻ യൂണിറ്റ് | 3 | 12 |
| 7 | പന്നി വളർത്തൽ യൂണിറ്റ് | 1 | 5 |

## അനിമൽ പോപ്പുലേഷൻ

| ക്രമ നമ്പർ | മൃഗം | 1996 ലെ പോപ്പുലേഷൻ ( 1987ലെ സെൻസസ് പ്രകാരം ) | 2021-22 ലെ പോപ്പുലേഷൻ ( 2011 ലെ സെൻസസ് പ്രകാരം ) |
|---|---|---|---|
| 1 | പശു (സങ്കരയിനം) | 635 | 2227 |
| 2 | പശു (നാടൻ) | 449 | 80 |
| 3 | എരുമ &പോത്ത് | 173 | 50 |
| 4 | ആട് | 396 | 988 |
| 5 | പന്നി | 1343 | 102 |
| 6 | നായ | 1105 | വളർത്തുനായ 1018<br>തെരുവ് നായ 458 |
| 7 | കോഴി | 3224 | 12652 |
| 8 | താറാവ് | 8486 | 150 |
| 9 | മുയൽ | | 136 |
| 10 | ടർക്കി കോഴി | | 26 |
| 11 | മറ്റു വളർത്തുപക്ഷികൾ | | 112 |

## വാർഷിക രോഗവിവരങ്ങൾ

| വർഷം | പശു | എരുമ | ആട് | പന്നി | കോഴി | നായ | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| **1.ദഹന സംബന്ധമായ രോഗങ്ങൾ** | | | | | | | | |
| 1996 | 486 | 148 | 188 | 121 | | | | |
| 2021 | 2000< | 100< | 400< | 50< | | 250< | 50< | 25< |
| **2.ഉപാപചയ രോഗങ്ങൾ** | | | | | | | | |
| 1996 | 58 | 6 | 72 | 140 | | | | |
| 2021 | 1000< | 50< | 150< | 75< | 1500< | 50< | 50< | 100< |
| **3.ശ്വാസകോശ സംബന്ധമായ രോഗങ്ങൾ** | | | | | | | | |
| 1996 | 96 | 41 | 66 | 98 | 2800 | | | |
| 2021 | 1000< | 100< | 300< | 100< | 3000< | 50< | 50< | 50< |
| **4.ത്വക്ക് രോഗങ്ങൾ** | | | | | | | | |
| 1996 | 162 | 43 | 76 | 48 | | 32 | | |
| 2021 | 700 | 250 | 200 | 100 | | 500 | 100 | 50 |
| **5.ധാതുലവണങ്ങളുടെ അഭാവം** | | | | | | | | |
| 1669 | 260 | 12 | 84 | 14 | | | | |
| 2021 | 500< | 50< | 500 | 100 | 500 | 500 | 50 | 50 |
| **6.പരാഗ രോഗങ്ങൾ** | | | | | | | | |
| 1996 | 980 | 148 | 316 | 116 | 1650 | | | |
| 2021 | 1000< | 250< | 1000< | 100 | 2000 | 500< | 100< | 50< |
| **7.പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ** | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1996 | 162 | 14 | 56 | 12 | | | | |
| 2021 | 500< | 25 | 200 | 100 | | 10 | 10 | |
| **8.വന്ധ്യത** | | | | | | | | |
| 1996 | 78 | 4 | 18 | 4 | | | | |
| 2021 | 150 | 50 | 200 | 10 | | 10 | | |
| **9.അകിടുവീക്കം** | | | | | | | | |
| 1996 | 52 | 12 | 56 | 6 | | | | |
| 2021 | 1000< | 100< | 500< | 50< | | | | |
| **10.മുടന്തൻപനി** | | | | | | | | |
| 1996 | 148 | 24 | | | | | | |
| 2021 | 500< | 50< | | | | | | |
| **11.പകർച്ചവ്യാധികൾ** | | | | | | | | |
| 1996 | 260 | 12 | | | | | | |
| 2021 | 500 | 20 | 50 | 200 | 100 | 25 | | |

# അദ്ധ്യായം3(2)

# ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

കാസർഗോഡ് ജില്ലയുടെ മലയോര മേഖലയായ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണം ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് ജീവിക്കുന്ന ധാരാളം ക്ഷീരകർഷകരുണ്ട്സാധാരണ .കുടുബങ്ങളിലെ വീട്ടമ്മമാരെ സ്വയം പര്യാപ്തതയിലെത്തിക്കുവാനും , സ്ഥിരമായ വരുമാനം സാധ്യമാകുന്നതിനും മൃഗപരിപാലനം നിർണായകപങ്ക് വഹിക്കുന്നുണ്ട് ജനകീയാസൂത്രണം .25 വർഷം പിന്നിട്ടുമ്പോൾ നേട്ടങ്ങളുടെ കൊട്ടുമുടി തന്നെ എത്തിപ്പിടിക്കുവാൻ സാധിച്ചിട്ടുണ്ട്ശാസ്ത്രീയമായ രീതിയിൽ . മൃഗപരിപാലനവും ഹൈടെക് ഫാമുകളും, മെഷീനറികളും, അഡ്വാൻസ്ഡ് ചികിത്സാരീതികളും കൊണ്ട് നമ്മൾ ഏറെ മുന്നേറ്റം കൈവരിച്ചു എന്ന് നിസംശയം അവകാശപ്പെടാവുന്നതാണ് നമ്മുടെ കന്നുകാലി സമ്പത്തിന്റെ .80% സങ്കരയിനത്തിപ്പെട്ട കാലികളും 20% കാസർഗോഡിന്റെ തനത് ബ്രീഡായ കാസർഗോഡ് കുള്ളൻപശുക്കളു പാലുൽപ്പാദനത്തിലും, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനത്തിലും നാം സ്വയം പര്യാപ്തതയിലേക്കെത്തിച്ചേർന്നുകൊണ്ടിരിക്കുകയാണ്.

ജനകീയാസൂത്രണ പദ്ധതിയിലൂടെ മൃഗാശുപത്രി ISO നിലവാരത്തിലേക്ക് ഉയർത്തി. ജില്ലയിലെ ആദ്യത്തെ ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെ സജീകരിച്ച ആധുനിക മൃഗാശുപ്രതിയായി കരിന്തളം മാറി. ക്ഷീരവികസന മേഖലയിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയായി 25 ലക്ഷത്തോളം രൂപ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നൽകുന്നു. ക്ഷീരകർഷകരെ സഹായിക്കുന്നതിനായി കാലിത്തീറ്റ വിതരണം, ധാതുലവണ വിരമരുന്ന് അത്പോലെ മൃഗാശുപത്രയിൽ ആവശ്യമായ മരുന്ന് വാങ്ങുന്നതിനുള്ള പദ്ധതി എന്നിവയെല്ലാം വളരെ ഫലപ്രദമായി നടപ്പാക്കിവരുന്നു. എന്നിരുന്നാലും പഞ്ചായത്തിൽ എല്ലാം പ്രദേശങ്ങളും സമയബന്ധിതമായി സേവനമെത്തിക്കാൻ ആകെയുള്ള ഒരു മൃഗാശുപത്രിയും മൂന്ന് സബ്സെന്ററുകളും മുഖേന കഴിയുന്നില്ല. മൃഗസംരക്ഷണ മേഖലയിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ 15050988 രൂപയുടെ പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞു. സുഭിക്ഷ കേരളം പദ്ധതിയിലൂടെ പശു, ആട്ട വളർത്തലിന് ധനസഹായമനുവദിക്കാൻ സാധിച്ചു.

ക്ഷീരോൽപാദക മേഖലയിൽ 7 സഹകരണ സംഘങ്ങളാണ് നിലവിൽ നമ്മുക്കുള്ളത്.7 സംഘങ്ങളിലായി 451 കർഷകർ വർഷത്തിൽ ശരാശരി 1414536 ലിറ്റർ പാൽ അളക്കുന്നു. കാസർഗോഡ് ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ക്ഷീരസഹകരണ സംഘങ്ങളുള്ളതും ഏറ്റവും കൂടുതൽ പാൽ അളക്കുന്നതുമായ പഞ്ചായത്തായി മാറാൻ നമ്മുടെ പഞ്ചായത്തിന്

സാധിച്ചു.ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടിക ചേർക്കുന്നു.

| **ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ പേര്** | **സംഘത്തിലെ ക്ഷീര കർഷകരുടെ എണ്ണം** | **വർഷത്തിലെ ശരാശരി പാലളവ് ലിറ്ററിൽ** |
|---|---|---|
| ചായ്യോത്ത് | 70 | 277720 |
| ബിരിക്കുളം | 92 | 228300 |
| കാലിച്ചാമരം | 95 | 328720 |
| കാട്ടിപ്പൊയിൽ | 44 | 123553 |
| കൊല്ലംപാറ | 56 | 182269 |
| പരപ്പ | 61 | 143446 |
| കുറുഞ്ചേരിത്തട്ട് | 33 | 130528 |
| **ആകെ** | **451** | **1414536** |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രേജക്ടിൻറെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | GEN | 1200000 | 290 ക്ഷീര കർഷകർക്ക്100 kg കാലിത്തീറ്റ 4 മാസപ്ത്തക്ക്50 %സബ്സിഡി നിരക്കിൽനൽകാൻ കഴിയും | 290 ക്ഷീര കർഷകർക്ക് 100 kg കാലിത്തീറ്റ 4 മാസപ്ത്തക്ക്50 %സബ്സിസി നിരക്കിൽ നൽകാൻ കഴിഞ്ഞു | കാലിത്തീറ്റ വില വർദ്ധനവിൽ നിന്ന് കർഷകർക്ക്4 മാസത്തേക്ക് സബ്സിഡി നിരക്കിൽ 100 kg തീറ്റ ലഭിക്കുന്നത് ലാഭകരമാണ്. |
| 2 | | കറവപശുക്കൾക്ക് ധാതു ലവണ മിശ്രിതം | GEN | 400000 | പഞ്ചായത്തിൻറെ പരിധിയിലുള്ള എല്ലാ ക്ഷീര കർഷകർക്കും Mineral mixture സൗജന്യമായി ലഭ്യമാക്കുക | കറവപശുവിനെ വളർത്തുന്ന എല്ലാ കർഷകർക്കും സൗജന്യമായി Mineral mixture നൽകാൻ സാധിച്ചു. | മികച്ച പാൽ ഉത്പാദനത്തിനുതകുന്നതിനാൽ ക്ഷീരകർഷകർക്ക് പ്രയോജനകരമാണ്. സൗജന്യമായി ലഭ്യമാകുന്നതിനാൽ കർഷകർക്ക് ലാഭകരവുമാണ് |
| 3 | | മൃഗാശുപത്രിയിലേക്കു മരുന്ന് വാങ്ങൽ | GEN | 300000 | മൃഗ ചികിത്സക്കാവശ്യമായ മുഴവൻ മരുന്നുകളും കർഷകർക്ക് സൗജന്യമായി മൃഗാശുപത്രിവഴി നൽകുക. | സാധാരണ കണ്ടുവരുന്ന രോഗങ്ങൾക്കും പഞ്ചായത്തിലെ മൃഗസംഭത്തിനനുശ്രുതമായും ആശുപത്രിവഴി സൗജന്യമായി മരുന്ന് ലഭ്യമാക്കാൻ സാധിച്ചു. | പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് മരുന്നുവാങ്ങാൻ സാധ്യമാകാത്ത സാഹചര്യങ്ങളിൽ ഇതു വളരെ പ്രയോജനകരമാണ്.സമയബന്ധിതമായി ചികിത്സ നൽകാനും സാധിക്കുന്നു. |
| 4 | | കൌ | GEN | 47000 | വീണു പോകുന്ന | വീണു പോകുന്ന | ചെറിയ ചിലവിലും ചുരുങ്ങിയ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ലിഫ്റ്റിങ് മഷീൻ വാങ്ങൽ | | | കന്നുകാലികളെ ഉയർത്തി ശാസ്ത്രീയമായ ചികിത്സ നല്കാൻ സാധിക്കും | കന്നുകാലികളെ ഉയർത്തി ശാസ്ത്രീയമായ ചികിത്സ നല്കാൻ സാധിക്കും | ശാരീരിക അധ്വാനത്തിലൂടെയും വീണുപോയകന്നുകാലികളെ ഉയർത്താനുള്ള സംവിധാനം വളരെ പ്രയോജനകരമാണ്. |
| 5 | | മൃഗാശുപത്രിക്കാവശ്യമായ സാധനങ്ങൾ വാങ്ങൽ | GEN | 30000 | മൃഗാശുപത്രിയിലെ ലാബിലേക്കും ഓപ്പറേഷൻ തീയേറ്ററിലേക്കും ആവശ്യമായ സാധനങ്ങൾലഭ്യമാക്കൽ. | മൃഗാശുപത്രിയിലെ ലാബിലേക്കും ഓപ്പറേഷൻ തീയേറ്ററിലേക്കും ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കാൻ സാധിച്ചു. | സാധാരണ ഗ്രാമ പ്രദേശങ്ങളിൽ ലഭയമാകാത്തതും വിലപിടിപ്പുള്ളതുമായ ആവശ്യ സാധനങ്ങൾ മൃഗാശുപത്രിയിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി ചികിത്സ ഫലപ്രദമായി നല്കാൻ സാധിക്കും. |
| 6 | | മൃഗാശുപത്രിക്കു ISO അംഗീകാരം വാങ്ങൽ | GEN | 250000 | മൃഗാശുപതിക്കു ISO അംഗീകാരം ലഭ്യമാക്കി,മൃഗചികിത്സാരംഗത്തു മെച്ചപ്പെട്ട സേവനം നല്കുന്നതിനോടൊപ്പം സ്ഥാപനത്തിന്റെ മുഴുവൻ പ്രവർത്തനത്തിലും മെച്ചപ്പെട്ട നിലവാരം ഉറപ്പാക്കുക | മൃഗാശുപതിക്കു അംഗീകാരം ലഭ്യമാക്കി,മൃഗചികിത്സാരംഗത്തു മെച്ചപ്പെട്ട സേവനം നല്കുന്നതിനോടൊപ്പം സ്ഥാപനത്തിന്റെ മുഴുവൻ പ്രവർത്തനത്തിലും മെച്ചപ്പെട്ട നിലവാരം ഉറപ്പാക്കാൻ സാധിച്ചു. | മികച്ച സേവനം ലഭ്യമാകുന്നതിനാൽ കർഷകർക്ക് ചികിത്സയും വിജന വ്യാപനവും പദ്ധതികളെ കുറിച്ചുള്ള വിവരങ്ങളുണ് കൃത്യവും സുതാര്യവുമായി സംവദിക്കാൻ സാധിക്കുന്നു. |

## പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രേജക്ടിൻറെ പേര് | GEN/ SCSP /TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| ഇല്ല | | | | | | | | |

## 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രോ ജക്ട് നമ്പ ർ | പ്രേജക്ടിൻറെ പേര് | So/New | GEN /SC SP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 5 | ക്ഷീരകർഷകർക്ക് ധാതു ലവണമിശ്രിതവും വിരമരുന്നും. | NEW | GEN | 400000 | 1 കിലോ വീതമുള്ള Keramin(Mineral mixture) ബാഗ് 4000 എണ്ണം വാങ്ങൽ | 400000 | എല്ലാ ക്ഷീരകർഷകർക്കും 10ബാഗ് Keramin (Mineralmixture) | പൂർത്തീകരിച്ചു. |
| 2 | 10 | കറവപ്പശുവിനു കാലിത്തീറ്റ സബ്സിഡി | NEW | GEN | 1200000 | പരമാവധി50%സബ്സിഡി നിരക്കിൽ മാസം 100 kgകാലിത്തീറ്റ, നാലുമാസത്തേക്ക് | 1194800 | തിരഞ്ഞെടുക്കപ്പെട്ട 290ക്ഷീരകർഷകർക്ക് പ്രതിമാസം 100 kg കാലിത്തീറ്റ സബ്സിഡി നിരക്കിൽലഭ്യമാക്കാൻ സാധിച്ചു. . | പൂർത്തീകരിച്ചു. |
| 3 | 8 | മൃഗാശുപത്രിക്കു മരുന്ന് വാങ്ങൽ | NEW | GEN | 425000 | മൃഗ ചികിത്സക്കാ വശ്യമായ മുഴുവൻ മരുന്നുകളും കർഷകർക്ക് സൗജന്യമായി മൃഗാശുപത്രിവഴി നൽകുക. | 425000 | സാധാരണ കണ്ടുവരുന്ന രോഗങ്ങൾക്കും പഞ്ചായത്തിലെ മൃഗസംഭത്തിനനുശ്രുതമായും ആശുപത്രിവഴി സൗജന്യമായി മരുന്ന് ലഭ്യമാക്കാൻ സാധിച്ചു. | പൂർത്തീകരിച്ചു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | 6 | മൃഗാശുപത്രിക്കാവശ്യമായ സാധനങ്ങൾ വാങ്ങൽ | NEW | GEN | 30000 | മൃഗാശുപത്രിയിലെ ലാബിലേക്കും ഓപ്പറേഷൻ തീയേറ്ററിലേക്കും ആവശ്യമായ സാധനങ്ങൾലഭ്യമാക്കൽ. | 30000 | മൃഗാശുപത്രിയിലെ ലാബിലേക്കും ഓപ്പറേഷൻ തീയേറ്ററിലേക്കും ആവശ്യമായ സാധനങ്ങൾലഭ്യമാക്കൽ സാധിച്ചു. | പൂർത്തീകരിച്ചു. |
| 5 | 12 | കൌലിഫ്റ്റിങ് മെഷീൻ വാങ്ങൽ | NEW | GEN | 47000 | വീണു പോകുന്ന കന്നുകാലികളെ ഉയർത്തി ശാസ്ത്രീയമായ ചികിത്സ നല്കാൻസാധിക്കും | 40000 | വീണു പോകുന്ന കന്നുകാലികളെ ഉയർത്തി ശാസ്ത്രീയമായ ചികിത്സ നല്കാൻ സാധിക്കുന്നു. | പൂർത്തീകരിച്ചു. |
| 6 | 7 | ബിരിക്കുളം വെറ്ററിനറി ഉപകേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ | NEW | GEN | 20000 | 2 Revolving chair,5 Fibre chair,2 cealing fan, ,1 wooden bench എന്നിവവാങ്ങൽ. | 19800 | 2 Revolving chair,5 Fibre chair,2 cealing fan, ,1 wooden bench എന്നിവവാങ്ങി | പൂർത്തീകരിച്ചു. |
| 7 | 11 | മൃഗാശുപത്രിക്കു Computer& Printer വാങ്ങൽ | NEW | GEN | 50000 | 1 COMPUTER, 1 PRINTER വാങ്ങൽ. | 48942 | മൃഗാശുപത്രിക്കു 1-Computer& 1-Printer ലഭ്യമാക്കുക. | പൂർത്തീകരിച്ചു. |
| 8 | 13 | ISO തുടർപ്രവർത്തനങ്ങൾ | NEW | GEN | 60000 | മൃഗാശുപതിക്കു ISO അംഗീകാരംനിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. | 60000 | ISO അംഗീകാരം | പൂർത്തീകരിച്ചു. |

# അദ്ധ്യായം3(3)

## വെല്ലുവിളികൾ,വികസന വിടവുകൾ, പ്രശ്നവിശകലനം  പരിഹാര സാധ്യതകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം ,വിഭാഗം | പ്രശ്ന തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേസ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർ ഇതര തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | | കാലിത്തീറ്റ വിലവർദ്ധനവ് | പഞ്ചായത്ത് | | | ✓ | കാലിത്തീറ്റ നിർമ്മാണച്ചിലവ്, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ചിലവും | പഞ്ചായത്ത് തലത്തിൽ കാലിത്തീറ്റ നിർമാണ യൂണിറ്റ് ആരംഭിക്കുക | | | സർക്കാർ തലത്തിൽ കാലിത്തീറ്റ വിലവർദ്ധനവ് ക്രമപ്പെടുത്തുക |
| 2 | | പാലിന് ഇൻസെൻറ്റീവ് | പഞ്ചായത്ത് | | ✓ | | കർഷകർക്ക് മതിയായ ഇൻസന്റീവ് ലഭിക്കുന്നില്ല | | | | സർക്കാർ തലത്തിൽ പാലിൻറെ ഇൻസെന്റീവ് കൂട്ടുക |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | | തെരുവുനായകളുടെ എണ്ണത്തിലുള്ള വർദ്ധനവ് | പഞ്ചായത്ത് | | ✓ | | അനിമൽ ബർത്ത് കണ്ട്രോൾ സംവിധാനംപഞ്ചായത്തിൽ നടപ്പാക്കാത്തത് | അനിമൽ ബർത്ത് കണ്ട്രോൾ സംവിധാനം പഞ്ചായത്ത് തലത്തിൽ സ്ഥിരമായി നടപ്പിലാക്കുക | | | തെരുവുനായകളുടെ എണ്ണത്തിലുള്ള വർദ്ധനവ് |
| 4 | | വന്ധ്യത | പഞ്ചായത്ത് | | ✓ | | കാലാവസ്ഥയുടെയും കാലിത്തീറ്റയുടേയും രോഗങ്ങളുടേയും കാരണത്താൽ.പശുക്കളിൽ വന്ധ്യത കണ്ടെത്താൻ ശാസ്ത്രീയമാര്ഗങ്ങള് ഉപയോഗിക്കാത്തത് | വന്ധ്യതാ ക്യാമ്പ് സംഘടിപ്പിക്കുക | | | 1.കൂടുതൽ ശാസ്ത്രീയ മാർഗ്ഗങ്ങള് വികസിപ്പിക്കുക<br><br>2.മൃഗപരിപാലനം ശാസ്ത്രീയമാക്കുന്നതിനുള്ള മാർഗ്ഗങ്ങള് ആവിഷ്കരിക്കുക. |
| 5 | | രാത്രികാല മൃഗചികിത്സാ സേവനം | കരിന്തളം മൃഗാശുപത്രി | | | ✓ | സ്ഥിരം നിയമനം ഇല്ലാത്തതുകൊണ്ട് | | | | സർക്കാർതലത്തിൽ സ്ഥിരനിയമനം സാധ്യമാക്കുക |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 6 | | അനിമൽ ഷെൽട്ടറിന്റെ കുറവ് | പഞ്ചായത്ത് | | ✓ | | കോവിഡ് മൂലം കർഷകർക്ക് മൃഗങ്ങളെ പരിപാലിക്കാൻ കഴിയാതെ വരുമ്പോഴും,പ്രകൃതിക്ഷോഭങ്ങൾ മൂലം മാറ്റി പാർപ്പിക്കാനും റാബീസ് പോലുള്ള രോഗങ്ങൾ വന്ന അനിമൽസിനെ പാർപ്പിക്കാനും ഷെൽട്ടർ നിലവിൽ ഇല്ല | 1.പഞ്ചായത്ത് തലത്തിൽ അനിമൽ ഷെൽട്ടർ നിർമിക്കുക 2.ബ്ലൂ ആർമി രൂപീകരിക്കൽ | | | അനിമൽ ഷെൽട്ടറിന്റെ കുറവ് |
| 7 | | കർഷകർക്ക് മികച്ച വരുമാനമില്ല.തൊഴിൽ സാധ്യതകള് പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. | പഞ്ചായത്ത് | | ✓ | | പാലുൽപന്നങ്ങൾക്ക് വിപണി സാധ്യത കുറവ് ചാണകം വളമാക്കി മാർക്കറ്റ് ചെയ്യുന്നതിനുള്ള മികച്ച സംവിധാനം ഇല്ലാത്തത് | 1.പാലിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങള് ഉണ്ടാക്കുന്ന യൂണിറ്റ് 2.സൈലേജ്/ കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് 3.സമ്മിശ്ര കൃഷി ആവിഷ്കരിക്കുക 4.അസോള കൃഷി പ്രോസ്താഹിപ്പിക്കുക 5.തീറ്റപ്പുൽകൃഷി 6.സമ്പൂർണ ഇൻഷൂരൻസ് പദ്ധതി നടപ്പാക്കുക | | | ശാസ്ത്രീയമായ നിർദ്ദേശവും പരിശീലനവും ലഭ്യമാക്കാം .കുടുംബശ്രീയുടെയും വ്യവസായവകുപ്പിന്റെയും,തൊഴിലുറപ്പ് പദ്ധതിയുടെയും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താം. |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 7.രണ്ട് പശുക്കളുള്ള കർഷകർക്ക് ബയോഗ്യാസ് പ്ലാന്റ് പദ്ധതി അനുവദിക്കുക 8.കൃഷിയിലും ,മൃഗസംരക്ഷണത്തിലും പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുക<br><br>8.കർഷകർക്ക് മികച്ചതും ശാസ്ത്രീയവുമായ ചികിത്സാ സൌകര്യം സമയബന്ധിതമായി നൽകുക. | | | |
| 8 | | നാടൻ ഇനങ്ങള് അന്യമാകുന്നു. | പഞ്ചായത്ത് | | ✓ | | 1.കർഷകര് ലാഭം മാത്രം ലക്ഷ്യമിടുന്നത്.<br><br>2.നാടൻ ഇനങ്ങളെ വളർത്തുന്നതിന് പ്രോത്സാഹനത്തിന്റെയും ബോധവൽക്കരണത്തിന്റെയും കുറവ് | ജൈവ വൈവിദ്ധ്യ ബോർഡിന്റെ ധനസഹായം കൂടി ഉൾപ്പെടുത്തി നാടൻ പശു,ആട്,കോഴി വളർത്തുന്നതിന് പദ്ധതി ആവിഷ്കരിക്കാം | | | കർഷകർക്ക് നാടന് ഇനങ്ങളെ വളർത്തുന്നതിന് 100%സബ്സിഡി നൽകുക.പരമാവധി ആനുകൂല്യങ്ങൾ നൽകുക. |

# അദ്ധ്യായം3(4)

# വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ക്ഷീരവികസനം | എല്ലാ ക്ഷീര കർഷകർക്കും കാലിത്തീറ്റ സബ്സിഡി | മുഴുവൻ കർഷകർക്കും ലഭ്യമാക്കാൻ കഴിയുന്നില്ല | തിരഞ്ഞെടുക്കപ്പെട്ടന്ന കർഷകർക്ക് മാത്രം | എല്ലാ ക്ഷീര കർഷകർക്കും കാലിത്തീറ്റ സബ്സിഡി | എല്ലാ ക്ഷീര കർഷകർക്കും കാലിത്തീറ്റ സബ്സിഡി 10 മാസക്കാലവും സബ്സിഡി നൽകുക | കൂടുതൽ തുക മാറ്റിവയ്ക്കുക ,സബ്സിഡി നൽകുന്ന മാസങ്ങൾ കുറക്കുക |
| 2 | ക്ഷീരവികസനം | എല്ലാ ക്ഷീര കർഷകർക്കും MINERAL MIXTURE | മുഴുവൻ കർഷകർക്കും ലഭ്യമാക്കാൻ കഴിയുന്നില്ല | തിരഞ്ഞെടുക്കപ്പെട്ടന്ന കർഷകർക്ക് മാത്രം | എല്ലാ ക്ഷീരകര്ഷകര്ക്കും MINERAL MIXTURE | എല്ലാ ക്ഷീരകര്ഷകര്ക്കും MINERAL MIXTURE | കൂടുതൽ തുക മാറ്റിവയ്ക്കുക |
| 3 | ക്ഷീരവികസനം | പാലിന്റെ ഇൻസെന്റീവ് വർധിപ്പിക്കുക | മുഴുവൻ കർഷകർക്കും ലഭ്യമാക്കാൻ കഴിയുന്നില്ല | പാൽ സൊസൈറ്റിയിൽ പാൽ അളക്കുന്നവർക്ക | പാൽ സൊസൈറ്റിയിൽ പാൽ അളക്കുന്നവർക്ക | പാൽ സൊസൈറ്റിയിൽ പാൽ അളക്കുന്നവർക്ക | കൂടുതൽ തുക മാറ്റിവയ്ക്കുക |
| 4 | മൃഗസംരക്ഷണം | സമ്പൂർണ കന്നുകാലി ഇൻഷുറൻസ് | മുഴുവൻ കർഷകർക്കും ലഭ്യമാക്കാൻ കഴിയുന്നില്ല | ഓരോ കർഷകരും സ്വന്തം നിലയിൽ , മൃഗസംരക്ഷണ വകുപ്പിലൂടെ നിശ്ചിത എണ്ണം , മിൽമ വഴി | തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് സബ്സിഡി ലഭ്യമാക്കി | തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് സബ്സിഡി ലഭ്യമാക്കി | സാമൂഹിക സാമ്പത്തിക മാനദണ്ഡങ്ങൾ വിലയിരുത്തി ഒപ്പം പശുക്കളുടെ ഉത്പാദനവും കണക്കിലെടുത്തു കർഷകരെ തിരഞ്ഞെടുത്തു 50% സബ്സിഡി ലഭ്യമാക്കുക |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | മൃഗസംരക്ഷണം | നാടൻ കോഴി,ആട് വളർത്തല് പദ്ധതി | നിലവിൽ പദ്ധതിയില്ല | നാടൻ ഇനങ്ങള് അന്യമായിക്കൊണ്ടിരിക്കുന്നു | രോഗപ്രതിരോധ ശേഷിയും,സങ്കര ഇനത്തക്കാൾ ഗുണവുമുള്ള നാടൻ ഇനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഫാമുകൾ ആരംഭിക്കുക | നാടൻ കോഴി,ആട് വളർത്തല് പദ്ധതി ആരംഭിക്കുക | ജൈവ വൈവിദ്ധ്യ ഫണ്ട് കൂടി ഉപയോഗപ്പെടുത്തി പദ്ധതി ആവിഷ്കരിക്കുക |
| 6 | കൃഷി-മൃഗസംരക്ഷണം-ഉദ്പാദനം | ചാണകം വളമാക്കുന്ന പദ്ധതി | നിലവിൽ പദ്ധതിയില്ല.കർഷകരുടെ മികച്ച വരുമാനം,കാർഷിക ഉദ്പാദന വർദ്ധനവ് എന്നിവ ലക്ഷ്യമിടാം. | കർഷകർക്ക് സബ്സിഡി നൽകുന്നില്ല.ശാസ്ത്രീയമായ രീതിയിൽ വേസ്റ്റ് പിറ്റ് നിർമ്മിക്കുന്നില്ല | മുഴുവൻ കർഷകർക്കും സബ്സിഡി നൽകുക | പദ്ധതി ആരംഭിക്കുക | സർക്കാര് മാനദണ്ഡങ്ങൾക്കനുസൃതമായി സബ്സിഡി നൽകുക.തൊഴിലുറപ്പ് പദ്ധതി സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തുക |
| 7 | മൃഗസംരക്ഷണം-ഉദ്പാദനം | 1.പാലിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങള് ഉണ്ടാക്കുന്ന യൂണിറ്റ്<br>2.സൈലേജ്/കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്<br>3.സമ്മിശ്ര കൃഷി ആവിഷ്കരിക്കുക<br>4.അസോള കൃഷി പ്രോസ്താഹിപ്പിക്കുക<br>5.തീറ്റപുൽകൃഷി പ്രോത്സാഹിപ്പിക്കുക | കർഷകരുടെ സ്വയം പര്യാപ്തത,ലാഭം,മികച്ച പ്രോത്സാഹനം,പുതിയ തൊഴിൽ സാധ്യത,ഉദ്പാദന വർദ്ധനവ്,മെച്ചപ്പെട്ട വിപണന സാധ്യത | കാലിത്തീറ്റയുടെ വില ർദ്ധനവ്, പാല് പാലുൽപന്ന വിപണന സാധ്യത കുറവ് കർഷകർക്ക് വരുമാന വർദ്ധനവിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. | മികച്ച യൂണിറ്റുകൾ/വ്യാവസായികാടിസ്ഥാനത്തിലേക്ക് ലക്ഷ്യമിടാം | പരീക്ഷണാടിസ്ഥാനത്തിൽ യൂണിറ്റുകള് ആരംഭിക്കാം | കൃഷി ,മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, വ്യവസായ വകുപ്പ്,കുടുംബശ്രീ സാധ്യതകൾ പ്രയോജനപ്പെടുത്താം |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | മൃഗസംരക്ഷണം | മൃഗസംരക്ഷണം /സേവനം എന്നിവയ്ക്കായി പ്രത്യേക മൊബൈൽ അപ്ലിക്കേഷൻ | സേവന നിലവാരം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത | Data collection updated അല്ല.സേവനം സമയബന്ധിതമായും കൃത്യമായും നൽകുന്നതിന് തടസ്സം | ഓൺലൈന് രജിസ്ട്രേഷനും അതുവഴിയുള്ള സേവനം നൽകലും പൂർണമായും നടപ്പിലാക്കുക | സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താം. | മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്,സഹായത്തോടെ പദ്ധതി നടപ്പാക്കാം |
| 9 | മൃഗസംരക്ഷണം | ബ്ലൂ ആർമി രൂപീകരണം | കോവിഡ് സാഹചര്യം,പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോഴും കർഷകർക്കും അവരുടെ വളർത്തു മൃഗങ്ങൾക്കും പ്രയോജനകരമാം വിധം പ്രത്യേക സേന | ഇത്തരം സാഹചര്യങ്ങളിൽ കർഷകരെ സഹായിക്കുന്നതിനായി സാധിക്കുന്നില്ല | മുഴുവൻ പ്രദേശത്തും പ്രാദേശിക മായി രൂപീകരിക്കൽ | പരീക്ഷണാടിസ്ഥാനത്തിൽ രൂപീകരിക്കാം | മൃഗസംരക്ഷണ വകുപ്പിൽനിന്നും ക്ഷീര വികസന വകുപ്പിൽ നിന്നും പ്രത്യേക നിർദ്ദേശങ്ങളും പരിശീലനവും ലഭ്യമാക്കാം |
| 10 | മൃഗസംരക്ഷണം-ഉദ്പാദനം | ബയോഗ്യാസ് പ്ലാന്റ് | 2 പശുക്കളെങ്കിലും ഉള്ള കർഷകർക്ക് പാചക വാതകത്തിന്റെ ലഭ്യത ഉറപ്പ് വരുത്താം | നിലവിൽ പദ്ധതി ഇല്ല | മുഴുവൻ കർഷകർക്കും ലഭ്യമാക്കുക | പദ്ധതി ആരംഭിക്കുക | ശുചിത്വ മിഷൻ ,തൊഴിലുറപ്പ് പദ്ധതി സഹായത്തോടെ പദ്ധതി ആവിഷ്കരിക്കാം |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | മൃഗസംരക്ഷണം- | ആട് ഗ്രാമം പദ്ധതി,പോത്ത് വളർത്തൽപദ്ധതി | പഞ്ചായത്തിൽ തരിശ് നിലങ്ങൾ ധാരാളമുള്ളതിനാൽ ലാഭകരമായി ആട് വളർത്തലും പോത്ത് വളർത്തലും മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കാം | പദ്ധതി ഇല്ല | പദ്ധതി വിപുമാക്കുക | പദ്ധതി ആരംഭിക്കുക | സബ്സിഡി മാനദണ്ഡപ്രകാരം നടപ്പാക്കാം.തൊഴിലുറപ്പ് പദ്ധതിയിൽ ആട്ടിൻകൂട് നൽകാം. |
| 12 | മൃഗസംരക്ഷണം-ശുചിത്വം | ആധുനിക അറവ്ശാല | ശാസ്ത്രീയ മാംസഉൽപാദനം-വിപണനം | ശാസ്ത്രീയ മാംസഉൽപാദനം-വിപണനം സംവിധാനം നിലവിൽ അപര്യാപ്തം | ബഹുവർഷ പ്രോജക്ടായി ലക്ഷ്യമിടാം | പദ്ധതിക്കുള്ള സ്ഥലം ലഭ്യമാക്കാം | അനുയോജ്യമായ സ്ഥലം ലഭ്യമാക്കി ശുചിത്വമിഷൻ,മേൽത്തട്ട് പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പാക്കാം. |
| 13 | മൃഗസംരക്ഷണം- | മൃഗാശുപത്രി ,വെറ്റിനറി സബ്സെന്റർ വികസനം | ചികിത്സാ സൌകര്യ വികസനം | സീനിയർ വെറ്റിനറി സർജന്റെ സേവനം ലഭ്യമല്ല.രാത്രികാലത്ത് വെറ്റിനറി സർജന്റെ സേവനം ലഭ്യമല്ല.മൃഗാശുപത്രി ജീവനക്കാർക്ക് ക്വാട്ടേഴ്സ് ഇല്ല. വെള്ളരിക്കുണ്ട് VSC യ്ക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ല | മൃഗ ചികിത്സാ സ്ഥാപനം/സംവിധാനങ്ങളുടെ സമ്പൂർണ വികസനം | ജീവനക്കാരുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാം വെള്ളരിക്കുണ്ട് VSC യ്ക്ക് സ്വന്തമായി സ്ഥലം ആർജിക്കുന്നതിനുള്ള നടപടിസ്വീകരിക്കാം | സ്ഥലം സൌജന്യമായി ആർജിക്കുന്നതിന് പരിശ്രമിക്കാം. |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | മൃഗസംര ക്ഷണം- | കന്നുകാലികളിലെ വന്ധ്യതാ നിവാരണ ക്യാമ്പ് | കാലാവസ്ഥ മാറ്റം ,കാലിത്തീറ്റയി ലെ രാസപദാർഥ ങ്ങളുടെ സ്വാധീനം കാരണമാവാം . | വന്ധ്യത വർദ്ധിച്ച അളവിൽ ഉണ്ടാകുന്നു.നിലവി ൽ ക്യാമ്പുകള് സംഘടിപ്പിക്കുന്നില്ല | ശാസ്ത്രീയവും മികവുറ്റതുമായ മൃഗപരിപാലനം | വന്ധ്യതാ നിർണയക്യാമ്പ് | മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കാം |
| 15 | മൃഗസംര ക്ഷണം | എബിസി പദ്ധതി | തെരുവ് നായ്ക്കളുടെ എണ്ണം | തെരുവ് നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നു. | എബിസി പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കുക.മുഴുവൻ വളർത്ത് നായ്ക്കൾക്കും ലൈസൻസ് | ബ്ലോക്ക് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാം | ബ്ലോക്ക് പഞ്ചായത്ത്,മൃഗസംരക്ഷണവ കുപ്പ് സഹായത്തോടെ പദ്ധതി ആവിഷ്കരിക്കാം. |

# അദ്ധ്യായം3(5)

# സംയോജന സാധ്യതകൾ

1. **കാർഷിക വകുപ്പുമായി ചേർന്ന്തീറ്റപ്പുൽ കൃഷി**:- കിനാന്തൂർകരിന്തളം ഗ്രാമപഞ്ചായത്തിൽ - കറവപശുക്കളുടെയും മറ്റ് കാലികളുടെയും എണ്ണത്തിന് അനുസൃതമായി തീറ്റപ്പുല്ലിൻറെ ലഭ്യത വളരെ കുറവാണ്,ഇതിൽ നിന്ന് കർഷകർക്ക് ആശ്വാസമേകാൻ തീറ്റപ്പുൽ കൃഷിയും ചോളം കൃഷിയും വ്യാപിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ രൂപീകരിക്കുക.
2. **കാർഷിക വകുപ്പുമായി ചേർന്ന്അസോള കൃഷിപ്രോത്സാഹിപ്പിക്കുക**:- മറ്റ് തീറ്റപ്പുല്ലുകളെ അപേക്ഷിച്ചു മാസ്യവും പോഷകഗുണങ്ങളും അധികം അടങ്ങിയിട്ടുള്ള ഒന്നാണ് അസോള .ഇത് കന്നുകാലികൾക്കും കോഴികൾക്കും ആഹാരമായി നൽകുന്നതിലൂടെ മെച്ചപ്പെട്ട പാലുൽപ്പാദനവുംവളർച്ചയും സാധ്യമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതുമാണ്.
3. **ഡയറി ഡെവലപ്മെന്റ് ബോർഡുമായി ചേർന്ന് പാലിൽ നിന്നുള്ള മൂല്ല്യ വർദ്ധന ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റ്**:- പാലുത്പാദനത്തിൽ സ്വയം പര്യാപ്തതഅവകാശപ്പെടാമെങ്കിലും പാലിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടില്ല. ഡയറി ഡെവലപ്പ്മെൻറ് ബോർഡുമായി ചേർന്ന് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ് ആരംഭിച്ചുകൊണ്ട് ഈ രംഗത്തെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാവുന്നതാണ്.
4. **കുടുംബശ്രീയുമായി ചേർന്നുചാണകം പൊടിക്കുന്ന യൂണിറ്റ്**:- ജൈവ വളങ്ങളുടെയും ജൈവികൃഷിയുടെയും പ്രശസ്തി വർദ്ധിച്ച് വരുന്ന ഈ കാലഘട്ടത്തിൽ ക്ഷീരകർഷകരുടെ ആട്കർഷകരുടെയും മറ്റൊരു വരുമാന മാർഗ്ഗമാകും വിധം ചാണകം പൊടിച്ച് സംസ്കരിച്ച് മെച്ചപ്പെട്ടവളമാക്കി മാറ്റുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുക.
5. **കുടുംബശ്രീയുമായി ചേർന്നുഅനിമൽ ബർത്ത് കൺട്രോൾ പദ്ധതി**:- കിനാന്തൂർകരിന്തളം - ഗ്രാമപഞ്ചായത്തിലെ തെരുവുനായ്ക്കളുടെ എണ്ണംകുറയ്ക്കുന്നതിനുതകും വിധം അനിമൽ ആയതിനുവേണ്ടി .ബർത്ത് കൺട്രോൾ പദ്ധതി നടപ്പിലാക്കുക അനുബന്ധമായി സർജറിക്കും ചികിത്സക്കും പരിപാലിക്കുന്നതിനും വേണ്ടി അനിമൽ ഷെൽട്ടർനിർമ്മിക്കുക.
6. **കുടുംബശ്രീയുമായി ചേർന്നുബയോ ഗ്യാസ്പ്ലാന്റ്**:- ഒരു വീട്ടിൽ രണ്ട് കറവപ്പശുക്കളെ വീതം വളര്ത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ച അവയിൽനിന്നുള്ള ചാണകവും ഗോമൂത്രവുമുപയോഗിച്ചുകൊണ്ടുള്ള ബയോ ഗ്യാസ്പ്ലാന്റ് സ്ഥാപിക്കുക. അതുവഴി പാചകവാതകത്തിന്റെ ലഭ്യത ഉറപ്പവരുത്താവുന്നതാണ്.
7. **ഫിഷെറീസ് ,കാർഷിക വകുപ്പുകളുമായി ചേർന്നുസമ്മിശ്ര കൃഷി**:-

സമ്മിശ്ര കൃഷിരീതിക്കുതകുന്ന പദ്ധതികൾ ആരംഭിക്കുക.കൃഷിയും മൃഗസംരക്ഷണവും ഒരുപോലെ നടത്തിയാൽ ലാഭകരമാണെന്നതിനേക്കാൾ അവ ശാസ്ത്രീയവും വിജയകരവുമായിരിക്കും.

# കിനാനൂർ കരിന്തളം ഗ്രമപഞ്ചായത്ത്

## പതിനാലാം പഞ്ചവൽസര പദ്ധതി -2022-2027

## വാർഷിക പദ്ധതി 2022-2023

# <u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

## വിഷയ മേഖല-4.പ്രാദേശിക സാമ്പത്തിക വികസനം

(ചെറുകിട വ്യവസായം,കുടുംബശ്രീ,സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ),സഹകരണം,മുതലായവ

# വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

| ക്രമനമ്പർ | അംഗത്തിൻറെപേര്,വിലാസം | ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി | നിലവിൽവർക്കിംഗ് ഗ്രൂപ്പ് അംഗമാണോ | വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം* | സ്ത്രീ/പു. | ജനറൽ/ എസ്.സി. / എസ്.ടി. | വിദ്യാഭ്യാസയോഗ്യത | വൈദഗ്ധ്യം പരിചയം | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1 | സന്ധ്യരാജൻ | 9645921731 | അല്ല | ചെയർപേഴ്സണ് | സ്ത്രീ | എസ്.ടി | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 2 | പാറക്കോൽരാജൻ | 9446168696 | അതെ | വൈസ് ചെയർമാൻ | പുരുഷൻ | ജനറൽ | പി.ഡി.സി | പൊതുപ്രവർത്തനം | കൃഷി |
| 3 | ജേക്കബ് ഉലഹന്നാൻ | 9544457826 | അതെ | കൺവീനർ | പുരുഷൻ | ജനറൽ | ബിരുദം | വി.ഇ.ഒ | ഗവ.ജീവനം |
| 4 | പ്രവീണ | 8281262689 | അതെ | അംഗം | സ്ത്രീ | ജനറൽ | ബിരുദം | വി.ഇ.ഒ | ഗവ.ജീവനം |
| 5 | അനിൽകുമാർ | 9744678453 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | സഹകരണം | സഹകരണം |
| 6 | കെ. ബാലചന്ദ്രൻ | 9446270872 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | കൃഷി | കൃഷി |
| 7 | സി.വേണുഗോപാലൻ | 8304870452 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | കൃഷി | കൃഷി |
| 8 | നൌഷാദ് കെ. ഡി. | 8086174254 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | കൃഷി | കൃഷി |
| 9 | മനോഹരൻ ബി. | 9946524146 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | കൃഷി | കൃഷി |
| 10 | രാജ്മോഹൻ വി വി | 9747307407 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | കൃഷി | കൃഷി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11 | ടി എൻ ബാബു | 9745707759 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | കൃഷി | കൃഷി |
| 12 | പി പത്മ്നാഭൻ | 9446416448 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | കൃഷി | കൃഷി |
| 13 | സിജോ പി. ജോസ് | 9495512693 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | കൃഷി | കൃഷി |
| 14 | പുരുഷോത്തമൻ കൈമൾ | 8590891782 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | കൃഷി | കൃഷി |

# ആമുഖം

പതിനാലാം പഞ്ചവൽസര പദ്ധതിയിൽ തൊഴിലിനും വരുമാനത്തിനും പ്രധാന്യം നൽകികൊണ്ടുള്ള വികസന നയമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. പ്രകൃതി ദുരന്തങ്ങളുടെയും,കോവിഡ് മഹാമാരിയുടെയും ഫലമായി സാമ്പത്തിക വ്യവസ്ഥയിൽ അതിമാരക പ്രഹരം സംഭവിച്ചിട്ടുള്ള ഒരു സമൂഹത്തിന്റെ പുനർ നിർമ്മിതിക്ക് ഇത്തരമൊരു സമീപനം വളരെ പ്രാധാന്യമർഹിക്കുന്നു. ആയിരത്തിൽ 5 പേർക്കെങ്കിലും തൊഴിൽ നൽകുക എന്ന ലക്ഷ്യമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മയും യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലിന്റെ ദൌർലഭ്യവും പരിഹരിക്കുക എന്നിവയാണ് പതിനാലാം പഞ്ചവൽസരക്കാലത്തെ പ്രധാന വെല്ലുവിളികൾ.തൊഴിൽ നൈപുണ്യ പരിശീലനം,തൊഴിലവസരങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവയിൽ വനിതകൾക്കും ദുർബല വിഭാഗങ്ങൾക്കും പ്രാമുഖ്യം നൽകേണ്ടതുണ്ട്.

# അദ്ധ്യായം4(1)

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

ഉപജീവനത്തിനായി കാർഷിക മേഖലയെ പൂർണ്ണമായും ആശ്രയിച്ചിരുന്ന ജനവിഭാഗമാണ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് നിവാസികൾ. ജലസമൃതികൊണ്ടും വിഭവങ്ങൾക്കൊണ്ടും സമ്പുഷ്ടമായ പ്രദേശമാണെങ്കിലും ഇവയുടെ ഉപയോഗം കുറവാണ്. കർഷകത്തൊഴിലാളികളും ചെറുകിടനാമമാത്രകർഷകരുമാണ് ജനസംഖ്യയിൽ ഭൂരിഭാഗവും ഉണ്ടായിരുന്നത്.നമ്മുടെ പഞ്ചായത്തിന് വ്യവസായ പട്ടികയിൽ സ്ഥാനമുണ്ടായിരുന്നില്ല. പശ്ചാത്തല സൌകര്യങ്ങൾ - ഇലക്ട്രിസിറ്റി – റോഡ് ഗതാഗത സൌകര്യങ്ങൾ എന്നിവയുടെ അപര്യാപ്തതയും ജില്ലയുടെ പൊതുവെയുള്ള പിന്നോക്കാവസ്ഥയുമാണ് പ്രധാന കാരണങ്ങൾ. മൂലധനം മുടക്കാൻ ശേഷിയുള്ള സംരഭകർ ഉണ്ടായില്ല എന്നത് മറ്റൊരുകാരണമാണ്.

പരമ്പരാഗത കുലത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന നിരവധി കുടുംബങ്ങൾ ഉണ്ടായിരുന്നെങ്കിലും അതിനുള്ള മികച്ച വിപണി സൌകര്യമോ പശ്ചാത്തല സൌകര്യമോ ഉണ്ടായിരുന്നില്ല. തൊഴിൽ ഉപജീവനത്തിന് പര്യാപ്തമാകാതെ വന്നപ്പോൾ പരമ്പരാഗത തൊഴിലുകൾ നാമാവശേഷമായി.

വൻകിട മേഖലയിലുള്ള ആധുനിക വ്യവസായങ്ങൾ ഒന്നും പഞ്ചായത്തിലുണ്ടായിരുന്നില്ല. ചെറുകിട മേഖലയിൽ ചില മരമില്ലുകൾ, കരിങ്കൽ ക്രഷറുകൾ, അരി – എണ്ണ – ധാന്യമില്ലുകൾ, ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ എന്നിവയാണ്. ദിനേശ് ബീഡി കമ്പനിയുടെ 2 ബ്രാഞ്ചുകൾ (ചായ്യോത്ത്, കൊല്ലംപാറ) സ്വകാര്യ ബീഡി ഉൽപാദന മേഖലകളും മറ്റ് ചില കുടിൽവ്യവസായ സംരഭങ്ങളും ഏതാനും ചില കൈതൊഴിലുകളുമാണ് പഞ്ചായത്തിലുണ്ടായിരുന്നത്. പെരിയങ്ങാനത്തും , കോളകുളം, പരപ്പ എന്നീ സ്ഥലങ്ങളിൽ ഖാദി വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. പെരിയങ്ങാനത്ത് 41 തൊഴിലാളികളും കോളകുളം 3 തൊഴിലാളികളും പരപ്പ 24 തൊഴിലാളികളുമാണ് ജോലി ചെയ്തിരുന്നത്.

### സഹകരണമേഖല

സമൂഹത്തിൽ ചൂഷണം ഒഴിവാക്കി സാമൂഹ്യനീതി ഉറപ്പാക്കി ജനങ്ങൾക്ക് വികസനത്തിനുള്ള സംയോജിത സേവന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭൂരിഭാഗം ജനങ്ങളുടെയും സജീവ പങ്കാളിത്തമുള്ള ഒരു പ്രസ്ഥാനമാണ് സഹകരണമേഖല.

ക്രഡിറ്റ് മേഖലയിൽ 3 സഹകരണ ബാങ്കുകളാണ് പ്രവർത്തിച്ചിരുന്നത്.

1. കിനാന്തൂർ സർവ്വീസ് സഹകരണ ബാങ്ക്
2. കരിന്തളം സർവ്വീസ് സഹകരണ ബാങ്ക്
3. ബിരിക്കുളം സർവ്വീസ് സഹകരണ ബാങ്ക്

എന്നിവയാണവ

ക്രഡിറ്റേതര മേഖലയിൽ 5 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ബിരിക്കുളം, പരപ്പ, കമ്പളപ്പള്ളി, കരിന്തളം, കിളിയളം, എന്നീ സ്ഥലങ്ങളിൽ 5 റബർ ഉത്പാദക സംഘങ്ങൾ പ്രവർത്തിച്ചിരുന്നു.

സഹകരണ മേഖലയിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ക്രഡിറ്റ് ക്രഡിറ്റേതര സംഘങ്ങൾ ഇല്ലാത്തതിനാൽ പ്രാദേശിക സാമ്പത്തികാസൂത്രണം കാര്യക്ഷമമായി നടപ്പാക്കാൻ സാധിച്ചിരുന്നില്ല.

ഇന്ന്ചെറുകിട വ്യവസായരംഗത്തും സ്വയം തൊഴിൽ സംരഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് കുടുംബശ്രീ, സ്വയം സഹായസംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വനിതാ സംരഭങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് മൂലധനത്തിന്റെ കുറവ്, മാർക്കറ്റിംഗ് എന്നിവ വലിയ വെല്ലുവിളിയായി നിലനൽക്കുന്നു

# അദ്ധ്യായം4(2)

## ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

ചെറുകിട വ്യവസായരംഗത്തും സ്വയം തൊഴിൽ സംരഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് കുടുംബശ്രീ, സ്വയം സഹായസംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വനിതാ സംരഭങ്ങൾ നടപ്പിലാക്കാൻ സാധിച്ചു. എന്നാൽ ഈ രംഗത്ത് മൂലധനത്തിന്റെ കുറവ്, മാർക്കറ്റിംഗ് എന്നിവ വലിയ വെല്ലുവിളിയായി നിലനൽക്കുന്നു. പതിനാലാം പഞ്ചവൽസര പദ്ധതിയിൽ ആരംഭിച്ച കുടുംബശ്രി മുഖേന നടപ്പിലാക്കുന്ന "എന്റെ തൊഴിൽ എന്റെ അഭിമാനം" പദ്ധതി വ്യവസായ വകുപ്പ് മുഖേനയുള്ള എന്റെ സംരംഭം നാടിന്റെ അഭിമാനം ഭാഗമായി ആയിരത്തിൽ 5 പേർക്കെങ്കിലും തൊഴിൽ നൽകുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിനെ തുടർന്ന വ്യവസായ വകുപ്പ് മുഖേന പഞ്ചായത്തുകളിൽ " ഇന്റേണുകളെ" നിയമിച്ചു കഴിഞ്ഞു. വ്യവസായ വകുപ്പ്, കുടുംബശ്രീ പങ്കാളിത്തത്തോടെ സംരംഭകത്വ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കും.

കർഷകത്തൊഴിലാളികളുടെയും ചെറുകിടനാമമാത്ര കർഷകരുടെയും മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ പദ്ധതിയിലൂടെയുള്ള ഇടപെടൽ കാർഷിക മേഖലയെ ശക്തിപ്പെടുത്തുകയും ജനങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുകയും സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

കുടുംബശ്രീ സംരംഭങ്ങൾ നിലവിൽ 104 എണ്ണം പ്രവർത്തിക്കുന്നുണ്ട് ഇതിൽ എടുത്ത് പറയേണ്ടുന്നവ – ന്യൂട്രിമിക്സ് സംരംഭം കാട്ടിപ്പൊയിൽ,ചവിട്ടി യൂണിറ്റ് പരപ്പ, കരിന്തളം ചകിരി ഫൈബർ നിർമ്മാണ യൂണിറ്റ് എന്നിവയാണ്.

സംരംഭങ്ങളുടെ പട്ടികയിൽ എണ്ണം പറഞ്ഞവ കുറവാണെങ്കിലും പുതിയസംരംഭരുടെ പരിശീലനവും പദ്ധതികളുടെ ആവിഷ്കാരവും നടന്നുകൊണ്ടിരിക്കുന്നു. അപ്പാരന്റ് യൂണിറ്റ് പദ്ധതി നടത്തിപ്പിലേക്കായി 20 വനിതകൾക്ക് തൈയ്യൽ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല / ഉപമേഖല | പ്രേജക്ടിന്റെ പേര് | GEN/ SCSP /TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല /ഉപമേഖല | പ്രേജക്ടിന്റെ പേര് | GEN/ SCSP /TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| ഇല്ല | | | | | | | | |

# 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ ന മ്പർ | പ്രോജക്ട് നമ്പർ | പ്രേജക്ടി ന്റെ പേര് | So/ New | GEN/ SCSP /TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തി കം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 67 | വിശപ്പ് രഹിത കേരളം വനിത ഹോട്ടൽ കുടുംബശ്രീ | New | GEN | 300000 | വനിത ഹോട്ടൽ സംരംഭത്തിനു ള്ള കെട്ടിട വാടക,വൈദ്യു തി ചാർജ് | 270000 | വനിത ഹോട്ടൽ സംരംഭത്തിനുള്ള കെട്ടിട വാടക,വൈദ്യുതി ചാർജ് നൽകി | പൂർത്തീകരിച്ചു. |
| 2 | 62 | കുടുംബശ്രീ വനിത സംരംഭം ഗ്രൂപ്പ്(മിനി അപ്പാരൽ യൂണിറ്റ്) | New | GEN | 600000 | വനിത ഗ്രൂപ്പ് സംരംഭം- അപ്പാരൽ യൂണിറ്റിന് സബ്സിഡി | 0 | 0 | തുടരുന്നു. |
| 3. | 208 | വനിത സ്വയം തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം | New | GEN | 883927 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭത്തിനാ യുള്ള കെട്ടിട നിർമ്മാണം | 356651 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭത്തിനായുള്ള കെട്ടിട നിർമ്മാണം | തുടരുന്നു. |

# അദ്ധ്യായം 4(3)

## വെല്ലുവിളികൾ,വികസന വിടവുകൾ,പ്രശ്നവിശകലനം പ്രശ്ന പരിഹാര സാധ്യതകൾ

| ക്രമ നമ്പർ | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്ന തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർ ഇതര തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | ചെറുകിട വ്യവസായം/ സംരംഭകത്വ വികസനം | കൃഷി,മൃഗസംരംക്ഷണം,ക്ഷീരവികസനം,മത്സ്യ വികസനം എന്നീ മേഖലകളിൽ മൂല്യ വർദ്ധിത ഉൽപന്നങ്ങള് ഉണ്ടാക്കുന്നതിനുള്ള വ്യവസായം വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെട്ടുന്നില്ല | പഞ്ചായത്ത് പ്രദേശം | | ✓ | | 1.ആവശ്യമായ പരിശീലനവും പിന്തുണയും ലഭിക്കാത്തത്<br><br>2.വിപണന സാധ്യതകൾ വേണ്ടത്ര ഇല്ലാത്തത് | വ്യക്തിഗത/ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി മാനദണ്ഡ പ്രകാരമുള്ള സബ്സിഡി നൽകാം | | | 1.വ്യവസായ വകുപ്പ്,കുടുംബശ്രീ മുഖേന വിദഗ്ധ പരിശീലനം നൽകാം<br><br>2.വിപണന സാധ്യത മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. |
| 2 | തൊഴിൽ/ വനിത വികസനം | വനിത സംരംഭങ്ങളുടെ കുറവ്/വനിതകളുടെ തൊഴിലിലും വരുമാനത്തിലുമുള്ള കുറവ് | പഞ്ചായത്ത് പ്രദേശം | | ✓ | | 1.വനിതകളുടെ സാമൂഹിക പിന്നോക്കാവസ്ഥ<br><br>2.വേണ്ട രീതിയിലുള്ള | വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം | | | ‘എന്റെ തൊഴിൽ എന്റെ അഭിമാനം’ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്ക് മുൻഗണന നൽകി |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | തൊഴിൽ പരിശീലനവും പിന്തുണയും ലഭിക്കാത്തത്<br><br>3.ആവശ്യമായ മൂലധനം മുടക്കുന്നതിന് കഴിയാതെ വരുന്നത് | നൽകുന്നതി നുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാം | | | പദ്ധതികൾ നടപ്പാക്കാം<br><br>2.വ്യവസായ വകുപ്പിന്റയും,തൊഴിൽ വകുപ്പിന്റെയും സഹായത്തോടെ സ്ത്രീ സംരംഭകത്വ വികസനത്തിന് അനുകൂലമായ സാഹര്യങ്ങളും നയങ്ങളും രൂപപ്പെടുത്തുക. |
| 3 | പരമ്പരാഗത വ്യവസായങ്ങൾ | പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല | പഞ്ചായത്ത് പ്രദേശം | | ✓ | | 1.ആധുനിക യന്ത്രവൽകൃത വ്യവസായങ്ങളോട് കിടപിടിക്കാൻ സാധിക്കാത്തത്<br><br>2.പുതിയ തലമുറ പരമ്പരാഗതമായ തൊഴിൽ ചെയ്യാൻ സന്നദ്ധമാകാത്തത്<br>3.വരുമാനം/ലാഭം കുറവ്(പല മേഖലയും നഷ്ടത്തിൽ) | പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് മുൻഗണന നൽകാം | | കുടുംബശ്രീയുടെ സഹായത്തോടെ ഓൺലൈൻ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്താം | വ്യവസായ വകുപ്പിന്റെ സഹായത്തോടെ നവീന ശാസ്ത്ര സാങ്കേതിക ഉപാധികൾ പരമ്പരാഗത വ്യവസായങ്ങൾക്ക് പരചയപ്പെടുത്തുകയും,അതത് മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ പരിശീലനം നൽകുകയും ചെയ്യാം |

# അദ്ധ്യായം4(4)

## വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ചെറുകിടവ്യവസായം | മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾക്ക് പ്രോത്സാഹനം | മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനം | അത്തരം സംരംഭങ്ങൾ വേണ്ടത്ര വിജയം കൈവരിക്കുന്നില്ല | മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ കയറ്റുമതി ലക്ഷ്യമിടുന്നു. | കാർഷിക /മൃഗസംരക്ഷണ മേഖലയിൽ ഇത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് ബ്രാൻഡഡ് ഉൽപന്നങ്ങളുടെ നിർമ്മാണം | വ്യവസായ വകുപ്പ്,കുടുംബശ്രീ പങ്കാളിത്തത്തോടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട പിന്തുണയും പരിശീലനവും നൽകുകയും പദ്ധതി ഉൾപ്പെടുത്തി ആവശ്യമായ ധനസഹായം അനുവദിക്കുന്നു. |
| 2 | വനിത സംരംഭകത്വ വികസനം | വനിതകളുടെ സ്വയം തൊഴിലുമായി ബന്ധപ്പെട്ട സംരംഭത്തിന് പ്രോത്സാഹനം | വനിതകളുടെ വരുമാനം, തൊഴിൽ വർദ്ധനവ് | വനിത സംരംഭങ്ങൾ കുറവ്/വനിതകളുടെ തൊഴിൽ ,വരുമാനം കുറവ് | കൂടുതൽ വനിതകൾക്ക് തൊഴിൽ നൽകുന്നതിനുള്ള വിപുലമായ സംരംഭങ്ങൾ ആരംഭിക്കുക | കുറഞ്ഞത് 10 വനിത സംരംഭങ്ങളെങ്കിലും പുതുതായി ആരംഭിക്കുക | വ്യവസായ വകുപ്പ്,കുടുംബശ്രീ പങ്കാളിത്തത്തോടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട പിന്തുണയും പരിശീലനവും നൽകുകയും പദ്ധതി ഉൾപ്പെടുത്തി ആവശ്യമായ ധനസഹായം അനുവദിക്കുന്നു. |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | പരമ്പ രാഗത വ്യവ സായം | പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രോത്സാഹനം | പരമ്പ രാഗത വ്യവ സായം | പരമ്പരാഗത വ്യവസായ ങ്ങൾ അന്യം നിന്നുപോകു ന്നു. | പരമ്പരാഗത ഉൽപന്നങ്ങളുടെ ബ്രാൻഡിംഗ് – വിപണി സാധ്യതകൾ മെച്ചപ്പെടുത്തി ഈ രംഗത്ത് ശ്രദ്ധയാകർഷി ക്കാൻ കഴിയുന്ന നേട്ടമുണ്ടാക്കുക | പരമ്പരാഗത ഉൽപന്നങ്ങളുടെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതി ന് ധനസഹായം നൽകുന്ന പദ്ധതികള് ആവിഷ്കരിക്കുക | വ്യവസായ വകുപ്പ്,കുടുംബശ്രീ പങ്കാളിത്തത്തോടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട പിന്തുണ നൽകി വാർഷിക പദ്ധതി മുഖേന ധനസഹായം അനുവദിക്കുന്നു. |

# അദ്ധ്യായം4(5)

## സംയോജന സാധ്യതകൾ

സംയോജന സാധ്യതകൾ ഉള്ള പദ്ധതികൾ ജില്ലാ, ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ പ്ലാസ്റ്റിക്ക് പുനർചംക്രമണ യൂണിറ്റ്, മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ കുടുംബശ്രീ സംരംഭങ്ങൾക്ക് വർക്ക് ഷെഡുകൾ നിർമ്മിച്ച് നൽകുക തുടങ്ങിയ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക. 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി വ്യവസായ വകുപ്പ് മുഖേന ഒരു ഇന്റേണിനെ പഞ്ചായത്തിലേക്ക് നിയമിച്ചിട്ടുണ്ട്.ഇന്റേണിന്റെ സഹായം പഞ്ചായത്തിന്റെ പ്രാദേശിക സംരംഭകത്വ വികസനത്തിൽ ഏറെ സഹായകരമാകുമെന്നും,പതിനാലാം പഞ്ചവൽസര കാലയളവിൽ ഒരു സംരംഭകത്വ വികസന നയം ഉണ്ടാക്കിയെടുക്കുന്നതില് പഞ്ചായത്തിന് സാധിക്കുമെന്നും പ്രതീക്ഷിക്കാം.വ്യവസായ വകുപ്പ്,തൊഴിൽ വകുപ്പ് കുടുംബശ്രീ മുഖേനയുള്ള നൈപുണ്യ പരിശീലനങ്ങൾ,സബ്സിഡി എന്നിവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള വികസനത്തിന്റെ വിശാലമായ സാധ്യതകൾ ഈ മേഖലയിൽ സംജാതമായി കഴിഞ്ഞു.

-------------------------

# കിനാനൂർ കരിന്തളം ഗ്രമപഞ്ചായത്ത്

പതിനാലാം പഞ്ചവൽസര പദ്ധതി -2022-2027

വാർഷിക പദ്ധതി 2022-2023

# സ്റ്റാറ്റസ് റിപ്പോർട്ട്

## വിഷയ മേഖല -5. ദാരിദ്ര്യ ലഘൂകരണം(പാർപ്പിടം ഉൾപ്പെടെ)

## വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

| ക്രമനമ്പർ | അംഗത്തിൻറെപേര്,വിലാസം | ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി | നിലവിൽവർക്കിംഗ് ഗ്രൂപ്പ് അംഗമാണോ | വർക്കിംഗ്ഗ്രൂപ്പിലെ സ്ഥാനം* | സ്ത്രീ/പു. | ജനറൽ/എസ്.സി./എസ്.ടി. | വിദ്യാഭ്യാസയോഗ്യത | വൈദഗ്ധ്യംപരിചയം | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1 | എലിസബത്ത് കെ.ഐ. | 9946580674 | അതെ | ചെയർപേഴ്സൺ | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | ക്ഷേമകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ | കൃഷി |
| 2 | സെലിൻ ജോസ് | 9495416869 | അതെ | വൈസ്ചെയർപേഴ്സൺ | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | സി.ഡി.എസ്ചെയർപേഴ്സൺ | കൃഷി |
| 3 | ജേക്കബ് ഉലഹന്നാൻ | 9544457826 | അല്ല | കൺവീനർ | പുരുഷൻ | ജനറൽ | ഡിഗ്രി | സർക്കാർ ജീവനം | വി.ഇ.ഒ |
| 4 | പ്രവീണ കെ.വി. | 8281262689 | അല്ല | അംഗം | സ്ത്രീ | ജനറൽ | ഡിഗ്രി | സർക്കാർ ജീവനം | വി.ഇ.ഒ |
| 5 | എം.പി.കുമാരൻ | 9400211416 | അല്ല | അംഗം | പുരുഷൻ | ജനറൽ | ഡിഗ്രി | പൊതുപ്രവർത്തനം | കൃഷി |
| 6 | ജയശ്രീ വട്ടക്കല്ല് | 9188435712 | അല്ല | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | സി.ഡി.എസ്അംഗം | കൃഷി |
| 7 | എം. ചന്ദ്രൻ | 9744128866 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 8 | എൻ.ടി. ശ്യാമള | 9446679635 | അല്ല | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 9 | കെ. ശ്രീധരൻ | 9048038942 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 10 | കെവിജയൻ | 9446274413 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11 | ധനീഷ് ബിരിക്കുളം | 9495140099 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 12 | പി സുരേന്ദ്രൻ | 9946336390 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 13 | ലിസി വർക്കി | 9645888531 | അല്ല | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 14 | എൻ വിജയൻ | 8281164779 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 15 | സുരേഷ് ബാബു | 9747034473 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |

# ആമുഖം

ജനകീയാസൂത്രണത്തിലൂടെ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ദാരിദ്ര്യ ലഘൂകരണത്തിന് ഒരു പരിധിവരെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാ തരത്തിലും എല്ലായിടത്തുമുള്ള ദാരിദ്ര്യത്തിന് അറുതി വരുത്തുകയെന്നതാണ് ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ച സുസ്ഥിര വികസന ലക്ഷ്യത്തിൽ പ്രധാനപ്പെട്ടത്.വിശപ്പ് ഇല്ലായ്മ ചെയ്യൽ,ഭക്ഷ്യസുരക്ഷ,മെച്ചപ്പെട്ട പോഷകാഹാരം എന്നിവ ഉറപ്പുവരുത്തുകയും സുസ്ഥിര കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് ദാരിദ്ര്യ ലഘൂകരണത്തിന് അനിവാര്യമാണ്.തൊഴിലില്ലായ്മയും താഴ്ന്ന ജീവിത സാഹചര്യങ്ങളും സാമൂഹികാവസ്ഥയും,മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകാത്തതും ദാരിദ്ര്യത്തിന് കാരണമാകുന്ന പ്രധാന ഘടകങ്ങളാണ്. മെച്ചപ്പെട്ട ഭവനം, ജീവനോപാധികൾ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുക വഴി ദാരിദ്ര്യം തുടച്ചുനീക്കാനാകും.പ്രാദേശികാസൂത്രണത്തിലൂടെ സംരംഭകത്വ വികസനം സാധ്യമാക്കിക്കൊണ്ടും സാമൂഹികമായി ദുർബല വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനും പതിനാലാം പഞ്ചവൽസരപദ്ധതിയിൽ പ്രാധാന്യം നൽകേണ്ടതുണ്ട്.ആരാലും കണ്ടെത്താതെ,അതിജീവനശേഷിയില്ലാതെ,ദാരിദ്ര്യത്തിന്റെ പിടിയിലമർന്ന് ഒറ്റപ്പെട്ട് കഴിയുന്ന നിരാലംബരായ അതിദരിദ്രരെ കണ്ടെത്തി പരിരക്ഷിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ പഞ്ചായത്തിൽ പൂർത്തീകരിച്ചു.ആകെ 35 അതിദരിദ്രരെയാണ് സർവ്വെയിലൂടെ കണ്ടെത്തിയിട്ടുള്ളത്.അതിദരിദ്രർക്കുള്ള പ്രത്യേക മൈക്രോ പ്ലാനുകൾ പതിനാലാം പഞ്ചവൽസരക്കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

## അദ്ധ്യായം5(1)

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1996 കാലഘട്ടത്തിൽ കൂലിപ്പണി ചെയ്ത് ഉപജീവനം നടത്തുന്നവരായിരുന്നു പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ട് തന്നെ കുടിലുകളും ഇടത്തരം വീടുകളുമായിരുന്നു ഭൂരിപക്ഷവും. പഞ്ചായത്തിൽ ആകെ ഉണ്ടായിരുന്ന 6143 വീടുകളിൽ ഓലമേഞ്ഞ വീടുകളുടെ എണ്ണം 2007, ഓട് മേഞ്ഞവ 3850, കോൺക്രീറ്റ് കെട്ടിടങ്ങൾ 286 എന്നിങ്ങനെയായിരുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കർഷകതൊഴിലാളികളും ദാരിദ്ര്യ അനുഭവിക്കുന്നവരുമായിരുന്നു.വൈദ്യുതീകരിച്ച വീടുകൾ 412,അല്ലാത്തവ 2294 എന്നിങ്ങനെയായിരുന്നു

പഞ്ചായത്തിൽ രണ്ട് IHDP കോളനികളും 19 ഹരിജൻ കോളനികളുമായിരുന്നു. മാളൂർക്കയം, കാറളം എന്നിവയായിരുന്നു IHDP കോളനികൾ 96 വരെ വിവിധ പദ്ധതികളിലുൾപ്പെടുത്തി ആകെ 114 വീടുകളാണ് നൽകിയിട്ടുള്ളത്.

ദുർബല ജനവിഭാഗങ്ങളായിരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളും അഗതികളും വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. പഞ്ചായത്തിലെ 6143 കുടുംബങ്ങളിൽ IRDP സർവ്വെ പ്രകാരം 2479 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു. തൊഴിൽ സാധ്യതകൾ വളരെ കുറവായിരുന്നു.

| പ്രധാന പ്രശ്നം | 25 വർഷംകൊണ്ട് നടപ്പിലാക്കിയത് |
|---|---|
| 1 തൊഴിലില്ലായ്മ | 1 ദേശീയ തൊഴിലുറപ്പ് പദ്ധതി.<br>2 സ്വയം തൊഴിൽ സംരഭങ്ങൾ |
| 2 സാമ്പത്തിക പിന്നോക്ക അവസ്ഥ | കുടുംബശ്രീ നിക്ഷേപകൂട്ടായ്മയും സംരംഭകത്വവും |
| 3 വായ്പകൾനൽകുന്ന ധനകാര്യ സ്ഥാപനങ്ങളുടെ അഭാവം | സഹകരണം,പൊതുമേഖല ബാങ്കുകളും കുടുംബശ്രീ സംവിധാനങ്ങളുടെ സഹായവും |

| | |
|---|---|
| 4 ഭവനരഹിതർ | ഇ.എം.എസ്.ഐ.എ.വൈ,ലൈഫ് ഭവന പദ്ധതിയിലൂടെ ഭവനം നൽകാൽ കഴിഞ്ഞു. |
| 5 ശുദ്ധ ജല ലഭ്യതകുറവ് | 1 രാജീവ്ഗാന്ധി കുടിവെള്ളപദ്ധതി<br>2 ജലനിധി പദ്ധതി<br>3 മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി |
| 6 കക്കൂസിന്റെ അഭാവം | 1 നിർമ്മൽ പദ്ധതി<br>2 ODF നടപ്പിലാക്കി<br>3 ODF പ്ലസ് നടപ്പിലാക്കി<br>4 വ്യക്തിഗത കക്കൂസ് നിർമ്മാണ പദ്ധതികൾ |

# അദ്ധ്യായം5(2)

# ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

1996 ലെ ജനകീയാസൂത്രണത്തിന് മുൻപ് ദാരിദ്ര്യ നിർമ്മാർജനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ വേണ്ടത്ര വിജയം കൈവരിച്ചില്ല.1996 ലെ ജനകീയാസൂത്രണം ആരംഭിച്ചത് മുതൽ വിവിധ ഭവന നിർമ്മാണ പദ്ധതികളും സേവന മേഖലയിലെ വിവിധ ദാരിദ്ര്യ ലഘൂകരണ പദ്ധതികളും മികച്ച രീതിയിൽ നടപ്പാക്കാൻ സാധിച്ചു.പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അഗതികളുടെയും ക്ഷേമത്തിനും അടിസ്ഥാന സൌകര്യ വികസനത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ കഴിഞ്ഞു.

25 വർഷങ്ങൾക്കുമുൻപ് ഓല മറച്ചതും ഓല മേഞ്ഞതുമായ കുടിലുകൾ നമ്മുടെ പട്ടികവർഗ്ഗ കോളനിയുടെ മുഖമുദ്രയായിരുന്നെങ്കിൽ 25 വർഷം പിന്നിടുമ്പോൾ കോൺക്രീറ്റുചെയ്ത മേൽക്കൂരയോടുകൂടിയ വാസയോഗ്യമായ വീടുകൾ മേൽപറഞ്ഞ പദ്ധതികളിൽ ധനസഹായം നൽകി പൂർത്തീകരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള 56 പട്ടികവർഗ്ഗ കോളനിയിലേയും ജനങ്ങളുടെ ആരോഗ്യ വിദ്യാഭ്യാസ സാമ്പത്തിക മേഖലകളിൽ സമഗ്രമായ പുരോഗതി കൈവരിക്കാൻകഴിഞ്ഞിട്ടുണ്ട്.

ജനകീയാസൂത്രണത്തിലൂടെ ദാരിദ്ര്യലഘൂകരണത്തിനുള്ള അനേകം പദ്ധതികൾ വിജയപ്രദമായി നടപ്പാക്കാൻ നമ്മുക്ക് സാധിച്ചു. കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതിളെ ഫലപ്രദമായി സംയോജിപ്പിക്കുന്നതിനും അതിലൂടെ വനിതാശാക്തീകരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ട് കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയും പ്രാദേശിക സാമ്പത്തിക വികസനവും ശക്തിപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

പാർപ്പിട മേഖലയിൽ ഇ.എം.എസ് ഭവന പദ്ധതിയിലൂടെ 347 വീടുകളും ഭവന പദ്ധതി, പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ് പഞ്ചായത്തിന്റെ മറ്റു ഭവന പദ്ധതികൾ എന്നിവയിലൂടെ എകദേശം 300 വീടുകളും ജനകീയാസൂത്രണ പദ്ധതിയിലൂടെ പുതിയതായി അനുവദിക്കാൻ സാധിച്ചു.

പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് ആരംഭിച്ച ലൈഫ് ഭവന പദ്ധതിയിൽ പഞ്ചായത്ത് മുഖേന 59 വീടുകൾ പൂർത്തീകരിച്ചു. ലൈഫ് ഭവന പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 117 ഗുണഭോക്താക്കളുടെയും പട്ടികജാതി വിഭാഗത്തിലെ 23

ഗുണഭോക്താക്കളുടെയും അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

ലൈഫ് 2020 ഓൺലൈൻ അപേക്ഷ പ്രകാരം അർഹരായ 301 ഭൂമിയുള്ള ഭവനരഹിതരുടെ കരട് പട്ടികയും 46 ഭൂരഹിത ഭവനരഹിതരുടെ കരട് പട്ടികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.അന്തിമ പട്ടിക അംഗീകാരത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ആശ്രയ പദ്ധതിയും പട്ടികജാതി പട്ടികവർഗ്ഗത്തിനുള്ള ക്ഷേമ പദ്ധതികളും ജനകീയാസൂത്രണ പദ്ധതിയിലൂടെ വിജയപ്രദമായി നടപ്പാക്കാൻ സാധിച്ചു. ഈ പദ്ധതികളിലൂടെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ ക്ഷേമം ഉറപ്പാക്കാനും ദാരിദ്ര്യം ലഘൂകരിക്കുന്നതിനും സാധിച്ചു.

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രേജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | പാർപ്പിടം | ആശ്രയ ഭവന പദ്ധതി | GEN | 3500000 | ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട 11 ഗുണഭോക്താക്കൾക്ക് ഭവനം/ 12 പേർക്ക് ഭവന പുനരുദ്ധാരണം | ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട 11 ഗുണഭോക്താക്കൾക്ക് ഭവനം/ 12 പേർക്ക് ഭവന പുനരുദ്ധാരണം | ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട 11 പേർക്ക് ഭവനം നൽകുന്നതിനും 12 പേരുടെ ഭവനം വാസയോഗ്യമാക്കുന്നതിനും സാധിച്ചു. |
| 2 | പാർപ്പിടം | ലൈഫ് ഭവന പദ്ധതി | GEN | 23600000 | 59 ഗുണഭോക്താക്കൾക്ക് പുതിയ ഭവനം | 59 ഗുണഭോക്താക്കൾക്ക് പുതിയ ഭവനം | ലൈഫ് ഭവന പദ്ധതിയിലൂടെ 59 കുടുംബങ്ങൾക്ക് വീട് നൽകുന്നതിന് സാധിച്ചു. |
| 3 | വിദ്യാഭ്യാസം | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി | TSP | 800000 | 4 ഗുണഭോക്താക്കൾക്ക് പഠനമുറി | 4 ഗുണഭോക്താക്കൾക്ക് പഠനമുറി നൽകി | 4 ഗുണഭോക്താക്കൾക്ക് പഠനമുറി നൽകുക വഴി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സൌകര്യം മെച്ചപ്പെടുത്താൻ സാധിച്ചു. |

## പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല /ഉപമേഖല | പ്രേജക്ടിൻ റെ പേര് | GEN/ SCSP /TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| ഇല്ല | | | | | | | | |

## 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രേജക്ടിൻറെ പേര് | So/ New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 61 | ആശ്രയ ഭവന പുനരുദ്ധാരണം | New | GEN | 400000 | 4 ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണ ധനസഹായം | 400000 | 4 ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണ ധനസഹായം നൽകി | പൂർത്തീകരിച്ചു |
| 2 | 67 | വിശപ്പുരഹിത കേരളം വനിത ഹോട്ടൽ | New | GEN | 300000 | വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം പരപ്പ ജനകീയ ഹോട്ടലിന് കെട്ടിട വാടക,കറണ്ട് ബിൽ തുക നൽകൽ | 270000 | വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം പരപ്പ ജനകീയ ഹോട്ടലിന് കെട്ടിട വാടക,കറണ്ട് ബിൽ തുക നൽകി | പൂർത്തീകരിച്ചു. |
| 3 | 70 | ലൈഫ് ഭവനപദ്ധതി ST | New | TSP | 69117500 | ലൈഫ് ഭവനപദ്ധതി ധനസഹായം-പട്ടിക വർഗ്ഗം | 18065275 | ലൈഫ് ഭവന പദ്ധതി ധനസഹായം-പട്ടികവർഗ്ഗം | തുടരുന്നു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | 113 | ലൈഫ് ഭവനപദ്ധതി ജനറൽ | New | GEN | 2000000 | ലൈഫ് ഭവനപദ്ധതി ധനസഹായം- ജനറൽ | 1260000 | ലൈഫ് ഭവനപദ്ധതി ധനസഹായം- ജനറൽ | തുടരുന്നു. |
| 5 | 119 | ലൈഫ് ഭവനപദ്ധതി പട്ടികജാതി | New | SCSP | 9200000 | ലൈഫ് ഭവനപദ്ധതി ധനസഹായം- പട്ടിക ജാതി | 2581600 | ലൈഫ് ഭവനപദ്ധതി ധനസഹായം- പട്ടിക ജാതി | തുടരുന്നു. |
| 6 | 122 | വീട് വാസയോഗ്യമാക്കൽ ജനറൽ | New | GEN | 2300000 | വീട് വാസയോഗ്യമാക്കൽ ജനറൽ വിഭാഗത്തിന്(23 ഗുണഭോക്താക്കൾക്ക്) | 2200000 | വീട് വാസയോഗ്യമാക്കൽ ജനറൽ വിഭാഗത്തിന്(22 ഗുണഭോക്താക്കൾക്ക് തുക നൽകി) | തുടരുന്നു. |
| 7 | 123 | വീട് വാസയോഗ്യമാക്കൽ പട്ടിക വർഗ്ഗം | New | TSP | 3000000 | വീട് വാസയോഗ്യമാക്കൽ പട്ടിക വർഗ്ഗ വിഭാഗത്തിന്(15ഗുണഭോക്താക്കൾക്ക്) | 2893056 | വീട് വാസയോഗ്യമാക്കൽ പട്ടിക വർഗ്ഗ വിഭാഗത്തിന്(14ഗുണഭോക്താക്കൾക്ക് തുക പൂർണമായി നൽകി) | തുടരുന്നു. |
| 8 | 260 | വ്യക്തിഗത കക്കൂസ് നിർമ്മാണം | So | GEN | 354200 | വ്യക്തിഗത ഗാർഹിക ടോയിലറ്റ് നിർമ്മാണം | 215600 | വ്യക്തിഗത ഗാർഹിക ടോയിലറ്റ് നിർമ്മാണം | തുടരുന്നു |
| 9 | 160 | കക്കൂസ് നിർമ്മാണം-വ്യക്തിഗതം | New | GEN | 554400 | വ്യക്തിഗത ഗാർഹിക ടോയിലറ്റ് നിർമ്മാണം | 446600 | വ്യക്തിഗത ഗാർഹിക ടോയിലറ്റ് നിർമ്മാണം | തുടരുന്നു |

## അദ്ധ്യായം5(3)

## വെല്ലുവിളികൾ,വികസനവിടവുകൾ, പ്രശ്നവിശകലനം പ്രശ്നപരിഹാര സാധ്യതകൾ

| ക്രമനമ്പർ | മേഖല/ ഉപ മേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്ന തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർ ഇതര തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | ദാരിദ്ര്യ ലഘൂകരണം | തൊഴിലില്ലായ്മ | പഞ്ചായത്ത് പ്രദേശം | | ✓ | | 1.തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ കുറവ്<br><br>2. തൊഴില് സാഹചര്യങ്ങൾ കുറവ് | 1.സംരംഭകത്വ വികസനം പ്രോത്സാഹിപ്പിച്ചു കൊണ്ട് പരമാവധി പേർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.<br>2. കുടുംബശ്രീ മുഖേന നൈപുണ്യ പരിശീലനങ്ങൾ വ്യാപിപ്പിക്കുക. | ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് സംരംഭകത്വ വികസന പദ്ധതികൾ നടപ്പാക്കാം | സ്വകാര്യ തലത്തിൽ കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക | വ്യവസായ വകുപ്പ് മുഖേന പരമാവധി പരിശീലനങ്ങളും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനവും നൽകുക. |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 3.തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുക | | | |
| 2. | പാർപ്പിടം | വാസയോഗ്യമായ ഭവനം ഇല്ലാത്തത് | പഞ്ചായത്ത് പ്രദേശം | | ✓ | | 1.താഴ്ന്ന സാമൂഹിക, സാമ്പത്തിക അവസ്ഥ<br><br>2.ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമി ഇല്ലാത്തത് | ലൈഫ് ഭവന പദ്ധതി,പി.എം.എ.വൈ പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനം നൽകാം | ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം വകയിരുത്താം | സ്വകാര്യ സംഘടനകളുടെ പങ്കാളിത്തത്തോടെ ഭവന നിർമ്മാണത്തിന് പ്രോത്സാഹനം നൽകാം | |
| 3 | വിദ്യാഭ്യാസം | മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കാത്തത് | പഞ്ചായത്ത് പ്രദേശം | | ✓ | | 1.താഴ്ന്ന സാമൂഹിക, സാമ്പത്തിക അവസ്ഥ<br>2.മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യങ്ങൾ ഇല്ലാത്തത് | 1.സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി ,പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിന് പദ്ധതികൾ | | | കൂടുതൽ മെച്ചപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുക.ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ അനുവദിക്കുക |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ആസൂത്രണം ചെയ്ത് നടപ്പാക്കുക<br><br>2.സ്കൂളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുക | | | |
| 4. | ദാരിദ്ര്യ ലഘൂകരണം | അതി ദാരിദ്ര്യം | പഞ്ചായത്ത് പ്രദേശം | | ✓ | | 1.സ്ഥലവും വീടും ഇല്ലാത്ത കുടുംബം<br>2.റേഷൻകാർഡില്ലാത്ത ,പൊതു ഭക്ഷ്യ വിതരണ സമ്പ്രദായത്തെ ആശ്രയിക്കാൻ കഴിയാത്ത അവസ്ഥ<br>3.കുടുംബത്തിൽ ഒരാൾക്ക്പോലും തൊഴിൽ ചെയ്യാൻ കഴിയാത്ത സാഹചര്യം<br>4.കടബാധ്യത/മാരക രോഗം<br>5.ദുരന്തങ്ങളിൽ ജീവനോപാധി പൂർണമായും നഷ്ടപ്പെടുന്നത്. | പ്രത്യേക മൈക്രോ പദ്ധതികൾ മാർഗ്ഗരേഖപ്രകാരം ആവിഷ്കരിച്ച് നടപ്പാക്കുക | ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം വകയിരുത്താം | സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പവരുത്താം | പ്രത്യേക പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ആവിഷ്കരിക്കേണ്ടതുണ്ട്. |

# അദ്ധ്യായം5(4)

## വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | പാർപ്പിടം | അർഹതയുള്ള എല്ലാവർക്കും സുരക്ഷിതമായ ഭവനം | ഭവന നിർമ്മാണ ധനസഹായം | ഏകദേശം 1500 ഭവനരഹിതർ | എല്ലാവർക്കും സുരക്ഷിതമായ ഭവനവും ജീവനോപാധിയും ഉറപ്പവരുത്തിക്കൊണ്ട് കേവല ദാരിദ്ര്യം ഇല്ലാതാക്കുക | പരമാവധി പേർക്ക് ഭവന നിർമ്മാണ ഭവന പുനരുദ്ധാരണ ധനസഹായം അനുവദിക്കുക | ലൈഫ് ഭവന പദ്ധതി/പി.എം.എ. വൈ ഭവന പദ്ധതി എന്നിവയിലൂടെ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ ധനസഹായം,വായ്പ എന്നിവ വകയിരുത്തിക്കൊണ്ട് പരമാവധി പേർക്ക് ഭവനം നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | തൊഴിൽ | സംരംഭകത്വ വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കിക്കൊണ്ട് പരമാവധി പേർക്ക് തൊഴിൽ നൽകുന്നതിനും കേവല ദാരിദ്ര്യം ഇല്ലാതാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. | പുതിയ സംരംഭങ്ങൾ | വളരെ കുറവ് | സംരംഭകത്വ വികസനം പൂർണ അർത്ഥത്തിൽ നടപ്പിലാക്കുക.പ്രാദേശിക സാമ്പത്തിക വികസനം സാദ്യമാക്കുക | ചുരുങ്ങിയത് 300 സംരംഭങ്ങളെങ്കിലും ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുക<br><br>10 വനിതാ സംരംഭങ്ങൾക്ക് സബ്സിഡി തുക പദ്ധതിയില് വകയിരുത്തുക | കുടുംബശ്രീ,വ്യവസായ വകുപ്പ് പങ്കാളിത്തത്തോടെ നടപ്പാക്കുക.(നൈപുണ്യ പരിശീലനമുൾപ്പെടെ) 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയിലൂടെ നടപ്പാക്കുക.<br><br>തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ നൽകുക<br><br>വനിതകൾക്കും ദുർബലവിഭാഗങ്ങൾക്കും സംരംഭകത്വ വികസനത്തിൽ മുൻഗണന നൽകുക |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 3 | വിദ്യാഭ്യാസം | എല്ലാ വിഭാഗം ജനങ്ങൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം/തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിലൂടെ കേവലദാരിദ്ര്യം ഇല്ലാതാക്കുക | മെച്ചപ്പെട്ട വിദ്യാഭ്യാത്തിലൂടെ ദാരിദ്ര്യ ലഘൂകരണം | സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നില്ല. | പട്ടികജാതി ,പട്ടികവർഗ്ഗ വിഭാഗങ്ങൾ,ഭിന്നശേഷിയുള്ളവർ എന്നിവരുടെ ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും പൊതു വിദ്യാഭ്യാസ സൌകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക | പട്ടികജാതി ,പട്ടികവർഗ്ഗ വിഭാഗങ്ങൾ,ഭിന്ന ശേഷിയുള്ളവർ എന്നീ വിഭാഗത്തിൽ പെടുന്നവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് പദ്ധതി ഉൾപ്പെടുത്തുക | പട്ടിക ജാതി,പാട്ടികവർഗ്ഗ വികസന വകുപ്പുകൾ,ജില്ലാ ബ്ലോക്ക് പഞ്ചായത്ത്,വിദ്യാഭ്യാസ വകുപ്പ് പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുക. |
| 4 | ദാരിദ്ര്യ ലഘൂകരണം | അതി ദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള പ്രത്യേക മൈക്രോ പ്ലാനുകൾ നടപ്പാക്കി അതി ദാരിദ്ര്യം തുടച്ചുനീക്കുക | അതി ദാരിദ്ര്യം ഇല്ലാതാക്കുക | പഞ്ചായത്തിൽ 35 അതിദരിദ്രരെ സർവ്വെയിലൂടെ കണ്ടെത്തി | അതി ദാരിദ്ര്യം പൂർണമായും ഇല്ലാതാക്കുക | അതി ദാരിദ്ര്യ നിർമ്മാർജനത്തിനുള്ള മൈക്രോ പദ്ധതികൾ നടപ്പാക്കുക | സർക്കാരിന്റെ പ്രത്യേക മാർഗ്ഗരേഖ പ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക. |

# അദ്ധ്യായം5(5)

## സംയോജന സാധ്യതകൾ

ഭവന നിർമ്മാണ പദ്ധതികൾ ജില്ലാ ,ബ്ലോക്ക് പഞ്ചായത്ത്,തൊഴിലുറപ്പ് പദ്ധതി,ലൈഫ് മിഷൻ പങ്കാളിത്തത്തോടെ നടപ്പാക്കാം.സംരംഭകത്വ വികസന പദ്ധതികൾ വ്യവസായ വകുപ്പ്,കുടുംബശ്രീ പങ്കാളിത്തത്തോടെ നടപ്പാക്കാം.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്,ദാരിദ്ര്യ ലഘൂകരണ വകുപ്പ്,വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളുടെ സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

----------------------------------------

കിനാന്നൂർ കരിന്തളം ഗ്രമപഞ്ചായത്ത്

പതിനാലാം പഞ്ചവൽസര പദ്ധതി -2022-2027

വാർഷിക പദ്ധതി 2022-2023

## സ്റ്റാറ്റസ് റിപ്പോർട്ട്

വിഷയ മേഖല - 6.സാമൂഹ്യനീതി

(ഭിന്നശേഷിയുള്ളവർ,വയോജനങ്ങൾ മുതലായവ)

# വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

| ക്രമനമ്പർ | അംഗത്തിൻറെ പേര്,വിലാസം | ഫോൺ നമ്പര്, ഇ-മെയിൽ ഐ.ഡി | നിലവിൽവർക്കിംഗ് ഗ്രൂപ്പ് അംഗമാണോ | വർക്കിം ഗ്ഗ്രൂപ്പിലെ സ്ഥാനം* | സ്ത്രീ/പു. | ജനറൽ/ എസ്.സി ./എസ്.ടി. | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ദ്ധ്യംപരിചയം | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1 | ധന്യപി | 9446270925 | അതെ | ചെയർപേഴ്സൺ | സ്ത്രീ | ജനറൽ | പി.ഡി.സി | പൊതുപ്രവർത്തക | കൃഷി |
| 2 | രമണിരവി | 9497607017 | അതെ | വൈസ്ചെയർപേഴ്സൺ | സ്ത്രീ | ജനറൽ | പി.ഡി.സി | പൊതുപ്രവർത്തക | കൃഷി |
| 3 | സുമപി സി | 9656504638 | അതെ | കൺവീനർ | സ്ത്രീ | ജനറൽ | ഡിഗ്രി | ഐ.സി.ഡി.എസ്സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ |
| 4 | എംവി രാധ | 9446677087 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 5 | സീനകെ വി | 9048897780 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | സി.ഡി.എസ്അംഗം | സി.ഡി.എസ്അംഗം |
| 6 | ഗീതരാമചന്ദ്രൻ | 9400535710 | അല്ല | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | ശ്യാമളവി വി | 9846388975 | അല്ല | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 8 | വി.മാധവൻ | 9495352759 | അതെ | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 9 | നളിനിഎൻ | 9207345840 | അല്ല | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | അംഗനവാടിജീവനക്കാരി |
| 10 | വിവി യശോദ | 9961502099 | അല്ല | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 11 | നളിനിരാഘവൻ | 9400435725 | അല്ല | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 12 | വിവി രത്നാവതി | 9400935356 | അല്ല | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 13 | കിരൺരാജ് | 7558975347 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 14 | സുജ ടി എം | 9747659057 | അല്ല | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 15 | ഭരതൻകരപ്പാത്ത് | 9349567973 | അല്ല | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |

# അദ്ധ്യായം6(1)

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1996ലെ കണക്ക് പ്രകാരം പഞ്ചായത്തിൽ ആകെ 126 ഭിന്നശേഷിക്കാരാണുണ്ടായിരുന്നത് അതിൽ 45 പേർ സ്ത്രീകളും 81 പേർ പുരുഷൻമാരുമായിരുന്നു. 96 ലെ കണക്ക് പ്രകാരം വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നവർ 218 പേരാണ്. ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും ക്ഷേമത്തിന് പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നില്ല

**1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും**

| | 1996-ലെ അവസ്ഥ | നിലവിലെ അവസ്ഥ |
|---|---|---|
| 1 | **അങ്കണവാടികൾ**<br>1996- ൽ - ബാലവാടി- 3<br>ശിശുമന്ദിരം - 1 | അങ്കണവാടികൾ - 30,ശിശുമന്ദിരം-1 |
| 2 | 3 ബാലവാടിക്കും ഒരു ശിശു മന്ദിരത്തിനും സ്വന്തം കെട്ടിടം ഉണ്ട് | 30 അംഗൻവാടികൾക്കും ഒരു ശിശുമന്ദിരത്തിനും സ്വന്തം കെട്ടിടം ഉണ്ട്.(നിലവിൽ ബാലവാടികൾ ഇല്ല) |
| 3 | കുട്ടികൾ - 200 | കുട്ടികൾ - 2300 |
| 4 | കുടിവെള്ളം - ഇല്ല | കുടിവെള്ളം – 17 (സ്വന്തം) |
| 5 | ടോയിലറ്റ് - ഇല്ല | ടോയിലറ്റ് – 30(ശിശു സൌഹൃദ ടോയിലറ്റുകൾ ഇല്ല,ടോയിലറ്റുകൾ മികച്ചതല്ല.) |
| 6 | ചുറ്റുമതിൽ - ഇല്ല | ചുറ്റുമതിൽ - 29 എണ്ണം |
| 7 | വൈദ്യുതി - ഇല്ല | വൈദ്യുതി ഉള്ളത് – 23 എണ്ണം |
| 8 | ശിശുസൌഹൃദ ഫർണിച്ചർ - ഇല്ല | ശിശുസൌഹൃദ ഫർണിച്ചർ - 30 |
| 9 | കളിസ്ഥല ലഭ്യത - ഇല്ല | കളിസ്ഥല ലഭ്യത ഉണ്ട്. |
| 10 | കുട്ടികൾക്ക് ആവശ്യമുള്ള കളി ഉപകരണങ്ങളുടെ ലഭ്യത - ഇല്ല | 30- അങ്കണവാടികളിലും കളിയുപകരണങ്ങൾ ഉണ്ട് |

| | | |
|---|---|---|
| 11 | <u>വൃദ്ധർ</u><br><u>പകൽ വിശ്രമക്രേന്ദ്രങ്ങൾ ഇല്ല</u> | ഉണ്ട്. (നിലവിൽ ഫെസിലിക്കേഷൻ സെന്റർ വഴി NCD ക്ലിനിക്ക്ഉണ്ട്) |
| | പ്രത്യേക പദ്ധതികൾ ഇല്ല | വയോജനങ്ങളുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ഉണ്ട്. |
| | വയോജനങ്ങളുടെ അവകാശ സംരക്ഷണത്തിനുള്ള നിയമങ്ങളോ പ്രത്യേക പദ്ധതികളോ ഇല്ല | വയോജനങ്ങളുടെ അവകാശ സംരക്ഷണത്തിനുള്ള നിയമങ്ങളുണ്ട്. പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ട്. |
| 12 | <u>ഭിന്നശേഷി</u><br><u>പ്രത്യേക പദ്ധതികൾ ഇല്ല</u> | ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ഉണ്ട്.<br>ഭിന്നശേഷികുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നു, ഉപകരണങ്ങൾ നൽകുന്നു, പെൻഷൻ നൽകുന്നു. |

# അദ്ധ്യായം6(2)

## ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തലും

കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 1996- ൽ 3 ബാലവാടിയും 1 ശിശുമന്ദിരവും ഉണ്ടായിരുന്നു. 2000-ൽ 2 ബാലവാടി അങ്കണവാടിയായി മാറി. കുട്ടികളുടെ ശാരീരിക മാനസിക വൈകാരിക വികാസങ്ങൾക്ക് അനുസൃതമായി ഉതകുന്ന രീതിയിൽ അങ്കണവാടികൾ പഞ്ചായത്തിൽ കുറവായതിനാൽ കുട്ടികൾക്ക് യഥാസമയത്ത് ലഭിക്കേണ്ട വികാസങ്ങൾക്ക് തടസ്സം അനുഭവപ്പെട്ടിരുന്നു. 2002-ൽ അങ്കണവാടികൾ 22 ആയി ഉയരുകയും പഞ്ചായത്തിന്റെ കീഴിൽ ഒരു ശിശുമന്ദിരവും പ്രവർത്തിച്ചിരുന്നു. 2004 ആകുമ്പോഴേക്കും 23 അങ്കണവാടി ആവുകയും 2006-ൽ അത് 29 അങ്കണവാടിയായും 2007-ൽ30അങ്കണവാടിയായും ഉയർന്നു. നമ്മുടെ ഗ്രമപഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിൽ നിന്നും കുട്ടികൾക്ക് അനൌപചാരിക വിദ്യാഭ്യാസം നടത്തുവാൻ ഇന്ന് സാഹചര്യം ലഭിക്കുന്നുണ്ട്. ഒരു പരിധിവരെ എല്ലാ സൌകര്യങ്ങളും അങ്കണവാടികൾക്ക് ലഭിച്ചിട്ടുണ്ട്.

ജനകീയാസൂത്രണത്തിലൂടെ ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും സംരക്ഷണത്തിനും ക്ഷേമത്തിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിച്ചു. നിലവിലെ കണക്ക് പ്രകാരം ആകെ 268 ഭിന്നശേഷിക്കാരാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അതിൽ 115 സ്ത്രീകളും 153 പുരുഷൻമാരും ഉൾപ്പെടുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾ 45 പേരാളുണ്ടുള്ളത്. നിലവിലെ കണക്ക് പ്രകാരം ആകെ 3861 വയോജനങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതിൽ 2045 പേർ വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നു. വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി പാലിയേറ്റീവ് കെയർ, വയോ സാന്ത്വനം പോലുള്ള പദ്ധതികൾ നടപ്പിലാക്കി. വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിന് 2 പകൽ വീടുകൾ സ്ഥാപിച്ചു. (കാട്ടിപ്പൊയിൽ, കുമ്പളപ്പള്ളി) വയോജന ക്ഷേമത്തിനായി കട്ടിലുകൾ വിതരണം ചെയ്തു.

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി ജനകീയാസൂത്രണത്തിലൂടെ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി. ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കി. ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയും പ്രത്യേക ഭവന പദ്ധതികളും നടപ്പാക്കാൻ സാധിച്ചു.

ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും പ്രത്യേക അവകാശങ്ങളെക്കുറിച്ച് ഇന്ന് അവർ തികച്ചും ബോധവാൻമാരാണ്.

**മുൻകാല മാതൃക / വിജയം കൈവരിച്ച പ്രോജക്ടുകൾ**

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രേജക്ടിൻറെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ഭിന്ന ശേഷി ക്ഷേമം | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങൽ | GEN | 359637 | ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കി. | ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കി. | ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ ലഭ്യമാക്കി |
| 2 | വയോജന ക്ഷേമം | വയോജനങ്ങൾക്ക് കട്ടിൽ | GEN | 517548 | ജീവിത സൌകര്യം മെച്ചപ്പെടുത്താൻ സാധിച്ചു. | ജീവിത സൌകര്യം മെച്ചപ്പെടുത്താൻ സാധിച്ചു. | പാവപ്പെട്ട വയോജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സാധിച്ചു. |

<u>പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ</u>

| ക്രമ നമ്പർ | മേഖല/ ഉപ മേഖല | പ്രേജക്ടിൻറെ പേര് | GEN /SC SP/T SP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | ഭിന്നശേഷി കുട്ടികളുടെ ക്ഷേമം | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ(2015-16ൽ ആരംഭിച്ച് 2018-19 ൽ കെട്ടിടം പൂർത്തീകരിച്ചു.) | GEN | 1571384 | ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസം | ഇല്ല | കെട്ടിടം നിർമ്മിച്ചെങ്കിലും, ഫണ്ട് പരിമിതമായതിനാൽ തുടർ ചെലവുകള് വഹിക്കാൻ സാധിക്കാതെ വന്നതിനാൽ ഉപേക്ഷിച്ചു. | ദൈനംദിന ചെലവുകൾക്ക് സർക്കാര് ഗ്രാന്റ് ആവശ്യമാണ്. |

## 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രേജക്ടിൻറെ പേര് | So/New | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 3 | അങ്കണവാടി പോഷകാഹാരം | New | GEN | 2300000 | 0-6 കുട്ടികൾ,മുലയൂട്ടുന്ന അമ്മമാർ,ഗർഭിണികൾ | 2151406 | 0-6 കുട്ടികൾ,മുലയൂട്ടുന്ന അമ്മമാർ,ഗർഭിണികൾ എന്നിവർക്ക് യഥാസമയത്തെ അനുപൂരകപോഷണം | പൂർത്തീകരിച്ചു. |
| 2 | 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്/ബത്ത | New | GEN | 750000 | ഭിന്നശേഷി കുട്ടികളുടെ പഠനത്തിനുള്ള സ്കോളർഷിപ്പും ബത്തയും നൽകുന്നതിന് | 750000 | ഭിന്നശേഷി കുട്ടികളുടെ പഠനത്തിനുള്ള സ്കോളർഷിപ്പും ബത്തയും നൽകി | പൂർത്തീകരിച്ചു. |
| 3 | 25 | വൃദ്ധർക്ക് കട്ടിൽ ജനറൽ | New | GEN | 147900 | വയോജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തൽ | 147490 | വയോജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സാധിച്ചു. | പൂർത്തീകരിച്ചു. |
| 4 | 26 | കാഴ്ചപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനാവിശ്യത്തിന് കമ്പ്യൂട്ടർ | New | GEN | 400000 | കാഴ്ച പരിമിതരായ കുട്ടികൾക്ക് പഠന സഹായം | 0 | ഇല്ല | തുടരുന്നു |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5 | 228 | അംഗൻവാടികൾക്ക് ഏകീകൃത നെയിം ബോർഡ് | New | GEN | 87000 | അംഗൻവാടി വികസനം | 0 | ഭൌതീകമായി പൂർത്തീകരിച്ചു. തുക നൽകാനുണ്ട്. | തുടരുന്നു |
| 6 | 231 | ഐ.സി.ഡി.എസ്. സൂപ്പർവൈസരുടെ ഓഫീസിലെക്ക് കമ്പ്യൂട്ടർ,പ്രിന്റർ എന്നിവ വാങ്ങൽ | New | GEN | 75000 | ഓഫീസ് കമ്പ്യൂട്ടറൈസേഷൻ | 0 | ഇല്ല | തുടരുന്നു |

# അദ്ധ്യായം 6(3)

## വെല്ലുവിളികൾ,വികസനവിടവുകൾ, പ്രശ്നവിശകലനം ,പരിഹാര സാധ്യതകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്ന തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർ ഇതര തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | അംഗൻവാടി വികസനം | കുടിവെള്ള സൌകര്യം ഇല്ല | കൊട്ടമടൽ,കീഴ്മാല,പടപ്പ്ളം, കയനി, പെരിയങ്ങാനം, മാളൂർകയം,ആവുള്ളക്കോട് ,പന്നിത്തടം അംഗൻവാടികൾ | | ✓ | | സ്വന്തമായി കുടിവെള്ള സ്രോതസ്സ് ഇല്ല | നോൺ റോഡ് മെയിന്റനൻസ് ഉപയോഗിച്ചോ, ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാൻറ് ഉപയോഗിച്ചോ പദ്ധതി ഉൾപ്പെടുത്തുക | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | അംഗൻവാടി വികസനം | കുടിവെള്ളം – ഇലക്ട്രിക് മോട്ടോർ ഇല്ലാത്ത അംഗൻവാടികള് | പുല്ലൂമല, കോളംകുളം,വാളൂർ ,ചായ്യോത്ത് | | ✓ | | കുടിവെള്ള സ്രോതസ്സ് ഉണ്ട്.ഇലക്ട്രിക് മോട്ടോർ പ്ലംബിംഗം ഇല്ല. | നോൺ റോഡ് മെയിന്റനൻസ് ഉപയോഗിച്ചോ, ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാൻറ് ഉപയോഗിച്ചോ പദ്ധതി ഉൾപ്പെടുത്തുക | | | |
| 3 | അംഗൻവാടി വികസനം | ഇലക്ട്രിക് വയറിംഗ് പൂർത്തിയാകാത്തവ(വികസന വിടവ്) | വരയിൽ, അണ്ടോൾ,കോളംകുളം, ചിമ്മത്തോട്, പന്നിത്തടം,ആവുള്ളക്കോട് | | | ✓ | വയറിംഗ് ഒരു പോയന്റ് മാത്രം ഉള്ളത്- പുതുതായി നിർമ്മിച്ച അടുക്കള ഭാഗത്തിന് വയറിംഗ് ഇല്ലാത്തത് | നോൺ റോഡ് മെയിന്റനൻസ് ഉപയോഗിച്ച് പദ്ധതി ഉൾപ്പെടുത്തുക | | | |
| 4 | അംഗൻവാടി വികസനം | സുരക്ഷിതമായ കെട്ടിടം ഇല്ലാത്തത് | കവാറ്റി അംഗൻവാടി | | | ✓ | പഴകിയ അപകടാവസ്ഥയിലുള്ള കെട്ടിടം | പുതിയ കെട്ടിടം നിർമ്മിക്കുക | ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാം | | വനിത ശിശുവികസന വകുപ്പിന്റെ ഫണ്ട് അനുവദിക്കാം |
| 5 | അംഗൻവാടി വികസനം | അംഗൻവാടിയുടെ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കേണ്ട | എല്ലാ അംഗൻവാടികളും | | ✓ | | സ്മാർട്ട് അംഗൻവാടികളായി ഉയർത്തണം | പദ്ധതി ഉൾപ്പെടുത്തുക | ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാം | | വനിത ശിശുവികസന വകുപ്പിന്റെ ഫണ്ട് |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ുണ്ട്.സ്മാർട്ട് അംഗൻവാടികളായി ഉയർത്തണം | | | | | | | | | അനുവദിക്കാം . |
| 6 | ഭിന്ന ശേഷി ക്ഷേമം | എല്ലാ പൊതു സ്ഥാപനങ്ങളും ഭിന്നശേഷി സൌഹൃദമല്ല | തദ്ദേശ സ്ഥാപനത്തിന് കീഴിലുള്ള സ്ഥാപനങ്ങൾ | | ✓ | | റാംപ്,ഭിന്ന ശേഷിക്കാരെ സഹായിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ലാത്തത് | പദ്ധതി ഉൾപ്പെടുത്തുക | | | വികലാംഗ ക്ഷേമ കോർപ്പറേഷന്റെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കാം. |
| 7 | ഭിന്ന ശേഷി ക്ഷേമം | ഭിന്നശേഷി പുനരധിവാസം ആവശ്യമാണ് | പഞ്ചായത്ത് പ്രദേശം | | ✓ | | ഭിന്നശേഷിക്കാരുടെ തൊഴിലും വരുമാനവും ഉറപ്പ് വരുത്തേണ്ടതുണ്ട്. | ഗുണഭക്താക്കളെ കണ്ടെത്താം | തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം | | വ്യവസായ വകുപ്പ്,വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നിവയുടെ പങ്കാളിത്തം ഉറപ്പ് വരുത്താം. |
| 8 | വയോജന ക്ഷേമം | വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തേണ്ടതുണ്ട് | പഞ്ചായത്ത് പ്രദേശം | | ✓ | | ശാരീരികവും മാനസികവുമായ പിന്തുണ ആവശ്യമാണ് | 1.ആയുഷ് വകുപ്പിന്റെ സഹായത്തോടെ യോഗ പരിശീലനം നടത്താം | | | ആയുഷ് വകുപ്പ് ,ആരോഗ്യവകുപ്പ് മുഖേന പിന്തുണ സംവിധാനം ഏർപ്പെട്ട |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 2.വയോജനങ്ങൾക്കുള്ള പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ<br><br>3.സാമ്പത്തിക ശേഷിയില്ലാത്ത കിടപ്പുരോഗികളായ വയോജനങ്ങൾക്ക് പോഷകാഹാരം നൽകാം.<br><br>4.ശാരീരിക പ്രയാസങ്ങൾ അനുഭവിക്കുന്ന വയോജനങ്ങൾക്ക് ഉപകരണങ്ങൾ | | | ത്താം. |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 9 | വയോജന ക്ഷേമം | വയോജനങ്ങളുടെ മാനസികോല്ലാസം/വയോ സൌഹൃദ സ്ഥാപനങ്ങൾ ആവശ്യമാണ് | പഞ്ചായത്ത് പ്രദേശം | | ✓ | | സാഹചര്യങ്ങളുടെയും സംവിധാനങ്ങളുടെയും അഭാവം | 1.വയോ ക്ലബുകൾ/പകൽ വീടുകള് ഏർപ്പെടുത്താം കാര്യക്ഷമമാക്കാം.<br><br>2.വിനോദ കേന്ദ്രം<br><br>3. പൊതു സ്ഥാപനങ്ങൾ വയോ സൌഹൃദമാക്കൽ | ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വയോ ക്ലബുകളിലെ കെയർ ടേക്കറുടെ വേതനത്തിന് പ്രോജക്ട് ഉൾപ്പെടുത്താം | സീനിയർ സിറ്റിസൺ ഫോറം മുഖേന പിന്തുണാ സംവിധാനം ഒരുക്കാം. | കുടുംബശ്രീ മിഷനിൽ നിന്നും വയോക്ലബുകളിലെ കെയർടേക്കർക്ക് വേതനത്തിനായി വിഹിതം നൽകാം |

## അദ്ധ്യായം 6(4)

## വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ഭിന്നശേഷി ക്കാരുടെ ക്ഷേമം | ഭിന്നശേഷി തൊഴിൽ പരിശീലനം | തൊഴിൽ | ഭിന്നശേഷിക്കാരുടെ വരുമാനം/തൊഴിൽ അവസരങ്ങൾ ഇല്ലാത്തത് | ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലനത്തിലൂടെ അവരുടെ വരുമാനവും സമ്പൂർണ ക്ഷേമവും ഉറപ്പ് വരുത്തൽ | തൊഴിൽ പരിശീലന കേന്ദ്രം ഒരുക്കൽ | ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കാം |
| 2 | ഭിന്നശേഷി ക്കാരുടെ ക്ഷേമം | ഭിന്നശേഷി സൌഹൃദ സ്ഥാപനങ്ങൾ | ഭിന്നശേ ഷി സൌഹൃ തം | എല്ലാ പൊതു സ്ഥാപനങ്ങളും ഭിന്നശേഷി സൌഹൃദമല്ല | എല്ലാ പൊതു സ്ഥാപനങ്ങളും ഭിന്നശേഷി സൌഹൃദമാക്കൽ | മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതം ഉപയോഗിച്ച് പ്രോജക്ട് ഉൾപ്പെടുത്താം | ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്താം. |
| 3 | ഭിന്നശേഷി ക്കാരുടെ ക്ഷേമം | ഭിന്നശേഷിക്കാരുടെ ഉപകരണ വിതരണം | സഹായ ഉപകര ണം | എല്ലാവർക്കും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | മുഴുവൻ പേർക്കും ഉപകരണങ്ങൾ ലഭ്യമാക്കുക | പ്രോജക്ട് ഉൾപ്പെടുത്താം | വികലാംഗക്ഷേമ കോർപറേഷനില് നിന്നും ഉപകരണങ്ങൾ ലഭ്യമാക്കാം. |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | വയോജന ക്ഷേമം | വയോജനങ്ങളുടെ മാനസികവും ശാരീരികവുമായ ആരോഗ്യ സംരക്ഷണം | ആരോഗ്യം,ഉല്ലാസം | ആവശ്യമായ സംവിധാനങ്ങൾ ഇല്ല | സംവിധാനങ്ങളുടെ പൂർണത | 1.വയോ ക്ലബുകൾ<br>2.സഹായ ഉപകരണങ്ങൾ<br>3.യോഗ പരിശീലനം<br>4.പാലിയേറ്റീവ് കെയർ<br>5.പോഷകാഹാരം<br>6.വയോജന സൌഹൃദ സ്ഥാപനങ്ങൾ | ബ്ലോക്ക്/ജില്ലാ പഞ്ചാത്തുകൾ,കുടുംബശ്രീ,ആയുഷ് വകുപ്പ്,ആരോഗ്യ വകുപ്പ് പിന്തുണയോടുകൂടി നടപ്പാക്കാം. |
| 5 | അംഗൻവാടികൾ | അംഗൻവാടികളുടെ അടിസ്ഥാന സൌകര്യ വികസനം | അടിസ്ഥാന സൌകര്യം | 1.കുടിവെള്ളം,വൈദ്യുതി,ശിശുസൌഹൃദ കസേരകൾ, ഫർണിച്ചർ,കളിപ്പാട്ടങ്ങൾ ,ശിശു സൌഹൃദ ടോയിലറ്റ് എന്നിവയുടെ അഭാവം/കുറവ്<br><br>2.അംഗൻവാടികള് സ്മാർട്ട് ആക്കേണ്ട ആവശ്യകത | മുഴുവൻ അംഗൻവാടികളും സ്മാർട്ട് ആക്കുക | 1.അടിസ്ഥാന സൌകര്യ വികസനത്തിന് പ്രോജക്ട് ഉൾപ്പെടുത്തുക<br><br>2.കുവാറ്റി അംഗൻവാടിക്ക് പുതിയ കെട്ടിടം | വനിതാ ശിശു സംരക്ഷണ വകുപ്പ്,ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് പിന്തുണയോടുകൂടി നടപ്പാക്കാം. |

# അദ്ധ്യായം 6(5)

## സംയോജന സാധ്യതകൾ

വനിത ശിശു സംരക്ഷണ വകുപ്പ്, കുടുംബശ്രീ, ആയുഷ് വകുപ്പ്, ആരോഗ്യവകുപ്പ്, ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത്, തൊഴിലുറപ്പ് പദ്ധതി ഫണ്ടും പദ്ധതി ആശയങ്ങളും ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് ഈ മേഖലയിലെ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കാൻ സാധിക്കും.

# കിനാനൂർ കരിന്തളം ഗ്രമപഞ്ചായത്ത്

പതിനാലാം പഞ്ചവൽസര പദ്ധതി -2022-2027

## വാർഷിക പദ്ധതി 2022-2023

## <u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

വിഷയ മേഖല -**7.ജെൻഡറും വികസനവും കുട്ടികളുടെ വികസനവും**

## വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര്,വിലാസം | ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി | നിലവിൽവർക്കിംഗ് ഗ്രൂപ്പ് അംഗമാണോ | വർക്കിംഗ്ഗ്രൂപ്പിലെ സ്ഥാനം* | സ്ത്രീ/പു. | ജനറൽ/എസ്.സി./എസ്.ടി. | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ദ്ധ്യം പരിചയം | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1 | ചിത്രലേഖ.കെ.പി | 8086904765 | **അതെ** | ചെയർപേഴ്സൺ | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പഞ്ചായത്ത്അംഗം | പൊതുപ്രവർത്തനം |
| 2 | രമ സി. | 90487112177 | അതെ | വൈസ്ചെയർപേഴ്സൺ | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തക | കൃഷി |
| 3 | സുമ പി സി | 9656504638 | അതെ | കൺവീനർ | സ്ത്രീ | ജനറൽ | ബിരുദാനന്തര ബിരുദം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഗവ.ജീവനം |
| 4 | ഉഷ രാജു | 9048061971 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തക | കൃഷി |
| 5 | ലക്ഷ്മി രാഘവൻ | 7034386941 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | സി.ഡി.എസ് | കൃഷി |
| 6 | രമ്യ  വി. | 8281844143 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | എ.ഡി.എസ് | കൃഷി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | മേരിജോർജ് | 9946360046 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | മുൻപഞ്ചായത്ത് അംഗം | കൃഷി |
| 8 | ജാൻസി കുര്യാക്കോസ് | 9846953544 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തക | കൃഷി |
| 9 | സ്വർണലത ടി. | 6238005070 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തക | കൃഷി |
| 10 | സാവിത്രിപി | 9074393259 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തക | കൃഷി |
| 11 | റീജ വി | 8281969022 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | ഐ.സി.ഡി.എസ്. വർക്കർ | അംഗനവാടി വർക്കര് |
| 12 | സിന്ധു വിജയകുമാർ | 8301933765 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തക | കൃഷി |
| 13 | ലിഷ എം. | 9946384888 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തക | കൃഷി |
| 14 | പ്രീത ഭാവനൻ | 8547059767 | അതെ | അംഗം | സ്ത്രീ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തക | കൃഷി |

# ആമുഖം

അധികാര വികേന്ദ്രീകരണവും പഞ്ചായത്തീരാജ് സംവിധാനവും ലിംഗപദവി തുല്യതയിൽ അധിഷ്ഠിതമായ ഭരണ നിർവ്വഹണത്തിന് വഴിയൊരുക്കുകയുണ്ടായി.പ്രാദേശിക ഭരണ സംവിധാനത്തില് ലിംഗപദവിയുടെ അടിസ്ഥാനത്തിൽ അർഹമായ പങ്കാളിത്തം ഉറപ്പ് വരുത്താനും വിഭവങ്ങള് വകയിരുത്തുന്നതിലും വിനിയോഗത്തിലും സ്ത്രീകളെയും മറ്റ് അവശത അനുഭവിക്കുന്നവരെയും പരിഗണിക്കുന്നതിന് സഹായകരമായ സാഹചര്യം സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.സമൂഹത്തിൽ കാലാകാലങ്ങളായി സ്ത്രീകള് ഉൾപ്പെടെയുള്ളവര് അനുഭവിക്കുന്ന വിവേചനത്തിന്റെയും,ചൂഷണത്തിന്റെയും അസമത്വത്തിന്റെയും കാരണങ്ങൾ വിശകലനം ചെയ്യാനും ഇതിന്റെ അടിസ്ഥാനത്തില് കണ്ടെത്തുന്ന കാരണങ്ങളുടെ വേരുകൾ ഇല്ലാതാക്കാനും തുല്യതയിലും നീതിയിലും അധിഷ്ഠിതമായി വ്യത്യസ്ത വിഭാഗങ്ങൾ തമ്മിലുള്ള ബന്ധങ്ങള് ആവിഷ്കരിക്കപ്പെടാനും കഴിയണം.അതിനായി ലിംഗപദവി സൌഹാർദ്ദപരമായ ഒരു ഭരണക്രമം പ്രാദേശിക തലത്തിൽ രൂപപ്പെടേണ്ടതുണ്ട്.പ്രാദേശിക ഭരണ സംവിധാനത്തിന്റെ അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഈ ലക്ഷ്യം നേടണമെങ്കില് ലിംഗ പദവി അടിസ്ഥാനമാക്കി ആസൂത്രണ രീതികൾ അവലംബിക്കേണ്ടതുണ്ട്.

മുഴുവന് കുട്ടികൾക്കും ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരുടെ ജീവിതം സന്തോഷകരമാക്കുന്നതോടൊപ്പം അവരിലൂടെ രാഷ്ട്രത്തിന്റെ പുരോഗതി ഉറപ്പുവരുത്തുക എന്ന കുട്ടികളെ സംബന്ധിച്ച ദേശീയ കാഴ്ചപ്പാടിലധിഷ്ഠിതമായി കുട്ടികളുടെ ആവശ്യങ്ങളെ ഗൌരവത്തോടെയും ബഹുമാനത്തോടെയും പരിഗണിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്ന ബാല സൌഹൃദ സമീപനത്തിലൂന്നിക്കൊണ്ട് കുട്ടികളും പൌരൻമാരാണ് എന്ന കാഴ്ചപ്പാടോടുകൂടി പദ്ധതികള് ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് തദ്ദേശ ഭരണത്തിന്റെ കാതലായ കർത്തവ്യമാണ്.കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും വ്യത്യസ്ത സേവന മേഖലകളുടെ പരസ്പര ബന്ധിതമായുള്ള ഇടപെടലിലൂടെ മാത്രമെ പരിഹരിക്കാനാകൂ.

# അദ്ധ്യായം 7(1)

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീ പുരുഷാനുപാതം 1000 പുരുഷൻമാർക്ക് 1032 സ്ത്രീകൾ എന്നുള്ളതാണ് .ആകെയുള്ള 22219 ആളുകളിൽ 10935 പുരുഷൻമാരും 11284 സ്ത്രീകളുമാണുള്ളത്. ഇതിൽ 1356 സ്ത്രീകൾ പട്ടികജാതി സമുദായത്തിൽ ഉൾപ്പെട്ടവരായിരുന്നു. സ്ത്രീ സാക്ഷരതാ നിരക്ക് 79.31 % ആയിരുന്നു. 1981 ലെ സെൻസസ് നിരക്ക് പ്രകാരം ഇത് വളരെ കൂടുതലായിരുന്നു. 1993 ലെ സ്ഥിതി വിവര കണക്കനുസരിച്ച് 9345 സ്ത്രീകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു

### വനിതകളുടെ തൊഴിൽ പങ്കാളിത്തം

ആകെ ജനസംഖ്യയിൽ 23.4% വനിതകൾക്കാണ് തൊഴിലൂടെ വരുമാനമുണ്ടായിരുന്നത്.1991 ലെ സെൻസസ് പ്രകാരം കാർഷിക മേഖലയിൽ കർഷക തൊഴിലാളികളായി 798 സ്ത്രീകളും കർഷകരായി 102 സ്ത്രീകളും പ്രവർത്തിച്ചിരുന്നു. മൃഗസംരക്ഷണം - അനുബന്ധ പ്രവർത്തനമേഖലയിൽ 249 പേരും ബീഡി തൊഴിലാളികളായി 501 സ്ത്രീകളും പ്രവർത്തിക്കുന്നു. പാറമടകളിൽ 32 സ്ത്രീകളും നിർമ്മാണ തൊഴിലാളികളായി 5 സ്ത്രീകളും പ്രവർത്തിച്ചിരുന്നു.

### വിദ്യാഭ്യാസം

സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നത് പൊതുവെ കുറവായിരുന്നു. പെൺകുട്ടികൾ അധികവും ഹൈസ്കൂൾതലത്തിൽ തന്നെ വിദ്യാഭ്യാസം നിർത്തിയിരുന്നു. SSLC നല്ലനിലയിൽ പാസായ പെൺകുട്ടികൾ പോലും ഉപരിപഠനത്തിനുള്ള സൌകര്യം പഞ്ചായത്തിൽ ഇല്ലാത്തതിനാൽ പഠനം നിർത്തേണ്ട അവസ്ഥയായിരുന്നു.

### ആരോഗ്യം

പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ വേഗത്തിൽ പലവിധത്തിലുള്ള രോഗങ്ങൾക്ക് അടിമകളായിരുന്നു. രോഗികളായ തൊഴിലാളി സ്ത്രീകളുടെ അവസ്ഥ വളരെ ദയനീയമായിരുന്നു. പഞ്ചായത്തിൽ ചികിത്സാ സൌകര്യങ്ങൾ കുറവായതിനാലും ബോധവൽക്കരണത്തിന്റെ അഭാവവും, സ്ത്രീകളുടെ സാമൂഹിക പിന്നോക്കാവസ്ഥയും ഇതിന് കാരണങ്ങളായിരുന്നു.

**കുട്ടികളുടെ വികസനാവസ്ഥ**

കുട്ടികളെ പൌരൻമാരായി കാണാത്തത്കൊണ്ടും കുട്ടികളുടെ അവകാശ സംരക്ഷണനിയമം നടപ്പിലാക്കാത്തതും കുട്ടികൾക്ക് അവരുടെ ആവശ്യങ്ങൾക്കായി ശബ്ദമുയർത്താൻ കഴിയാത്തതും അവരുടെ വികസനത്തിനും സംരക്ഷണത്തിനും പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിരുന്നില്ല.

**ഇന്നത്തെ അവസ്ഥ**

1996 നെ അപേക്ഷിച്ച് 2022 ആകുമ്പോഴേക്കും സ്ത്രീ സാക്ഷരതാ നിരക്കിൽ അത്ഭുതാവഹമായ വർദ്ധനവുണ്ടായിട്ടുണ്ട് ഇന്ന് പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിന് സംസ്ഥാനത്തിനകത്തും രാജ്യത്തിന് പുറത്തുമായി സഞ്ചരിച്ച് ലക്ഷ്യം കൈവരിക്കുന്നു.

ജനകീയാസൂത്രണത്തിലൂടെ വനിതകളുടെ വികസനവും ശാക്തീകരണവും കൈവരിക്കാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്. 2011 ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 27585 ൽ 14166 പേർ സ്ത്രീകളാണ്. നിലവിലെ കണക്ക് പ്രകാരം ആകെ 7460 കുട്ടികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കുടുംബശ്രീയിലൂടെ വനിതാ ശാക്തീകരണവും വനിതകളുടെ സാമൂഹിക പദവിയും ഉയർത്താൻ സാധിച്ചു. കാർഷിക, മൃഗസംരക്ഷണ, പ്രദേശിക സംരംഭകത്വ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ജനകീയാസൂത്രണത്തിലൂടെ സാധിച്ചു. സ്ത്രീകളുടെ കായിക മാനസിക വികസനത്തിനും ആരോഗ്യ സുരക്ഷയ്ക്കും യോഗാപരിശീലനം , സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക ആരോഗ്യ പരിരക്ഷ പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പാക്കാൻ ജനകീയാസൂത്രണത്തിലൂടെ സാധിച്ചു.

# അദ്ധ്യായം7(2)

# ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

1996 നെ അപേക്ഷിച്ച് 2022 ആകുമ്പോഴേക്കും സ്ത്രീ സാക്ഷരതാ നിരക്കിൽ അത്ഭുതാവഹമായ വർദ്ധനവുണ്ടായിട്ടുണ്ട് ഇന്ന് പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിന് സംസ്ഥാനത്തിനകത്തും രാജ്യത്തിന് പുറത്തുമായി സഞ്ചരിച്ച് ലക്ഷ്യം കൈവരിക്കുന്നു.

ജനകീയാസൂത്രണത്തിലൂടെ വനിതകളുടെ വികസനവും ശാക്തീകരണവും കൈവരിക്കാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്. 2011 ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 27585 ൽ 14166 പേർ സ്ത്രീകളാണ്. നിലവിലെ കണക്ക് പ്രകാരം ആകെ 7460 കുട്ടികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കുടുംബശ്രീയിലൂടെ വനിതാ ശാക്തീകരണവും വനിതകളുടെ സാമൂഹിക പദവിയും ഉയർത്താൻ സാധിച്ചു. കാർഷിക, മൃഗസംരക്ഷണ, പ്രദേശിക സംരംഭകത്വ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ജനകീയാസൂത്രണത്തിലൂടെ സാധിച്ചു. സ്ത്രീകളുടെ കായിക മാനസിക വികസനത്തിനും ആരോഗ്യ സുരക്ഷയ്ക്കും യോഗാപരിശീലനം , സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക ആരോഗ്യ പരിരക്ഷ പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പാക്കാൻ ജനകീയാസൂത്രണത്തിലൂടെ സാധിച്ചു.

കുടുംബശ്രീ പങ്കാളിത്തത്തോടെ വാർഷിക പദ്ധതി സബ്സിഡിയോടെ റെഡിമെയ്ഡ് യൂണിറ്റ്, ഹോളോ ബ്രിക്സ് യൂണിറ്റ്, കറിപൌഡർ നിർമ്മാണം, ബേക്കറി സാധന നിർമ്മാണം, ന്യൂട്രിമിക്സ് നിർമ്മാണം, ചവിട്ടി നിർമ്മാണം എന്നിങ്ങനെ വനിതകൾ നടത്തുന്ന സംരംഭങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്.

കുട്ടികളുടെ മാനസികവും കായികവുമായ വികസനത്തിനും, കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട ഭൌതീക സാഹചര്യം ലഭ്യമാക്കുന്നതിനും ജനകീയാസൂത്രണത്തിലൂടെ പദ്ധതികൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് ഉതകുന്ന ബാലമുകുളം പദ്ധതിയും കായികവും മാനസികവുമായ വികസനത്തിനുള്ള SPC പദ്ധതി, മാനസിക വികസനത്തിനുള്ള ബാലസഭ പ്രവർത്തനങ്ങകൾ എന്നിവ നടപ്പാക്കി. ലഹരി ഉപയോഗത്തിനെതിരെ കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി "കനലെരിയും ബാല്യം" എന്ന സിനിമ നിർമ്മിച്ച് പ്രദർശിപ്പിച്ചു. കുട്ടികളിൽ കലാസ്വാദനം വളർത്തുന്നതിനായി "ജാലകം 2018" എന്ന സിനിമാസ്വാദന ക്യാമ്പ് സംഘടിപ്പിച്ചു. 3 ദിവസങ്ങളിലായി വിവിധ സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ വച്ച് നടന്ന ക്യാമ്പിൽ കുട്ടികൾ കഥ, തിരക്കഥ, സംഭക്ഷണം ,ക്യാമറ, എഡിറ്റിംഗ്, സാങ്കേതിക സഹായ സംവിധാനം എന്നിവ നിർവ്വഹിച്ചു.

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രേജക്ടിൻറെ പേര് | GEN/ SCSP /TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | കൃഷി | പച്ചക്കറി ക്ലസ്റ്റർ വനിത/ജൈവ പച്ചക്കറി ഗ്രാമം വനിത | GEN | 850000 | വനിതകൾക്ക് സ്വയം തൊഴിൽ,വനിതകൾക്ക് കൃഷിയിലുള്ള പങ്കാളിത്തം,ജൈവ കൃഷി പ്രോത്സാഹനം,പച്ചക്കറി ഉത്പാദനം | വനിതകൾക്ക് സ്വയം തൊഴിൽ,വനിതകൾക്ക് കൃഷിയിലുള്ള പങ്കാളിത്തം,ജൈവ കൃഷി പ്രോത്സാഹനം,പച്ചക്കറി ഉത്പാദനം | വനിതകളുടെ പങ്കാളിത്തോടെ പച്ചക്കറി കൃഷിയിൽ വിജയം കൈവരിച്ചു.വനിതകൾക്ക് തൊഴിലും വരുമാനവും. |
| 2 | കൃഷി | സുഭിക്ഷകേരളം കിഴങ്ങ് കൃഷി വികസനം വനിത | GEN | 700798 | വനിതകൾക്ക് സ്വയം തൊഴിൽ,വനിതകൾക്ക് കൃഷിയിലുള്ള പങ്കാളിത്തം,ഭക്ഷ്യോൽപാദന വർദ്ധനവ് | വനിതകൾക്ക് സ്വയം തൊഴിൽ,വനിതകൾക്ക് കൃഷിയിലുള്ള പങ്കാളിത്തം,ഭക്ഷ്യോൽപാദന വർദ്ധനവ് | വനിതകൾക്ക് തൊഴിലും വരുമാനവും.വനിതകളുടെ പങ്കാളിത്തത്തോടെ ഭക്ഷ്യോത്പാദന വർദ്ധനവ് |
| 3 | ആരോഗ്യം | വനിതകൾക്ക് യോഗ പരിശീലനം | GEN | 200000 | വനിതകളുടെ ആരോഗ്യം ഉറപ്പ് വരുത്തുക | വനിതകളുടെ ആരോഗ്യം ഉറപ്പ് വരുത്തുക | വനിതകളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്നതിന് സാധിച്ചു. |
| 4 | ആരോഗ്യം | ബാലമുകുളം(അംഗൻവാടി പ്രൈമറി കുട്ടികളുടെ ആരോഗ്യ പരിരക്ഷ) | GEN | 1750000 | കുട്ടികളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്നതിന് ആയുർവേദമരുന്ന് വിതരണം | കുട്ടികളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്നതിന് ആയുർവേദമരുന്ന് വിതരണം | കുട്ടികളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്നതിന് ആയുർവേദമരുന്ന് വിതരണം നടത്തി |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ആരോഗ്യം | സൂതികോപചരണം(വനിതകളുടെ പ്രസവാനന്തര ആരോഗ്യ ശുശ്രൂഷ) | GEN | 596000 | വനിതകളുടെ ആരോഗ്യം ഉറപ്പ് വരുത്തുക | വനിതകളുടെ ആരോഗ്യം ഉറപ്പ് വരുത്തുക | വനിതകളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്നതിന് സാധിച്ചു. |

## പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രേജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | ഭിന്നശേഷി കുട്ടികളുടെ ക്ഷേമം | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ(2015-16ൽ ആരംഭിച്ച് 2018-19 ല് കെട്ടിടം പൂർത്തീകരിച്ചു.) | GEN | 1571384 | ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസം | ഇല്ല | കെട്ടിടം നിർമ്മിച്ചെങ്കിലും, ഫണ്ട് പരിമിതമായതിനാൽ തുടർ ചെലവുകള് വഹിക്കാൻ സാധിക്കാതെ വന്നതിനാൽ ഉപേക്ഷിച്ചു. | ദൈനംദിന ചെലവുകൾക്ക് സർക്കാര് ഗ്രാന്റ് ആവശ്യമാണ്. |

# 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ ന മ്പർ | പ്രോജക്ട് നമ്പർ | പ്രേജക്ടിന്റെ പേര് | So/ New | GEN/ SCSP /TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തി കം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 18 | പച്ചക്കറി കൃഷി ക്ലസ്റ്റർ അടിസ്ഥാന ത്തിൽ (വനിത) | New | GEN | 440000 | 1.പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുക . 2.കൃഷി മേഖലയിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കുക | 440000 | 1.പച്ചക്കറി ഉത്പാദനം വർദ്ധിച്ചു. 2.കൃഷി മേഖലയിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കി | പൂർത്തീകരിച്ചു |
| 2 | 69 | സൂതികോപ ചരണം(വനി തകൾക്ക് പ്രസവാന ന്തര പരിരക്ഷ) | New | GEN | 300000 | വനിതകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക | 300000 | വനിതകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കി | പൂർത്തീകരിച്ചു |
| 3. | 66 | ബാലമുകുളം( അംഗൻവാ ടി പ്രൈമറി കുട്ടികളുടെ ആരോഗ്യ പരിരക്ഷ) | New | GEN | 500000 | കുട്ടികളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക | 500000 | കുട്ടികളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കി | പൂർത്തീകരിച്ചു |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4. | 62 | കുടുംബശ്രീ വനിത സംരംഭം ഗ്രൂപ്പ്(മിനി അപ്പാരൽ യൂണിറ്റ്) | New | GEN | 600000 | വനിതകളുടെ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുക,വനിതകളെ സ്വയംപ്യാപ്തരാക്കുക | തുക ചെലവഴിച്ചിട്ടില്ല | ഇല്ല | തുടരുന്നു. |
| 5. | 67 | വിശപ്പ് രഹിത കേരളം-വനിതഹോട്ടൽ കുടുംബശ്രീ. | New | GEN | 300000 | 1.വനിത സംരംഭം പ്രോത്സാഹിപ്പിക്കുക<br><br>2.വിശപ്പ് രഹിത കേരളം പദ്ധതി നടപ്പാക്കുക | 270000 | 1.വനിതകളുടെ സ്വയം സംരംഭത്തിന് പ്രോത്സാഹനം<br><br>2.വിശപ്പ് രഹിത കേരളം പദ്ധതി നടപ്പാക്കി | പൂർത്തീകരിച്ചു. |
| 6. | 26 | കാഴ്ചപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് കമ്പ്യൂട്ടർ | New | GEN | 400000 | ഭിന്നശേഷി കുട്ടികളുടെ ക്ഷേമം | തുകചെലവഴിക്കാൻ സാധിച്ചില്ല. | ഇല്ല | തുടരുന്നു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | 208 | വനിത സ്വയം തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം | New | GEN | 883927 | വനിതകൾക്ക് സ്വയം തൊഴിൽ പ്രോത്സാഹനം | 356651 | വനിതകൾക്കുള്ള സ്വയം തൊഴിൽ പരിശീലന കേന്ദ്രം | തുടരുന്നു. |

# അദ്ധ്യായം7(3)

## വെല്ലുവിളികൾ,വികസനവിടവുകൾ, പ്രശ്നവിശകലനം പ്രശ്ന പരിഹാര സാധ്യതകൾ

| ക്രമ നമ്പർ | മേഖല/ ഉപ മേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം,വിഭാഗം | പ്രശ്ന തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാർ ഇതര തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | തൊഴിൽ | വനിതകൾക്ക് സ്വയംപര്യാപ്തതയും വരുമാനവും ഇല്ലാത്തത് | പഞ്ചായത്ത് പ്രദേശം | | | ✓ | വനിതകളുടെ സാമൂഹിക അസന്തുലിതാവസ്ഥ | 1.വനിതകളുടെ സ്വയം തൊഴിൽ പരിശീലനത്തിനും വനിതാ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കുക 2.ഉന്നതവിദ്യാഭ്യാസമുള്ള വീട്ടമ്മമാർക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള | | സ്ത്രീ പക്ഷ സംഘടനകൾക്ക് ബോധവൽക്കരണ പ്രവർത്തനങ്ങളും പിന്തുണയും നടത്താവുന്നതാണ്. | വനിതാ വികസന വകുപ്പിന്റെ പിന്തുണയോടെ പദ്ധതികൾ നടപ്പാക്കാം.<br><br>കുടുംബശ്രീയുടെ സഹായത്തോടെ പദ്ധതികൾ നടപ്പാക്കാം<br><br>വ്യവസായ വകുപ്പിന് ഇക്കാര്യത്തിൽ |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | പരിശീലനം നൽകാം.<br><br>3.കാർഷിക ഉൽപാദനത്തില് പങ്കാളിത്തവും വരുമാനവും പ്രോജക്ട് ഉൾപ്പെടുത്താം<br>4.വിധവകൾ/നിരാലംബരായ/സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് മുൻഗണന നൽകി പദ്ധതികൾ നടപ്പാക്കുക | | | കാര്യമായ പദ്ധതികളും പരിശീലനവും ആവിഷ്കരിക്കാൻ സാധിക്കും. |
| 2 | സ്ത്രീ സുരക്ഷ | സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വർദ്ധിക്കുന്നു. | പഞ്ചായത്ത് പ്രദേശം | | ✓ | | വനിതകളുടെ സാമൂഹിക അസന്തുലിതാവസ്ഥ,<br><br>കായിക വികസനത്തിലെ പിന്നോക്കാവസ്ഥ | ജാഗ്രതാസമിതി പ്രവർത്തനം ശക്തിപ്പെടുത്തുക.<br><br>വനിതകളുടെ കായികവും മാനസികവുമായ വികസനം ലക്ഷ്യമാക്കി പ്രോജക്ട് രൂപീകരിക്കുക | | | വനിതാ വികസന വകുപ്പിന്റെയും ആരോഗ്യവകുപ്പ്, സ്പോർട്സ് കൌൺസില് എന്നിവയുടെ സഹായത്തോടെയും പദ്ധതി ആവിഷ്കരിക്കാം |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | കായികം | വനിതകളുടെ കായിക പിന്നോക്കാവസ്ഥ | പഞ്ചായത്ത് പ്രദേശം | | ✓ | | വനിതകളുടെ സാമൂഹിക അസന്തുലിതാവസ്ഥ, | വനിതകൾക്ക് ജൂഡോ,കരാട്ടെ,യോഗ എന്നിവയിൽപരിശീലനം നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാം വനിതകൾക്കായി ഫുട്ബോൾ,വോളിബോൾ,കബഡി,ഷട്ടിൽ ബാഡ്മിന്റൺ പരിശീലനങ്ങൾ-മത്സരങ്ങൾ നടത്തുന്നതിന് പ്രോജക്ട്ആവിഷ്കരിക്കാം | | | സ്പോർട്സ് കൌൺസിലിന്റെ സഹായത്തോടെ നടപ്പാക്കാം |
| 1 | 27 | ചായോം ബസാർ ചീയംചേരി റോഡ് നവീകരണം | New | GEN | 652226 | ഗതാഗത വികസനം | 0 | ഇല്ല | തുടരുന്നു |
| 2 | 31 | ചായോം ഇടിച്ചൂടി റോഡ് നവീകരണം | New | GEN | 262618 | ഗതാഗത വികസനം | 260150 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 3 | 32 | ചായോം ചൂരിപ്പാറ റോഡ് നവീകരണം | New | GEN | 524588 | ഗതാഗത വികസനം | 524588 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 4 | 33 | മണിമുണ്ട എടയോടി റോഡ് നവീകരണം | New | GEN | 410458 | ഗതാഗത വികസനം | 410457 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5 | 35 | ചാമക്കുഴി കരുവാർകുന്ന് റോഡ് നവീകരണം | New | GEN | 254185 | ഗതാഗത വികസനം | 253809 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 6 | 37 | ചാങ്ങാട് ചാമക്കുഴി റോഡ് നവീകരണം | New | GEN | 835850 | ഗതാഗത വികസനം | 787099 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 7 | 38 | കുവാറ്റി കോട്ടക്കുന്ന് റോഡ് നവീകരണം | New | GEN | 346633 | ഗതാഗത വികസനം | 346632 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 8 | 39 | കടയങ്കയം തട്ട് മാവിൾ റോഡ് നവീകരണം | New | GEN | 573891 | ഗതാഗത വികസനം | 573802 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 9 | 42 | ചാങ്ങാട് വട്ടക്കല്ല് തട്ട് റോഡ് നവീകരണം | New | GEN | 359294 | ഗതാഗത വികസനം | 359294 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 10 | 45 | കക്കോട് കാറളം ഉമിച്ചി റോഡ് നവീകരണം | New | GEN | 506966 | ഗതാഗത വികസനം | 506966 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 11 | 50 | കമ്മാടം പട്ളം റോഡ് നവീകരണം | New | GEN | 637187 | ഗതാഗത വികസനം | 637048 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 12 | 51 | കമ്മാടം ചെറുകുന്ന് റോഡ് നവീകരണം | New | GEN | 335556 | ഗതാഗത വികസനം | 333163 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 13 | 52 | പരപ്പ കുണ്ടുകൊച്ചി റോഡ് നവീകരണം | New | GEN | 264522 | ഗതാഗത വികസനം | 264467 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 14 | 53 | പരപ്പ എരംകുന്ന് പുള്ളിക്കല്ല് റോഡ് നവീകരണം | New | GEN | 420000 | ഗതാഗത വികസനം | 419175 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 15 | 54 | മുണ്ട്യകാവ് അമ്പലം കനകപ്പള്ളി റോഡ് നവീകരണം | New | GEN | 448751 | ഗതാഗത വികസനം | 0 | ഇല്ല | തുടരുന്നു |
| 16 | 65 | തോടോംചാൽ പാറക്കടവ് റോഡ് പുനരുദ്ധാരണം | New | GEN | 936005 | ഗതാഗത വികസനം | 934517 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 17 | 68 | പ്ലാച്ചിക്കര ആവുള്ളക്കോട് റോഡ് പുനരുദ്ധാരണം | New | GEN | 390818 | ഗതാഗത വികസനം | 375088 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 18 | 72 | വെള്ളരിക്കുണ്ട് കുട്ടിക്കുന്ന് കുളിപ്പാറ റോഡ് പുനരുദ്ധാരണം | New | GEN | 490000 | ഗതാഗത വികസനം | 489084 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 19 | 74 | കൂടോൽ മയ്യങ്ങാനം റോഡ് നവീകരണം | New | GEN | 389482 | ഗതാഗത വികസനം | 389482 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 20 | 76 | അഞ്ചുപൊതിപ്പാട് കരിയാംതോട് റോഡ് പുനരുദ്ധാരണം | New | GEN | 415410 | ഗതാഗത വികസനം | 415410 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 21 | 77 | പെരിയങ്ങാനം അഞ്ചുപൊതിപ്പാട് പുലയനടുക്കം റോഡ് പുനരുദ്ധാരണം | New | GEN | 351678 | ഗതാഗത വികസനം | 349524 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 22 | 80 | പുല്ലുമല ചീറ്റകോളനി റോഡ് പുനരുദ്ധാരണം | New | GEN | 535874 | ഗതാഗത വികസനം | 535773 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 23 | 82 | പുല്ലുമല ഗോതമ്പ് റോഡ് പുനരുദ്ധാരണം | New | GEN | 750000 | ഗതാഗത വികസനം | 607965 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 24 | 85 | കുമ്പളപ്പള്ളി മൂർഖൻപള്ളി വരയിൽ റോഡ് പുനരുദ്ധാരണം | New | GEN | 415326 | ഗതാഗത വികസനം | 415325 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 25 | 86 | കാലിചാമരം കുഞ്ഞിപ്പാറ കുണ്ടൂർ റോഡ് നവീകരണം | New | GEN | 633590 | ഗതാഗത വികസനം | 630941 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 26 | 89 | കരിന്തളം ചിമ്മത്തോട് റോഡ് നവീകരണം | New | GEN | 400000 | ഗതാഗത വികസനം | 365545 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 27 | 91 | നെല്ലിയടുക്കം വാളൂർ റോഡ് നവീകരണം | New | GEN | 385808 | ഗതാഗത വികസനം | 385807 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 28 | 92 | കൊല്ലമ്പാറ കാരാട്ട് കീഴ്മാല റോഡ് നവീകരണം | New | GEN | 512586 | ഗതാഗത വികസനം | 496146 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 29 | 95 | ചോയ്യംകോട് കിനാനൂർ റോഡ് നവീകരണം | New | GEN | 481589 | ഗതാഗത വികസനം | 481589 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 30 | 96 | കാരിമൂല ക്ഷേത്രം റോഡ് നവീകരണം | New | GEN | 391113 | ഗതാഗത വികസനം | 390662 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 31 | 97 | കുവാറ്റി ജി യു പി സ്കൂളിന് ഭക്ഷണ ശാല നിർമാണം | New | GEN | 773273 | സ്കൂൾ ഭക്ഷണശാല നിർമ്മാണം | 730378 | സ്കൂൾ ഭക്ഷണശാല നിർമ്മാണം | പൂർത്തീകരിച്ചു. |
| 32 | 100 | പെരിയങ്ങാനം ജി എൽ പി സ്കൂളിന് ഭക്ഷണ ശാല നിർമാണം | New | GEN | 800364 | സ്കൂൾ ഭക്ഷണശാല നിർമ്മാണം | 799084 | സ്കൂൾ ഭക്ഷണശാല നിർമ്മാണം | പൂർത്തീകരിച്ചു. |
| 33 | 101 | കിനാനൂർ ജി എൽ പി സ്കൂളിന് പാചകപ്പുര നവീകരണം | New | GEN | 220785 | സ്കൂൾ പാചകപ്പുര നവീകരണം | 213087 | സ്കൂൾ പാചകപ്പുര നവീകരണം | പൂർത്തീകരിച്ചു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 34 | 105 | കാരിമൂല ശിശുമന്ദിരത്തിനു ചുറ്റമതിൽ നിർമാണം | New | GEN | 45543 | ശിശു മന്ദിരം നവീകരണം | 45542 | ശിശു മന്ദിരം നവീകരണം | പൂർത്തീകരിച്ചു. |
| 35 | 106 | പരപ്പ എഫ് ഡബ്ല്യൂ സി നവീകരണം | New | GEN | 261659 | FWC നവീകരണം | 261658 | FWC നവീകരണം | പൂർത്തീകരിച്ചു. |
| 36 | 107 | ക്ലളിപ്പാറ അംഗൻവാടി നവീകരണം | New | GEN | 74817 | അംഗൻവാടി നവീകരണം | 71741 | അംഗൻവാടി നവീകരണം | പൂർത്തീകരിച്ചു. |
| 37 | 117 | കൊട്ടമടൽ പാമ്പങ്ങാനം റോഡ് നവീകരണം | New | GEN | 258864 | ഗതാഗത വികസനം | 258863 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 38 | 118 | തോടംചാൽ മരുതുകുന്നു റോഡ് നവീകരണം | New | GEN | 362000 | ഗതാഗത വികസനം | 361393 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 39 | 142 | കാളിയാനം കോളിയന്തടം റോഡ് നവീകരണം | So | GEN | 723569 | ഗതാഗത വികസനം | 709112 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 40 | 143 | കോയിത്തട്ട അണ്ടോൾ റോഡ് റീ ടാറിംഗ് | So | GEN | 77982 | ഗതാഗത വികസനം | 43010 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 41 | 145 | പുലിയകുളം കാളിയാനംതട്ട് റോഡ് ടാറിംഗ് | So | GEN | 609978 | ഗതാഗത വികസനം | 609975 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 42 | 146 | മണിമുണ്ട കുഞ്ഞട്ടുക്ക റോഡ് നവീകരണം | So | GEN | 1002507 | ഗതാഗത വികസനം | 1002506 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 43 | 147 | തരിമ്പ ചാമക്കുഴി റോഡ് നവീകരണം | So | GEN | 600000 | ഗതാഗത വികസനം | 524487 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 44 | 148 | കമ്മാടം മൂലപ്പാറ റോഡ് നവീകരണം | So | GEN | 455340 | ഗതാഗത വികസനം | 455339 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 45 | 149 | കുറുഞ്ചേരി വളവ് നീലിവരഞ്ഞൂർ റോഡ് നവീകരണം | So | GEN | 676290 | ഗതാഗത വികസനം | 676088 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 46 | 150 | ചേനറ്റ കയനി റോഡ് നവീകരണം | So | GEN | 392052 | ഗതാഗത വികസനം | 392019 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 47 | 151 | കരിന്തളം പേളിയൂർ റോഡ് നവീകരണം | So | GEN | 860307 | ഗതാഗത വികസനം | 853349 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 48 | 152 | കണിയാട മൂലക്ക് തോട്ടിൻപുറത്ത് തോടിന് സംരക്ഷണഭിത്തി-ദുരന്തനിവാരണം | So | GEN | 200000 | തോടിന് സംരക്ഷണ ഭിത്തി | 177292 | തോടിന് സംരക്ഷണ ഭിത്തി | പൂർത്തീകരിച്ചു. |
| 49 | 153 | പട്ളം അംഗൻവാടി നവീകരണം | So | GEN | 200000 | ഗതാഗത വികസനം | 170310 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 50 | 154 | കിനാന്നൂർ ഗവഹോമിയോ ആശുപത്രി മെയിന്റനൻസ് | So | GEN | 151916 | ഹോമിയോ ആശുപത്രി മെയിന്റനൻസ് | 127673 | ഹോമിയോ ആശുപത്രി മെയിന്റനൻസ് | പൂർത്തീകരിച്ചു. |
| 51 | 155 | ചിറങ്കടവ് കായിലംകോട് റോഡ് നവീകരണം | So | GEN | 1205385 | ഗതാഗത വികസനം | 1113965 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 52 | 156 | കുറുഞ്ചരി നീലിവരഞ്ഞൂർ റോഡ് നവീകരണം | So | GEN | 856388 | ഗതാഗത വികസനം | 853927 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 53 | 157 | GLPS വടക്കേപുലിയന്നൂർ മെയിൻറനൻസ് | So | GEN | 392834 | സ്കൂൾ നവീകരണം | 392834 | സ്കൂൾ നവീകരണം | പൂർത്തീകരിച്ചു. |
| 54 | 162 | ചൂരിപ്പാറ ശ്മശാനം വൈദ്യുതീകരണം | So | GEN | 750000 | ശ്മശാനം വൈദ്യുതീകരണം | 730956 | ശ്മശാനം വൈദ്യുതീകരണം | പൂർത്തീകരിച്ചു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 55 | 163 | കൊല്ലമ്പാറ മൂരിക്കാനം റോഡ് പുനരുദ്ധാരണം | So | GEN | 446572 | ഗതാഗത വികസനം | 400477 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 56 | 164 | കാട്ടിപ്പൊയിൽ അംഗൻവാടി വയറിംഗ് | So | GEN | 120000 | അംഗൻവാടി വയറിംഗ് | 84033 | അംഗൻവാടി വയറിംഗ് | പൂർത്തീകരിച്ചു. |
| 57 | 165 | തടിക്കുന്ന് വിസിബി നവീകരണം-ദുരന്തനിവാരണം | So | GEN | 400000 | വി.സി.ബി നവീകരണം | 349392 | വി.സി.ബി നവീകരണം | പൂർത്തീകരിച്ചു. |
| 58 | 166 | കരിന്തളം കുടുംബാരോഗ്യ കേന്ദ്രത്തിന് ഷീറ്റ് റൂഫ് നിർമ്മിക്കല് | So | GEN | 244000 | FHC നവീകരണം | 220237 | FHC നവീകരണം | പൂർത്തീകരിച്ചു. |
| 59 | 167 | പയ്യംകുളം പറയങ്ങാട് റോഡ് ടാറിംഗ് | New | GEN | 500000 | ഗതാഗത വികസനം | 0 | | തുടരുന്നു |
| 60 | 170 | വരയിൽ അംഗൻവാടി വയറിംഗ് | New | GEN | 80000 | അംഗൻവാടി വയറിംഗ് | 0 | | തുടരുന്നു |
| 61 | 174 | പഞ്ചായത്താഫീസ് നവീകരണം | So | GEN | 490000 | പഞ്ചായത്താഫീസ് നവീകരണം | 375070 | പഞ്ചായത്താഫീസ് നവീകരണം | പൂർത്തീകരിച്ചു. |
| 62 | 175 | പുല്ലുമല അംഗൻവാടി നവീകരണം | So | GEN | 200000 | അംഗൻവാടി നവീകരണം | 198484 | അംഗൻവാടി നവീകരണം | പൂർത്തീകരിച്ചു. |
| 63 | 179 | നിലവിലുള്ള വിവിധ ക്രോസ്സ്ബാറുകൾ പുനരുദ്ധാരണം | So | GEN | 178717 | ക്രോസ്ബാർ പുനരുദ്ധാരണം | 0 | ഇല്ല | തുടരുന്നു |
| 64 | 181 | ചൂരിപ്പാറ ശ്മശാനത്തിന് | So | GEN | 60782 | ശ്മശാനം അനുബന്ധ | 60105 | ശ്മശാനം അനുബന്ധ | പൂർത്തീകരിച്ചു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | അനുബന്ധസൌകര്യങ്ങൾ | | | | സൌകര്യങ്ങൾ | | സൌകര്യങ്ങൾ | |
| 65 | 182 | കൊണ്ടോട്ടി ശ്മശാന നവീകരണം | So | GEN | 393000 | ശ്മശാന നവീകരണം | 366253 | ശ്മശാന നവീകരണം | പൂർത്തീകരിച്ചു. |
| 66 | 183 | പള്ളപ്പാറ അംഗൻവാടി റോഡ് നവീകരണം | So | GEN | 450000 | ഗതാഗത വികസനം | 0 | ഇല്ല | തുടരുന്നു |
| 67 | 184 | കുടുബശ്രീ ഓഫീസിന് അനുബന്ധപ്രവൃത്തികൾ | So | GEN | 232000 | കുടുബശ്രീ ഓഫീസിന് അനുബന്ധപ്രവൃത്തികൾ | 231644 | കുടുബശ്രീ ഓഫീസിന് അനുബന്ധ പ്രവൃത്തികൾ | പൂർത്തീകരിച്ചു. |
| 68 | 192 | ആവുള്ളക്കോട് അംഗൻവാടിക്ക് അടുക്കള നിർമ്മാണം | So | GEN | 273000 | അംഗൻവാടിക്ക് അടുക്കള നിർമ്മാണം | 233217 | അംഗൻവാടിക്ക് അടുക്കള നിർമ്മാണം | പൂർത്തീകരിച്ചു. |
| 69 | 195 | പരപ്പ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് പ്രാരംഭപ്രവർത്തനങ്ങൾ | So | GEN | 550000 | ബസ് സ്റ്റാൻഡ് വികസനം | 300000 | ബസ് സ്റ്റാൻഡ് വികസനം | പൂർത്തീകരിച്ചു. |
| 70 | 212 | മാളൂർകയം അംഗൻവാടി വൈദ്യുതീകരണം | New | GEN | 80000 | അംഗൻവാടി വൈദ്യുതീകരണം | 0 | അംഗൻവാടി വൈദ്യുതീകരണം | തുടരുന്നു |
| 71 | 213 | പള്ളപ്പാറ അംഗൻവാടി വൈദ്യുതീകരണം | New | GEN | 80000 | അംഗൻവാടി വൈദ്യുതീകരണം | 0 | അംഗൻവാടി വൈദ്യുതീകരണം | തുടരുന്നു |
| 72 | 233 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് ഷീറ്റ് റൂഫിംഗ് | New | GEN | 20000 | RRF നവീകരണം | 19044 | RRF നവീകരണം | പൂർത്തീകരിച്ചു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 73 | 234 | പുലിയംകുളം ബാനം റോഡ് പുനരുദ്ധാരണം | New | GEN | 400000 | ഗതാഗത വികസനം | 385157 | ഗതാഗത വികസനം | പൂർത്തീകരിച്ചു. |
| 74 | 235 | പഞ്ചായത്താഫീസിന് അഡീഷണൽ ഇലക്ട്രിഫിക്കേഷൻ | New | GEN | 200000 | പഞ്ചായത്താഫീസ് നവീകരണം | 0 | ഇല്ല | തുടരുന്നു |
| 75 | 239 | വിവിധ അംഗൻവാടികൾക്ക് വാഷ്ബേസിനുകൾ സ്ഥാപിക്കൽ | New | GEN | 150000 | ശുചിത്വം-അംഗൻവാടികൾക്ക് വാഷ്ബേസിൻ | 91367 | ശുചിത്വം-അംഗൻവാടികൾക്ക് വാഷ്ബേസിൻ | പൂർത്തീകരിച്ചു. |
| 76 | 237 | പരപ്പ ആയുർവേദാശുപത്രി ബോർവെല്ലിന് മോട്ടോർ സ്ഥാപിക്കൽ | New | GEN | 50000 | ആശുപത്രിക്ക് കുടിവെള്ള സൌകര്യം | 49855 | ആശുപത്രിക്ക് കുടിവെള്ള സൌകര്യം | പൂർത്തീകരിച്ചു. |

# അദ്ധ്യായം 12(3)

## വെല്ലുവിളികൾ,വികസന വിടവുകൾ,പ്രശ്ന വിശകലനം ,പരിഹാര സാധ്യതകൾ

| ക്രമനമ്പർ | മേഖല / ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്ന തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘു തരം | ഗുരു തരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർ ഇതര തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | ഗതാഗതം | റോഡുകൾക്ക് ഡ്രെയിനേജ് ഇല്ല | പഞ്ചായത്ത് | | | ✓ | 1.റോഡ് നവീകരണം/നിർമ്മാണത്തിന്റെ ഭാഗമായി ഓട നിർമ്മാണം ഉൾപ്പെടുത്താത്തത്<br><br>2.മതിയായ ഫണ്ട് ലഭിക്കാത്തത് | 1.വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്താം<br><br>2.തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാം | ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്താം | | റോഡ് നവീകരണത്തിനായി മതിയായ ഫണ്ട് ബഡ്ജറ്റിൽ അനുവദിക്കുന്നതിനുള്ള നടപടി |
| 2 | ഗതാഗതം | റോഡുകൾക്ക് സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരമുള്ള കാര്യങ്ങൾ നടപ്പാക്കിയിട്ടില്ല | പഞ്ചായത്ത് | | | ✓ | 1.റോഡ് നിർമ്മാണ സമയത്ത് റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താത്തത്<br><br>2.മതിയായ | 1.വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്താം | | | റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് കർശനമാക്കുക |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ഫണ്ടിന്റെ അഭാവം<br><br>3.റോഡ് സുരക്ഷാ മാനദണ്ഡപ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് കർശനമാക്കാത്തത് | | | | |
| 3 | ഗതാഗതം | ഈടുറ്റതും ഗുണമേൻമയുള്ളതുമായ റോഡുകളുടെ അഭാവം | പഞ്ചായത്ത് | | | ✓ | 1.റോഡ് പ്രവൃത്തിയുടെ ഗ്യാരന്റി കാലാവധി ഉറപ്പ് വരുത്താത്തത്<br><br>2.കരാറുകാർ പ്രവൃത്തി മത്സരാധിഷ്ഠിതമായി തുക കുറച്ച് ക്വോട്ട് ചെയ്യുന്നത് മൂലം പ്രവൃത്തിക്ക് ഉദ്ദേശിച്ച ഗുണമേൻമ ഇല്ലാത്തത്<br><br>3.മതിയായ ഫണ്ടിന്റെ അഭാവം<br><br>4.റോഡിന് ആവശ്യമായ മുഴുവൻ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് ഉൾപ്പെടുത്താത്തത് | വാർഷിക പദ്ധതിയിൽ മതിയായ തുക ഉൾപ്പെടുത്താം | ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്താം | | സർക്കാർ കർശനമായ മാനദണ്ഡം കൊണ്ടുവരണം . |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 4 | ഗതാഗതം | മികച്ച ബസ് സ്റ്റാൻഡ് സൌകര്യം,പാർക്കിംഗ് സൌകര്യം പഞ്ചായത്ത | പഞ്ചായത്ത് | | | ✓ | 1.ബസ് സ്റ്റാൻഡ് സൌകര്യം ,പാർക്കിംഗ് സൌകര്യം ഏർപ്പെടുത്താത്തത്<br><br>2.അനുയോജ്യമായ സ്ഥല സൌകര്യങ്ങൾ ഇല്ലാത്തത് | പദ്ധതി ഉൾപ്പെടുത്തി നടപ്പാക്കണം | | | |
| 5 | അടിസ്ഥാന പശ്ചാത്തല സൌകര്യം | വിട്ടുകിട്ടിയ പൊതു സ്ഥാപനങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തണം | പഞ്ചായത്ത് | | ✓ | | 1.അടിസ്ഥാന സൌകര്യങ്ങൾ പൂർണ്ണമാകാത്തത്<br><br>2.മതിയായ ഫണ്ട് ലഭ്യമാകാത്തത് | പദ്ധതി ഉൾപ്പെടുത്തി നടപ്പാക്കണം | | | |
| 6 | ഊർജ്ജം / വൈദ്യുതി | ആവശ്യമായ തെരുവ് വിളക്കുകൾ ഇല്ലാത്തത് | പഞ്ചായത്ത് | | ✓ | | 1.സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾ പെട്ടെന്ന് കേടാകുന്നു.<br>2.എല്ലാ ഭാഗത്തും സ്ട്രീറ്റ് മെയിൻ ഇല്ലാത്തത് | വാർഷിക പദ്ധതി/ നിലാവ് പദ്ധതി മുഖേന നടപ്പാക്കാം. | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 7 | ഗ താ ഗ തം | റോഡുകൾക്ക് മതിയായ വീതി ഇല്ല | പഞ്ചായത്ത് | | | ✓ | 1.റോഡുകൾക്കായി ഭൂമി ഏറ്റെടുക്കുന്ന സമയത്ത് മതിയായ വീതിയിൽ(മിനിമം 6 മീ.) ഏറ്റെടുക്കമെന്ന് നിഷ്കർഷിക്കാത്തത് | ഭരണ സമിതി തീരുമാനപ്രകാരം റോഡ് ഏറ്റെടുക്കുന്നതിന് നിശ്ചിതമാനദണ്ഡം(മിനിമം 6 മീ. വീതി) നിർബന്ധമാക്കണം | | | |

# അദ്ധ്യായം12(4)

## വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ഗതാഗതം | റോഡുകളുടെ സമ്പൂർണ വികസനം | ഗതാഗത സൌകര്യങ്ങൾ ഉറപ്പ് വരുത്തൽ | റോഡുകളുടെ ശരിയായ വികസനം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. | മുഴവൻ റോഡുകളുടെയും സമ്പൂർണ വികസനം | ഫണ്ടിനനുസൃതമായി പദ്ധതി ഉൾപ്പെടുത്തുക | തൊഴിലുറപ്പ് പദ്ധതി,ജില്ലാ ബ്ലോക്ക് വിഹിതം,MP,MLA വികസന ഫണ്ട് എന്നിവ ഉൾപ്പെടുത്തി ലക്ഷ്യം യാഥാർത്ഥ്യമാക്കുക |
| 2 | അടിസ്ഥാന സൌകര്യ വികസനം | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും പഞ്ചായത്ത് ഓഫീസിന്റെയും അടിസ്ഥാന സൌകര്യ വികസനം | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വികസനം | അടിസ്ഥാന പശ്ചാത്തല സൌകര്യം പൂർണമല്ല | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സമ്പൂർണ വികസനം | ഫണ്ടിനനുസൃതമായി പദ്ധതി ഉൾപ്പെടുത്തുക | വാർഷിക പദ്ധതി മുഖേന നടപ്പാക്കുക |

## അദ്ധ്യായം12(5)

## സംയോജന സാധ്യതകൾ

തൊഴിലുറപ്പ് പദ്ധതി, MP,MLA ഫണ്ട് ,മറ്റ് വകുപ്പുകളുടെ വിഹിതം,കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്,ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ വാർഷിക പദ്ധതി വിഹിതവുമായി ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് പദ്ധതികൾ നടപ്പാക്കാം.

------------------

# കിനാനൂർ കരിന്തളം ഗ്രമപഞ്ചായത്ത്

## പതിനാലാം പഞ്ചവൽസര പദ്ധതി -2022-2027

## വാർഷിക പദ്ധതി 2022-2023

# സ്റ്റാറ്റസ് റിപ്പോർട്ട്

വിഷയ മേഖല -13.ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്-

കാലാവസ്ഥ വ്യതിയാനം,

പരിസ്ഥിതി സംരക്ഷണം,

ദുരന്ത നിവാരണം

## വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള്

| ക്രമനമ്പർ | അംഗത്തിൻറെപേര്, വിലാസം | ഫോൺ നമ്പര്, ഇ-മെയിൽ ഐ.ഡി | വർക്കിംഗ്ഗ്രൂപ്പിലെ സ്ഥാനം* | സ്ത്രീ/പു. | ജനറൽ/ എസ്.സി./ എസ്.ടി. | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ദ്ധ്യംപരിചയം | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1 | ടി.കെ.രവി | 9495376320 | ചെയർമാൻ | പുരുഷൻ | ജനറൽ | ഡിഗ്രി | പൊതു പ്രവർത്തനം | പ്രസിഡന്റ് |
| 2 | ബാബു കെ വി | 8547696689 | വൈസ്ചെയർമാൻ | പുരുഷൻ | എസ്.ടി | എസ്.എസ്.എൽ.സി | പൊതു പ്രവർത്തനം | പഞ്ചായത്തംഗം |
| 3 | മനോജ് എൻ | 9446304450 | കൺവീനർ | പുരുഷൻ | ജനറൽ | ഡിഗ്രി | സർക്കാർ സർവ്വീസ് | സെക്രട്ടറി |
| 4 | നിഖിൽനാരായണൻ | 9383472357 | അംഗം | പുരുഷൻ | ജനറൽ | ഡിഗ്രി | സർക്കാർ സർവ്വീസ് | കൃഷിഓഫീസർ |
| 5 | വിനോദ് പന്നിത്തടം | 9446402193 | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 6 | തങ്കമണി രാമകൃഷ്ണൻ | 9747617351 | അംഗം | സ്ത്രീ | ജനറൽ | പി.ഡി.സി | പൊതുപ്രവർത്തനം | കൃഷി |
| 7 | അശോകൻ ടി വി | 9446653546 | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 8 | വി വി കുമാരൻ | 9605196472 | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 9 | പ്രസാദ് കുമാർ | 9745705365 | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 10 | രാഹുൽഎൻ.കെ | 8129462871 | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്.എൽ.സി | പൊതുപ്രവർത്തനം | കൃഷി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | വി മോഹനൻ | 8281866505 | അംഗം | പുരുഷൻ | ജനറൽ | പി.ഡി.സി | പൊതുപ്രവർത്തനം | കൃഷി |
| 12 | കെ നാരായണൻ കക്കോട് | 9747578530 | അംഗം | പുരുഷൻ | ജനറൽ | പി.ഡി.സി | പൊതുപ്രവർത്തനം | കൃഷി |
| 13 | ബാബു ചേമ്പേന | 9846771443 | അംഗം | പുരുഷൻ | ജനറൽ | പി.ഡി.സി | പൊതുപ്രവർത്തനം | കൃഷി |
| 14 | അജയൻ വേളൂർ | 8547594125 | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്. എൽ.സി | പൊതുപ്രവർത്തനം | കൃഷി |
| 15 | സി ഭാസ്കരൻ നായർ | 9495756851 | അംഗം | പുരുഷൻ | ജനറൽ | എസ്.എസ്. എൽ.സി | പൊതുപ്രവർത്തനം | കൃഷി |

## ആമുഖം

മാനവരാശി നേരിടുന്ന ഏറ്റവും വലിയ വിപത്തുകളിൽ ഒന്ന് വികസനത്തിന്റെ സുസ്ഥിരത അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതാണ്. അവശ്യ വിഭവങ്ങളുടെ ശോഷണം,ഭക്ഷ്യദൌർലഭ്യം,അന്തരീക്ഷ മലിനീകരണം,കാലാവസ്ഥ വ്യതിയാനം എന്നിവയെല്ലാം ഇതിന്റെ പ്രകടമായ ഉദാഹരണങ്ങളാണ്. **"ജൈവ വൈവിദ്ധ്യം ജീവന്റെ വൈവിദ്ധ്യവും അത് നമ്മുടെ ജീവിതവുമാണ്"** എന്ന മുദ്രാവാക്യം ഐക്യരാഷ്ട്രസഭ ഉയർത്തിയിട്ടുള്ളത് ഇതിന്റെ ചുവട് പിടിച്ചാണ്.ജൈവ വൈവിദ്ധ്യം നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ ജീവന്റെ നിലനിൽപ്പിനും സുരക്ഷിതത്വത്തിനും അത്യന്താപേക്ഷിതമാണ്.അതിനാൽ പരിസ്ഥിതി സംരക്ഷണത്തിൽ ഊന്നിയുള്ള വികസനമാണ് സുസ്ഥിര വികസനം.2022 ലെ ജൈവ വൈവിദ്ധ്യ ദിനാചരണത്തിന്റെ(മെയ്യ് 22) ചിന്താ വിഷയം **"എല്ലാ ജീവജാലങ്ങളുടെയും ഭാവി അനുയോജ്യമായി കെട്ടിപ്പടുക്കുക"**(Building a shared future for all life) എന്നതാണ്.സമകാലീന ലോകത്തിൽ ഇതിന്റെ പ്രാധാന്യം വളരെ വലുതാണ്.പ്രകൃതിയുടെ നിലനിൽപ്പിനും പരിസ്ഥിതി സംതുലനത്തിനും എല്ലാ ജീവജാലങ്ങളുടെയും സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണ്.പരിസ്ഥിതി സൌഹാർദ്ദ നിലപാടിലൂടെ മാത്രമെ മനുഷ്യന് മുന്നോട്ടുള്ള നിലനിൽപ്പ് സാധ്യമാകൂ എന്ന കാര്യം നാം ഇനിയെങ്കിലും തിരിച്ചറിയേണ്ടതുണ്ട്. **"കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ ആദ്യത്തെ ഇര നമ്മുടെ തലമുറയാണ് കാലാവസ്ഥ വ്യതിയാനം ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുന്ന അവസാനത്തെ തലമുറയും നമ്മളാണ്"** എന്നു പറഞ്ഞത് അമേരിക്കൻ മുൻ പ്രസിഡന്റ് ബാരക് ഒബാമയാണ്.ജൈവ വൈവിദ്ധ്യ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എത്രമാത്രം പ്രാധാന്യത്തോടെയാണ് നാം കൈകാര്യം ചെയ്യേണ്ടതെന്ന് ഈ വാചകം നമ്മെ ചിന്തിപ്പിക്കുന്നു.

# അദ്ധ്യായം 13(1)

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1996 കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ ഭൂവിസ്തൃതിയിൽ 50% ലേറെ വനപ്രദേശങ്ങളായിരുന്നു.ഹിംസ്രജന്തുക്കളും ,പക്ഷികളും ,വൈവിദ്ധ്യമാർന്ന മറ്റു ജീവജാലങ്ങളും മനുഷ്യരും ഇടകലർന്ന് അധിവസിച്ച പ്രദേശം.നമുക്ക് വേണ്ടുന്ന ഒട്ടുമിക്ക വിഭവങ്ങളും ഇവിടെത്തന്നെയുണ്ടായിരുന്നു.ഈ ജൈവ വൈവിദ്ധ്യം തന്നെയായിരുന്നു നമ്മുടെ ആശ്രയവും.ഇന്ന് വളരെ കുറച്ച് ഭാഗം(ഭീമനടി ഫോറസ്റ്റിന്റെ ഭാഗം) മാത്രമെ റിസർവ്വ് വനപ്രദേശമായി നമ്മുടെ പഞ്ചായത്തിലുള്ളു.

നമുക്ക് നഷ്ടപ്പെട്ട ജൈവവൈവിദ്ധ്യത്തിന്റെ കണക്ക് കൂട്ടുക എളുപ്പമല്ല.വർദ്ധിച്ചുവന്ന ജനസംഖ്യ,ഭൂവിനിയോഗത്തിലെ അശാസ്ത്രീയത എന്നിവ മൂലം വനസമ്പത്ത് നഷ്ടമാകുന്നു.

1996 കാലഘട്ടത്തിൽ ഏകദേശം പതിനെട്ടോളം കാവുകൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു.അപൂർവ്വവും ഔഷധ ഗുണമേറിയതുമായ സസ്യജാലങ്ങൾ ഈ കാവുകളിലുണ്ടായിരുന്നു.വിവിധ ഇനം പക്ഷി ജന്തുജാലങ്ങളുടെ ആവാസ വ്യവസ്ഥയും ഭൂജല സംരക്ഷണത്തിൽ പ്രധാന പങ്ക് വഹിച്ചവയുമായിരുന്നു ഈ കാവുകൾ.വിവിധ ആരാധനമൂർത്തികളുടെ ആവാസകേന്ദ്രമെന്ന വിശ്വാസത്തിലാണ് കാവുകളുടെ നിലനിൽപ്പ് തന്നെ.

1.പെരിയങ്ങാനം ശ്രീ ധർമ്മ ശാസ്താംകാവ്

2.ചെറുപുളിയടുക്കം വിഷ്ണുമൂർത്തി കാവ്

3.പയ്യംകുളം പൂമാല ഭഗവതിക്കാവ്

4.കരിന്തളം കളരിയാൽ കാവ്

5.തലയടുക്കം കാരാട്ട് ശാസ്താംകാവ്

6.വരഞ്ഞൂർ കാഞ്ഞാറ്റിക്കാവ്(നാഗക്കാവ്)

7.കോയിത്തട്ട ശ്രീ ശാസ്താംകാവ്

8.ബിരിക്കുളം പൊഴാട്ടക്കത്ത് കാവ്

9.ആറളം ഭഗവതിക്കാവ്

10.അണ്ടോൾ കാവുതിയോട്ട് കാവ്

11.അണ്ടോൾ പുതിയറക്കാവ്

12.കിണാവൂർ അയ്യപ്പ ക്ഷേത്രക്കാവ്

13.കിണാവൂർ കണ്ണൻകുന്ന് കാവ്

14.കണിയാട കാവുംതലയ്ക്കൽ കാവ്

15.ഉമിച്ചി ചാമുണ്ഡിക്കാവ്

16.ആറളം പരദേവതക്കാവ്

17.പരപ്പച്ചാല് മുണ്ട്യക്കാവ്

18.മാന്തുരി മുഡുപ്പ് കാവ്

(അവലംബം-1996 ലെ വികസന രേഖ)

പരിസ്ഥിതി,ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന്റെ ഉത്തമമാതൃകകളാണ് കാവുകൾ.മേൽ പറഞ്ഞ കാവുകളിലെ ജൈവ സമ്പത്ത് ഇന്ന് കുറഞ്ഞുവരുന്ന സ്ഥിതിയാണുള്ളത്.മനുഷ്യന്റെ അനാവശ്യ ഇടപെടലുകളും പ്രകൃതി ചൂഷണവും കാലാവസ്ഥ വ്യതിയാനവും,ജനസംഖ്യാ വർദ്ധനവും കാവുകളുടെ നാശത്തിന് കാരണമാകുന്നു. **'കാവുതീണ്ടിയാൽ കുളം വറ്റും'** എന്ന വിശ്വാസം വെറും അന്ധവിശ്വാസമല്ലെന്ന് നാം അനുഭവത്തിലൂടെ തിരിച്ചറിഞ്ഞിരിക്കുന്നു.മണ്ണിൽ വേരുകളില്ലാത്ത പുതുതലമുറ ആസന്നമായ നാശത്തിലേക്കാണ് കാൽവയ്ക്കുന്നതെന്ന് നാം ഇനിയെങ്കിലും തിരിച്ചറിയേണ്ടതുണ്ട്.

കാവുകളും പള്ളങ്ങളും ജലസംരക്ഷണത്തിന്റെയും ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന്റെയും ഉദാത്ത മാതൃകകളാണ്.പഞ്ചായത്ത് പ്രദേശത്ത് 1996 കാലഘട്ടത്തില് നിലനിന്നിരുന്ന പള്ളങ്ങൾ ചുവടെ ചേർക്കുന്നു.

1.കാലിച്ചാമരം പള്ളം

2.കാട്ടിപ്പൊയിൽ പള്ളം

3.വലിയപ്പാറ പള്ളം

4.കീക്കാനം പള്ളം

5.കയനി പള്ളം

6.ആവുള്ളക്കോട് പള്ളം

7. ബിരിക്കുളം

8.കടലാടിപ്പാറ

9.കടയംകയംതട്ട്

10.പയ്യംകുളം

11.പാത്തടുക്കം

12.ചൂരിപ്പാറ

13.മാങ്കൈത്തട്ട്

14.കരിന്തളം പാറ

15.എടോംപൊയിൽ

16.പറമ്പത്തടുക്കം

17.പള്ളപ്പാറ

18.കുഞ്ഞിപ്പാറ

19.ഉമിച്ചിപ്പൊയിൽ

20.ക്ലളിപ്പാറ

21.വാള്ളൂർ കുണ്ട്

22.വാള്ളൂർ കണ്ട്

23.കുണ്ടനടുക്കം

24.ചാമക്കുഴി

(അവലംബം-1996 ലെ വികസനരേഖ,ജൈവ വൈവിദ്ധ്യ രജിസ്റ്റർ 2010)

മേൽ പറഞ്ഞ പല പള്ളങ്ങളും നാശത്തിന്റെ വക്കിലാണ്.അതിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥയും ജലസമ്പത്തും നഷ്ടമായിക്കൊണ്ടിരിക്കുന്നു.പള്ളങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

1996കാലഘട്ടത്തിനെ അപേക്ഷിച്ച് വന നശീകരണം, ധാതുസമ്പത്ത്(കരിങ്കല്ല്,ചെങ്കല്ല്) ചൂഷണം ചെയ്യല്, ജലചൂഷണം, അശാസ്ത്രീയമായ നിർമ്മാണ, വികസന പ്രവർത്തനങ്ങൾ എന്നിവ വർദ്ധിച്ചിട്ടുണ്ട്.അശാസ്ത്രീയമായ കൃഷിരീതികൾ ,നിർമ്മാണ

പ്രവർത്തനങ്ങൾ എന്നിവ മൂലം മണ്ണൊലിപ്പ് വർദ്ധിക്കുകയും മണ്ണിന്റെ സ്വാഭാവികത നശിക്കാന് ഇടയാക്കുകയും ചെയ്തിട്ടുണ്ട്.ജനപ്പെരുപ്പം ,വ്യവസായ വൽക്കരണം എന്നിവ പരിസ്ഥിതിയുടെ സംതുലനത്തെത്തന്നെ ബാധിക്കുകയും ജലമലിനീകരണം വർദ്ധിക്കുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. ജനകീയാസൂത്രണ സംവിധാനനത്തിലൂടെയും പദ്ധതികളിലൂടെയും ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ തടയിടുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്താം.പരിസ്ഥിതി സംരക്ഷണത്തിനായി ജനകീയാസൂത്രണത്തിലൂടെ പുത്തൻ മാതൃകകൾക്ക് തുടക്കമിടാനും.അതീവ പ്രാധാന്യത്തോടെയും ഗൌരവത്തോടെയും പരിസ്ഥിതി സൌഹാർദ്ദവും സംരക്ഷണത്തിനുതകുന്നതുമായ പദ്ധതികൾ യാഥാർത്ഥ്യമാക്കാനും നമുക്ക് പരിശ്രമിക്കാം

# അദ്ധ്യായം 13(2)

## ഇരുപത്തിയഞ്ചുവർഷത്തെ വിലയിരുത്തൽ

ജനകീയാസൂത്രണത്തിന്റെ ഇരുത്തിയഞ്ചാം വാർഷികത്തിൽ ജൈവ വൈവിദ്ധ്യ പരിസ്ഥിതി സംരക്ഷണത്തിന് വളരെയേറെ പ്രാധാന്യമുള്ള കാലഘട്ടത്തിലാണ് നാം എത്തിനിൽക്കുന്നത്.ജനകീയാസൂത്രണത്തിന്റെ കടന്നുവരവോടുകൂടിയും 2002 ലെ ജൈവ വൈവിദ്ധ്യ ആക്ടും 2004 ലെ ചട്ടങ്ങളും നിലവിൽ വന്നതോട് കൂടിയും പഞ്ചായത്തുകളില് ജൈവ വൈവിദ്ധ്യ മാനേജ്മെന്റ് കമ്മറ്റികള്(ബി.എം.സി) നിലവിൽ വന്നു.പഞ്ചായത്തിന്റെ പാരിസ്ഥിതികമായ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കുന്നതിനും പഞ്ചായത്ത് പരിധിയിലെ ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനും പാരിസ്ഥിതിക സംരക്ഷണത്തിനും പരിപോഷണത്തിനും ബി.എം.സി കൾക്ക് വളരെ വലിയ ചുമതലയാണ് നിർവ്വഹിക്കാനുള്ളത്.ജനകീയാസൂത്രണം വഴി ജൈവ സംരക്ഷണത്തില് പൊതുജനപങ്കാളിത്തം ശക്തമായി.പ്രാദേശിക കർമ്മസമിതികൾ രൂപീകരിച്ച് പ്രകൃതി ചൂഷണത്തിനെതിരെ പോരാടുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനം വളരെയേറെ സഹായിച്ചിട്ടുണ്ട്.മണ്ണ് ജല സംരക്ഷണത്തിനും വനവൽക്കരണത്തിനും നീർത്തട വികസനത്തിനും ,ജൈവ കൃഷി വികസനത്തിനും വിവിധ വകുപ്പുകളിൽ നിന്നുള്ള ധനവും സഹകരണവും സംയോജിപ്പിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലൂടെ നമുക്ക് സാധിച്ചു.എങ്കിലും അവയെല്ലാം കൂടുതൽ ഫലപ്രദമായി മുന്നോട്ട് പോകേണ്ടതുണ്ട്.

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രേജക്ടിൻറെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | ജൈവ വൈവിദ്ധ്യം | ഹരിത പുഴയോരം | GEN | 50000 | പുഴയോര സംരക്ഷണം,പരിസ്ഥിതി സംരക്ഷണം | പുഴയോര സംരക്ഷണം,പരിസ്ഥിതി സംരക്ഷണം | പുഴയോരത്ത് കണ്ടൽകാടുകള് വച്ച് പിടിപ്പിച്ച് പുഴയുടെ സ്വാഭാവികതയും ,പാരിസ്ഥിതിക ജൈവ വൈവിദ്ധ്യവും,ആവാസ വ്യവസ്ഥയും സംരക്ഷിക്കുന്നതിന് സാധിച്ചു.മണ്ണൊലിപ്പ് തടയുന്നതിന് സാധിച്ചു. |
| 2 | ജൈവ വൈവിദ്ധ്യം | സ്മൃതിവനം പദ്ധതി | GEN | 19210 | വിദ്യാർത്ഥികളില് ജൈവ വൈവിദ്ധ്യ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വളർത്തുക | വിദ്യാർത്ഥികളില് ജൈവ വൈവിദ്ധ്യ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിന് സാധിച്ചു. | പെരിയങ്ങാനം GLP സ്കൂളില് സ്മൃതിവനം എന്ന പേരില് വിദ്യാർത്ഥികളുടെ സഹകരണത്തോടെ ഔഷധ പ്രാധാന്യമുള്ള സസ്യങ്ങളും ചെറുവൃക്ഷങ്ങളും വച്ച് പിടിപ്പിച്ച് ചെറുവനമുണ്ടാക്കി സംരക്ഷിച്ചു. |
| 3 | ഉൽപാദനം/ ജൈവ വൈവിദ്ധ്യം | ജൈവ വൈവിദ്ധ്യ സംരക്ഷണ പ്രവർത്തനം- നാടൻ ഇലക്കറി,കിഴങ്ങ് വിളകളുടെ സംരക്ഷണം | GEN | 100000 | നാടൻ കൃഷി ഇനങ്ങളുടെ സംരക്ഷണം,പ്രോത്സാഹനം | നാടൻ കൃഷി ഇനങ്ങളുടെ സംരക്ഷണം,പ്രോത്സാഹനം | നാടൻ ഇലക്കറി,കിഴങ്ങു വിളകൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സാധിച്ചു. |

## പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രേജക്ടിൻറെ പേര് | GEN/ SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | ഉൽപാദനം/ ജൈവ വൈവിദ്ധ്യം | ജൈവ വൈവിദ്ധ്യ സംരക്ഷണം- നാടൻ ആടുകളുടെ സംരക്ഷണം | GEN | തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല | മൃഗസംരക്ഷണം-നാടൻ ഇനങ്ങളുടെ സംരക്ഷണം | നേട്ടം കൈവരിക്കാൻ സാധിച്ചില്ല | ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയത് മൂലം ഗുണഭോക്താക്കൾ തയ്യാറായില്ല | ഇത്തരം പ്രോജക്ടുകൾക്ക് 100% സബ്സിഡി നൽകാന് കഴിയുന്ന വിധത്തില് പദ്ധതി മാർഗ്ഗ രേഖയില് മാറ്റങ്ങള് കൊണ്ടു വന്നാൽ പദ്ധതി നടപ്പാക്കാൻ സാധിക്കും |

## 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രേജക്ടിൻറെ പേര് | So/ New | GEN/ SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | 197 | പരിസ്ഥിതി ജൈവ വൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങള് | SO | GEN | 503600 | കാവുകളുടെയും പള്ളങ്ങളുടെയും സംരക്ഷണം, നാടൻ ഫലവൃക്ഷങ്ങളുടെ സംരക്ഷണം | 140359 | പെരിയങ്ങാനം ശ്രീധർമ്മ ശാസ്താ കാവിന്റെ സംരക്ഷണം | ലക്ഷ്യംഭാഗീകമായെ കൈവരിക്കാൻ സാധിച്ചിട്ടുള്ളു.പ്രോജക്ട് തുടരുന്നു. |

# അദ്ധ്യായം 13(3)

## വെല്ലുവിളികൾ,വികസന വിടവുകൾ, പ്രശ്നവിശകലനം പ്രശ്ന പരിഹാര സാധ്യതകൾ

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്ന തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർ തലത്തിൽ | സർക്കാർ ഇതര തലത്തിൽ |
| 1 | ജൈവ വൈവിദ്ധ്യം | വനസമ്പത്ത് കുറയുന്നു | പഞ്ചായത്തിലെ റിസർവ്വ് വനപ്രദേശങ്ങൾ(ഭീമനടി, കിണാവൂർ) | | | ✓ | വനസമ്പത്ത് കൈയ്യേറുന്നു | ബി.എം.സികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക | | വനവകുപ്പ്,പോലീസ് എന്നീ വകുപ്പുകളുടെ കാര്യക്ഷമമായ ഇടപെടൽ,വന സംരക്ഷണസമിതി കാര്യക്ഷമമാക്കുക | |
| 2 | ജൈവ വൈവിദ്ധ്യം | സാമൂഹിക വനവൽക്കരണ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തമില്ല | പഞ്ചായത്ത് മുഴുവൻ പ്രദേശവും | | | ✓ | സാമൂഹിക വനവൽക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണത്തിന്റെ കുറവ്,സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ ഇല്ലാത്തത് | തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക | | സാമൂഹിക വനവൽക്കരണത്തിന്റെ പ്രസക്തി ജനങ്ങളിൽ എത്തിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിനെ കാര്യക്ഷമമായി | സന്നദ്ധ,പരിസ്ഥിതി സംഘടനകൾക്ക് കാര്യക്ഷമമായ ഇടപെടൽ നടത്താൻ കഴിയും |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ഉപയോഗപ്പെടുത്തുക,സാമൂഹിക വനവൽക്കരണത്തിൽ സന്നദ്ധ സംഘടനകൾക്കും, വിദ്യാർത്ഥികൾക്കും പ്രോത്സാഹനവും പിൻതുണയും നൽകുക | |
| 3 | ജൈവ വൈവിദ്ധ്യം | നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതും, പ്രതിരോധ ശേഷി കൂടിയതുമായ നാടൻ ഇനങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല/ അപ്രത്യക്ഷമാകുന്നു. | പഞ്ചായത്ത് മുഴുവൻ പ്രദേശവും | | | ✓ | കൂടുതൽ ഉൽപാദനം/വൈവിദ്ധ്യം /സാമ്പത്തിക ലാഭം പ്രതീക്ഷിച്ചുകൊണ്ട് രോഗ പ്രതിരോധശേഷി കുറവുള്ളതും,നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമല്ലാത്തതുമായ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. | 1.കൂടുതൽ രോഗപ്രതിരോധശേഷിയുള്ളതും നമ്മുടെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്നതും പരിപാലന ചെലവ് കുറവുള്ളതുമായ സസ്യമൃഗാദികളുടെ നാടൻ ഇനങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക. | | നാടന് ഇനങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് 100% സബ്സിഡി നൽകുക | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 2.നാടൻ ഇനങ്ങൾ ഗുണമേറിയ താണെന്നും അവ നമ്മുടെ തനതായ ജൈവ സമ്പത്താ ണെന്നുമുള്ള പൊതു അവബോധം വളർത്തുന്നതി ന് തുടർനടപടി സ്വീകരിക്കാം 3.തൊഴിലുറപ്പ് പദ്ധതി സാധ്യത പ്രയോജന പ്പെടുത്തി ക്കൊണ്ട് നാടൻ ഫലവൃക്ഷ ത്തൈകളുടെ നഴ്സറി ഉണ്ടാക്കി അവ നട്ടു സംരക്ഷിക്കു ന്നതിന് നടപടി സ്വീകരിക്കാം | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 4 | ജൈവ വൈവിദ്ധ്യം | കാവുകളിലെ ജൈവ സമ്പത്ത് നഷ്ടമാകുന്നു | പഞ്ചായത്ത് പ്രദേശത്തെ കാവുകൾ | | | ✓ | കാവുകളിലെ ജൈവ സമ്പത്ത് കൈയ്യേറ്റം നടക്കുന്നു. ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാത്തത്.കാവ് സംരക്ഷണത്തിൽ പ്രാദേശിക കമ്മറ്റികൾ ചുമതല ഏറ്റെടുക്കാൻ തയ്യാറാകാത്തതും കാര്യക്ഷമമായി പ്രവർത്തിക്കാത്തതും | 1.കാവുകളുടെ സംരക്ഷണത്തിന് പദ്ധതികൾ ആവിഷ്കരിക്കുക 2.പ്രാദേശിക കമ്മറ്റികൾ കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. 3.തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതയും ശേഷിയും പ്രയോജനപ്പെടുത്തുക | | 1.കാവ് സംരക്ഷണത്തിന് കാര്യക്ഷമമായ പദ്ധതി നിർദ്ദേശങ്ങൾ രൂപീകരിക്കലും ഫണ്ട് ലഭ്യമാക്കലും. 2.പരിസ്ഥിതി സംഘടനകളെ പ്രോത്സാഹിപ്പിക്കുക 3.പ്രാദേശിക കമ്മറ്റികൾക്കും ബി.എം.സി ക്കും ഫലപ്രദമായ പരിശീലനം നൽകുക, | രജിസ്റ്റർ ചെയ്ത പരിസ്ഥിതി സംഘടനകളെ കാവ് സംരക്ഷണ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കാം |
| 5 | ജൈവ വൈവിദ്ധ്യം | ജലസംരക്ഷണത്തിന്റെ ഉദാത്തമാതൃകകളായ പള്ളങ്ങൾ, നീർത്തടങ്ങൾ എന്നിവ വേണ്ട വിധത്തിൽ സംരക്ഷിക്കപ്പെടുന്നില്ല | പഞ്ചായത്ത് പ്രദേശത്തെ പള്ളങ്ങൾ,നീർത്തടങ്ങൾ | | | ✓ | 1.പള്ളം,നീർത്തടം സംരക്ഷണത്തിനുള്ള പ്രാദേശിക കമ്മറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തത്. 2.പള്ളങ്ങൾ നമ്മുടെ ജൈവ സമ്പത്തിന്റെയും,ജല സംരക്ഷത്തിന്റെയും ഉദാത്ത മാതൃകകളായികണ്ട് | 1.പ്രാദേശിക കമ്മറ്റികൾ കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. 2.ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്ക | | 1.ഫലപ്രദമായ പദ്ധതി നിർദ്ദേശങ്ങൾ ആവിഷ്കരിക്കുക. 2.പ്രത്യേകമായി ഫണ്ട് അനുവദിക്കുക 3.പള്ളങ്ങൾ കൈയ്യേറ്റം നടത്തുന്നവർക്കെതിരെ കർശന | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ആയത് സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഫലപ്രദമായ നിർദ്ദേശങ്ങളും,പരിശീലനവും ഫണ്ടും ലഭ്യമാകാത്തത്. | ക.<br><br>3.തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക | | നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക നിയമങ്ങൾ ആവിഷ്കരിക്കുക | |
| 6 | കാലാവസ്ഥ വ്യതിയാനം,ദുരന്ത നിവാരണം,പരിസ്ഥിതി സംരക്ഷണം | വൻതോതിലുള്ള ചെങ്കൽ പണകൾ,കരിങ്കൽ ക്വാറികൾ പാരിസ്ഥിതിക നിലനിൽപ്പിനും ജനങ്ങളുടെ ജീവനും, സ്വൈര്യ ജീവിതത്തിനും ഭീഷണിയാകുന്നു.മണ്ണിടിച്ചിൽ,ഉരുൾപൊട്ടല് സാധ്യത നിലനിൽക്കുന്നു. | പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗത്ത് പശ്ചിമ ഘട്ടത്തിന്റെ ഭാഗമായ കുന്നിൻ ചെരിവുകളിൽ കരിങ്കൽ ക്വാറികൾകാണപ്പെടുന്നു.(മുണ്ടത്തടം,കോളംകുളം തുള്ളംകല്ല്,കപ്പമാട്,വടക്കാംകുന്ന് പ്രദേശങ്ങൾ) തെക്കുപടിഞ്ഞാറ് ഭാഗം അനിയന്ത്രിതമായ തോതിൽ | | | ✓ | പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകത കാരണം ചെങ്കൽ പ്രദേശങ്ങളും,കരിങ്കൽ പാറകളും കൂടുതലായി ഉള്ളതിനാൽ ചെങ്കൽ പണകൾ,കരിങ്കൽ ക്വാറികൾ കൂടുതലായി കാണപ്പെടുന്നു.ഇത് പാരിസ്ഥിതിക നിലനിൽപ്പിനും ജനങ്ങളുടെ ജീവനും,സ്വൈര്യ ജീവിതത്തിനും ഭീഷണിയാകുന്നു | | | 1.സർക്കാർ ഇടപെട്ട് കർശന നിയന്ത്രണം കൊണ്ടുവരണം<br><br>2.ലൈസൻസ് അനുവദിക്കുന്നതിൽ പഞ്ചായത്തിന്റെ അധികാരം ദുർബലമാണെന്നതിനാൽ നിലവിലുള്ള നിയമം പരിശോധിച്ച് പാരിസ്ഥിതിക സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് കാലികമാക്കേണ്ടതുണ്ട്. | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ചെങ്കല് ക്വാറികൾ കാണപ്പെട്ടുന്നു. | | | | | | | | |
| 7 | കാലാവസ്ഥ വ്യതിയാനം ,പരിസ്ഥിതി സംരക്ഷണം | വന്യമൃഗങ്ങൾ മനുഷ്യ വാസ സ്ഥലങ്ങളിലേക്ക് കടന്നുവരുന്നത് കൂടുന്നു. | ബിരിക്കുളം, കാരാട്ട്,കിനാനൂർ,പുതുക്കുന്ന് ഭാഗങ്ങൾ | | | ✓ | കാലാവസ്ഥ വ്യതിയാനം കാരണം അന്തരീക്ഷതാപനില കൂടുകയും മനുഷ്യന്റെ ഇടപെടലുകൾ മൂലം വനത്തിലെ ജൈവ ശോഷണം വർദ്ധിക്കുകയും ചെയ്യുന്നതിനാൽ ഭക്ഷണം,ജലം എന്നിവയുടെ ലഭ്യത കുറഞ്ഞത് വന്യമൃഗങ്ങൾ മനുഷ്യവാസസ്ഥലങ്ങളിലേക്ക് കടന്ന് വരുന്നത് കൂടുന്നു. | | | മുള,ഈറ്റ,ഇലവ്, സിന്ദൂരി,പ്ലാവ്,മാവ് തുടങ്ങി വന്യ ജീവികൾക്ക് ഭക്ഷ്യ യോഗ്യമായ മരങ്ങൾ ,തീറ്റപ്പുല്ല് എന്നിവ വനവകുപ്പിന്റെ നേതൃത്വത്തിൽ ഉൾവനങ്ങളിൽ വച്ച് പിടിപ്പിക്കുക.<br><br>2.വനമേഖലയിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക<br>3.വനമേഖലകളെ പരസ്പരം ബന്ധിപ്പിക്കുന്ന വന്യജീവി സ്വാഭാവിക പാതകൾ(ആനത്താര പോലുള്ളവ) ആവശ്യമായിടത്ത് കണ്ടെത്തുക.<br><br>4.ജനവാസമേഖല | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | യിലേക്ക് ഇറങ്ങുന്ന വന്യജീവികളെ നിയന്ത്രിച്ച് തിരികെ കാട്ടിലേക്ക് അയയ്ക്കുന്നതിനും അപകടത്തിൽ പെട്ട വന്യജീവികളെ ചികിത്സ നൽകി തിരിച്ചയയ്ക്കുന്നതിനും കാര്യക്ഷമമായ സംവിധാനം(റാപ്പിഡ് റസ്പോൺസ് ടീം) വനം വകുപ്പിൽ ഒരുക്കാവുന്നതാണ്<br>5.ജില്ലയിൽ വനഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കാം.<br>6.മൃഗങ്ങളുടെ ആക്രമണം മൂലം നാശനഷ്ടമുണ്ടാകുന്ന പ്രദേശങ്ങളിൽ വാച്ച് ടവർ,കാവൽ ഡ്യൂട്ടി,എസ്.എം.എസ് വഴി വിവരമറിയിക്കൽ തുടങ്ങിയ | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | സൌകര്യങ്ങൾ ഒരുക്കാം.. | |
| 8 | കാലാവസ്ഥ വ്യതിയാനം ,ദുരന്ത നിവാരണം | ഭൂഗർഭ ജലനിരപ്പ് കുറയുന്നു.വരൾച്ച കൂടുന്നു.അന്തരീക്ഷ താപനില വർദ്ധിക്കുന്നു.കാലാവസ്ഥ വ്യതിയാനം മൂലം പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്നു. | പഞ്ചായത്ത് പ്രദേശം മുഴുവൻ | | | ✓ | വന നശീകരണം,കുഴൽ കിണറുകൾ അനിയന്ത്രിതമായി നിർമ്മിക്കുന്നത് ഭൂഗർഭ ജല ചൂഷണത്തിന് കാരണമാകുന്നത്,കാലാവസ്ഥവ്യതിയാനം, അസന്തുലിതമായ പശ്ചാത്തല വികസനം,പശ്ചിമഘട്ടത്തിന്റെ സ്വാഭാവികത നശിക്കുന്നത്,നഗരവൽക്കരണം | 1.പരമാവധി വനവൽക്കരണം പ്രോത്സാഹിപ്പിക്കുക.<br><br>2.കാർബൺ തുലിത-ട്രീ ബാങ്കിംഗ് പദ്ധതി വയനാട്ടിലെ മീനങ്ങാടി പഞ്ചായത്ത് മാതൃകയിൽ നടപ്പാക്കാവുന്നതാണ്.<br>3.കാവുകൾ,പള്ളങ്ങൾ,നീർത്തടങ്ങൾ എന്നിവയുടെ സംരക്ഷണം.<br>4.തൊഴിലുറപ്പ് പദ്ധതിയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി പദ്ധതികൾ നടപ്പാക്കാം. | | 1.സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ പിൻതുണ ആവശ്യമാണ്.<br><br>2. കിണർ റീചാർജിംഗ്,കുഴൽ കിണർ റീചാർജിംഗ് നിർബന്ധമാക്കുന്നതിന് നിയമം കൊണ്ടുവരാവുന്നതാണ്.<br><br>3.പള്ളങ്ങൾ,നീർത്തടങ്ങൾ,പൊതു ജലാശയങ്ങൾ എന്നിവയുടെ സംരക്ഷണത്തിന് ഫലപ്രദമായ പദ്ധതികൾ സർക്കാരിന് ആവിഷ്ക്കരിക്കാം.<br>4.ഗ്രീൻ ഇന്ത്യ മിഷൻ,ഹരിതകേരളം മിഷൻ എന്നിവയുടെ സഹായത്തോടെ | ജൈവ വൈവിദ്ധ്യ ബോർഡ്, തൊഴിലുറപ്പ് പദ്ധതി മുഖേന ഫണ്ട് ലഭ്യമാക്കാം. |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 5.'കാർബൺ തുലന ഗ്രാമം' എന്ന ആശയത്തെക്കുറിച്ച് ബോധവൽക്കരണം ശക്തമാക്കുക 6.മിയാവാക്കി വനങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രോത്സാഹനവും പിന്തുണയും നൽകുക.<br><br>6.കിണർ റീചാർജിംഗ്, കുഴൽ കിണർ റീചാർജിംഗ് പ്രോത്സാഹിപ്പിക്കുക 7.പള്ളങ്ങൾ, നീർത്തടങ്ങൾ,പൊതുജലാശയങ്ങൾ എന്നിവയുടെ സംരക്ഷണത്തിന് | | വനവികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാം.<br><br>5.പശ്ചിമഘട്ട സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാം 6.കുന്നിടിക്കൽ നിയന്തിക്കുന്നതിനും ,കരിങ്കൽ/ചെങ്കൽ ക്വാറികളുടെ അനധികൃതമായ പ്രവർത്തനം തടയുന്നതിനും പരിസ്ഥിതിയുടെ നിലനിൽപ്പിനെ തകിടംമറിക്കുന്ന തരത്തിൽ കരിങ്കൽ/ചെങ്കൽ ക്വാറികൾക്ക് അനുമതി നൽകുന്നതി നിയന്ത്രിക്കുന്നതിന് കർശനമായ നിയമം കൊണ്ടുവരിക. | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | പദ്ധതികൾ<br>നടപ്പിലാക്കാം<br>8.പഞ്ചായ<br>ത്തിന്റെ<br>വടക്ക് കിഴക്ക്<br>ഭാഗത്തായു<br>ള്ള പശ്ചിമ<br>ഘട്ടത്തിന്റെ<br>സംരക്ഷണ<br>ത്തിന്<br>പ്രാധാന്യം<br>നൽകിക്കൊ<br>ണ്ടുള്ള<br>പദ്ധതി<br>നടപ്പിലാക്കാം | | | |
| 9 | ജൈവ<br>വൈവി<br>ദ്ധ്യം | അപൂർവ്വയി<br>നം ഔഷധ<br>സസ്യങ്ങൾ<br>,പരിസ്ഥിതി<br>സംതുലന<br>ത്തിന്<br>അത്യന്താ<br>പേക്ഷിതമാ<br>യ<br>സൂക്ഷ്മജീവി<br>കളും<br>ജീവജാലങ്ങ<br>ളും<br>ഇല്ലാതാകു<br>ന്നു. | | | | ✓ | കളനശീകരണം,<br>കൃഷിയിൽ മാരകമായ<br>കീടനാശിനികളുടെ<br>ഉപയോഗം,രാസവള<br>ങ്ങളുടെ അമിത<br>ഉപയോഗം മൂലം<br>മണ്ണിന്റെ<br>സ്വാഭാവികതയും<br>ആഗിരണ ശേഷിയും<br>നശിക്കുന്നത്,നഗര<br>വൽക്കരണം,ജൈവ<br>വൈവിദ്ധ്യ<br>സംരക്ഷണത്തിന്റെ<br>പ്രാധാന്യത്തെക്കുറിച്ച്<br>ബോധവൽക്കരണത്തി<br>ന്റെ കുറവ്. | 1.ജൈവ<br>വൈവിദ്ധ്യ<br>ത്തിന്റെ<br>പ്രാധാന്യ<br>ത്തെക്കുറിച്ച്<br>ബോധവ<br>ൽക്കരണം(പ്ര<br>ത്യേകിച്ച്<br>വിദ്യാർത്ഥിക<br>ളിൽ )<br>ശക്തമാക്കുക<br><br>2.കാവുകൾ<br>,നാഗവനം,വീ<br>ട്ടുതൊടി<br>തുടങ്ങിയവ | | തവളകൾ,മാനത്തു<br>കണ്ണി,തുലാത്തുമ്പി,<br>മണ്ണിര,മണ്ണിന്റെ<br>സ്വാഭാവികതയും<br>വളക്കൂറും<br>നിലനിർത്തുന്ന മറ്റ്<br>സൂക്ഷ്മ ജീവികൾ<br>എന്നിവയുടെ<br>സംരക്ഷണത്തിനും<br>വംശവർദ്ധനവി<br>നും ഉതകുന്ന<br>പദ്ധതി<br>ആവിഷ്കരിക്കാം | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | സംരക്ഷിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക<br>3.വിദ്യാലയങ്ങളിൽ ‘കുട്ടിവനം’,‘ഔഷധത്തോട്ടം’ തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കാം. | | | |
| 10 | പരിസ്ഥിതി സംരക്ഷണം | മണ്ണൊലിപ്പ് വർദ്ധിക്കുന്നു. | പഞ്ചായത്തിലെ ചരിഞ്ഞ പ്രദേശങ്ങളിൽ കൂടുതലായി മണ്ണൊലിപ്പ് ഉണ്ടാകുന്നു. | | | ✓ | വന നശീകരണം,മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ, അശാസ്ത്രീയവും പരിസ്ഥിതിക്ക് യോജിക്കാത്തതുമായ വികസന പ്രവർത്തനങ്ങൾ, മണ്ണ് സംരക്ഷണത്തിന് പ്രാധാന്യം നൽകാതെയുള്ള കൃഷി രീതികൾ | 1.നീർത്തട വികസനത്തിനും മണ്ണ് സംരക്ഷണത്തിനും തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്താം. | | 1.കയർ ഭവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണം കയർ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കാം.<br>2.മണ്ണ്,ജല സംരക്ഷണ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സഹായത്തോടെ മണ്ണ് ജല സംരക്ഷണത്തിന് ഉതകുന്ന കൂടുതൽ ശാസ്ത്രീയവും പ്രായോഗികവുമായ പദ്ധതികൾ ആവിഷ്കരിക്കാം | |

# അദ്ധ്യായം13(4)

## വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ജൈവ വൈവിദ്ധ്യം | കാവ് സംരക്ഷണ പ്രവർത്തനങ്ങൾ | കാവുകളിലെ ജൈവ ആവാസ വ്യവസ്ഥകളുടെ പരിപോഷണം | കാവുകളിലെ ജൈവ സമ്പത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. | പഞ്ചായത്തിലെ മുഴവൻ കാവുകളിൽ പരിപൂർണമായും സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക | ചുരുങ്ങിയത് രണ്ട് കാവുകളിലെങ്കിലും സംരക്ഷണ പ്രവർത്തനങ്ങള് | ജൈവ വൈവിദ്ധ്യ ബോർഡിൽ നിന്നുള്ള ധനസഹായം,തൊഴിലുറപ്പ് പദ്ധതി എന്നിവ സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നു. |
| 2. | ജൈവ വൈവിദ്ധ്യം | പള്ളങ്ങളുടെ സംരക്ഷണം | ജലസംരക്ഷണം,ജൈവ ആവാസ വ്യവസ്ഥയുടെ സംരക്ഷണം | പള്ളങ്ങൾ കൈയ്യേറ്റം നടക്കുന്നു.പള്ളങ്ങളിലെ ജല സമ്പത്ത്,ജൈവ ആവാസ വ്യവസ്ഥ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. | പഞ്ചായത്തിലെ മുഴവൻ പള്ളങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുക | ചുരുങ്ങിയത് ഒരു പള്ളമെങ്കിലും പൂർണമായും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക | ജൈവ വൈവിദ്ധ്യ ബോർഡിൽ നിന്നുള്ള ധനസഹായം,തൊഴിലുറപ്പ് പദ്ധതി എന്നിവ സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നു. |
| 3 | ജൈവ വൈവിദ്ധ്യം | നാടൻ ഇനങ്ങളുടെ സംരക്ഷണം | നാടൻ ഫലവൃക്ഷങ്ങൾ, കൃഷിഇനങ്ങൾ | നാടൻ ഇനങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു | നാടൻ ഫലവൃഷങ്ങൾ,കൃഷി ഇനങ്ങൾ,നാടൻ | നാടൻ ഇനങ്ങള് പ്രോത്സാഹിപ്പിക്കുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തൽ | ജൈവ വൈവിദ്ധ്യ ബോർഡിൽ നിന്നുള്ള ധനസഹായം,തൊഴിലുറപ്പ് പദ്ധതി എന്നിവ സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നു. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | വളർത്തുമൃഗങ്ങൾ എന്നിവയുടെ പരിപോഷണം | . | വളർത്തുമൃഗങ്ങൾ, എന്നിവ പരിപോഷിപ്പിക്കുന്നതിന് നഴ്സറികൾ,നാടൻ വളർത്തു മൃഗങ്ങളുടെ ഉൽപാദന കേന്ദ്രങ്ങൾ ആരംഭിക്കൽ | | |
| 4. | ജൈവ വൈവിദ്ധ്യം | വിദ്യാർത്ഥികൾക്ക് വനസംരക്ഷണത്തിൽ,ഔഷധ സസ്യ സംരക്ഷണത്തിൽ പ്രോത്സാഹനം സ്കൂൾ കേന്ദ്രീകരിച്ച് കുട്ടിവനം പദ്ധതി,ഔഷധത്തോട്ട സംരക്ഷണം | വനസംരക്ഷണം,ഔഷധ സസ്യ സംരക്ഷണം | വനങ്ങൾ നശിക്കുന്നു.ഔഷധ സസ്യങ്ങൾ/അപൂർവ്വ സസ്യങ്ങൾ നശിക്കുന്നു. | മുഴുവൻ സ്കൂളുകളിലും പൊതു ഇടങ്ങളിലും നിർബന്ധിത പദ്ധതിയായി യാഥാർത്ഥ്യാക്കുക. | ഒരു സ്കൂളിലെങ്കിലും നടപ്പാക്കുക | ജൈവ വൈവിദ്ധ്യ ബോർഡിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് വിദ്യാർത്ഥികളുടെ സഹായത്തോടെ നടപ്പിലാക്കുന്നു. |
| 5. | ജൈവ വൈവിദ്ധ്യം | മിയാവാക്കി വനങ്ങൾ | വനസംരക്ഷണം | വനവിസ്തൃതി കുറയുന്നു. | ലഭ്യമായ പൊതു ഇടങ്ങൾ,സ്വകാര്യ വ്യക്തികളിൽ നിന്നുള്ള അനുയോജ്യമായ | പഞ്ചായത്തിൽ ഒന്നോ രണ്ടോ മാതൃകാ മിയാവാക്കി വനങ്ങൾ | ജൈവ വൈവിദ്ധ്യ ബോർഡ്,തൊഴിലുറപ്പ് പദ്ധതി,സോഷ്യൽ ഫോറസ്ട്രി വകുപ്പ് എന്നിവയില് നിന്നുള്ള ധനസഹായമുൾപ്പെടെ സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കുക. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | സ്ഥലങ്ങൾ എന്നിവ മുഴുവനായും മിയാവാക്കി വനങ്ങൾ രൂപപ്പെടുത്തുക | രൂപപ്പെടുത്തുക | |
| 6 | പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം | മണ്ണ്,ജലസംരക്ഷണം,നീർത്തട സംരക്ഷണം | മണ്ണ്,ജല സംരക്ഷണത്തിലൂടെ പരിസ്ഥിതി ആഘാതത്തെ തടയുക | 1.മേൽ മണ്ണ് നഷ്ടപ്പെടുന്നു.മണ്ണിന്റെ സ്ഥിരത നഷ്ടപ്പെടുന്നത് പ്രകൃതി ദുരന്തത്തിന് കാരണമാകുന്നു. 2.വരൾച്ച കൂടുന്നു.കുടിവെള്ളത്തിന് ദൌലഭ്യം അനുഭവപ്പെടുന്നു. | 1.മണ്ണ് ,ജല സംരക്ഷണത്തിന് ഭൂമിയുടെ പ്രത്യേകതയ്ക്ക് ഉതകുന്ന രീതിയിലുള്ള കൃഷി രീതികൾ വ്യാപകമാക്കുക. 2.എല്ലാത്തരം വികസന പ്രവർത്തനങ്ങളിലും പാരിസ്ഥികാഘാത ലഘൂകരണ നടപടികൾ നടപ്പിലാക്കുക. 3.പരിസ്ഥിതിയെ തകിടം മറിക്കുന്ന വികസനരീതികൾ അവലംബിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുക. 4.കയർ | കയർ ഭൂവസ്ത്രം,ജൈവ വേലികൾ,കിണർ റീചാർജിംഗ്,നീരുറവകൾക്ക് ചുറ്റും ചെറുവനങ്ങൾ രൂപപ്പെടുത്തൽ,നീർത്തട സംരക്ഷണം,മണ്ണിന്റെ സ്വാഭാവികത നഷ്ടപ്പെടുത്താത്ത ജൈവ കൃഷി രീതികൾ,കണ്ടൽ കാടുകൾ നട്ടുപിടിപ്പിച്ച് പുഴയോര സംരക്ഷണം,ഹരിതകർമ്മസേനയെയും,പ്രാദേശിക സമിതികളെയും ഉപയോഗപ്പെടുത്തി ജല സ്രോതസ്സുകളെ | തൊഴിലുറപ്പ് പദ്ധതി,മണ്ണ്ജല സംരക്ഷണ വകുപ്പ്,സോഷ്യൽ ഫോറസ്ട്രി,കൃഷിവകുപ്പ് എന്നീ വകുപ്പുകളുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്താം. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ഭൂവസ്ത്രം,മണ്ണൊലിപ്പ് തടയുന്ന ജൈവ വേലികൾ,ജലസംരക്ഷണത്തിനുള്ള പരിസ്ഥിതി സൌഹാർദ്ദ മാർഗ്ഗങ്ങൾ,കൃഷിരീതികൾ എന്നിവ വ്യാപകമാക്കുക | മാലിന്യ മുക്തമാക്കൽ | |
| 7 | കാലാവസ്ഥ വ്യതിയാനം/ പരിസ്ഥിതി സംരക്ഷണം | കാർബൺ തുലന ഗ്രാമം പദ്ധതി | കാർബൺ സംതുലനം വഴി കാലാവസ്ഥ വ്യതിയാനത്തെയും പ്രകൃതി ദുരന്തങ്ങളെയും ഒഴിവാക്കുക | അന്തരീക്ഷ താപനില വർദ്ധിക്കുന്നു.കാലാവസ്ഥ വ്യതിയാനം മൂലം പ്രകൃതി ദുരന്തങ്ങളും പുതിയ പകർച്ചവ്യാധികളും ഉണ്ടാകുന്നു. | ട്രീ ബാങ്കിംഗ് പദ്ധതി നടപ്പാക്കുന്നതിലൂടെ വയനാട് ജില്ലയിലെ മീനങ്ങാടി പഞ്ചായത്ത് മാതൃകയിൽ കാർബൺ സീറോ പഞ്ചായത്ത് എന്ന ആശയം യാഥാർത്ഥ്യമാക്കുക. | ട്രീ ബാങ്കിംഗ് പദ്ധതിക്ക് ആരംഭം കുറിക്കുക.ആയതിനുള്ള ബോധവൽക്കരണം കർഷകർക്കിടയിൽ ശക്തമാക്കുക. | കൃഷി വകുപ്പ്,തൊഴിലുറപ്പ് പദ്ധതി,സോഷ്യൽ ഫോറസ്ട്രി വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പദ്ധതി വിജയകരമായി നടപ്പിലാക്കാം. |
| 8 | പരിസ്ഥിതി/ ജൈവ വൈവിദ്ധ്യം | ജൈവ കൃഷി പ്രോത്സാഹനം | മണ്ണ് സംരക്ഷണം/ സൂക്ഷ്മ ജീവികൾ,ജൈവ ആവാസ വ്യവസ്ഥ | അമിതമായ രാസവള ഉപയോഗം,കീടനാശിനികളുടെ ഉപയോഗം ,അശാസ്ത്രീയമാ | ജൈവ കൃഷിരീതി മുഴുവനായും വ്യാപിപ്പിക്കുക | 1.ജൈവ കൃഷി പ്രോത്സാഹനത്തിന് തുടക്കമിടുക.<br><br>2.രാസവളങ്ങളുടെയും | കൃഷി വകുപ്പ്,മണ്ണ്സംരക്ഷണ വകുപ്പ് എന്നീ വകുപ്പുകളുടെ സംയോജനത്തോടെ നടപ്പാക്കാം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | എന്നിവയുടെ സംരക്ഷണം | യ കൃഷി രീതികൾ എന്നിവ മണ്ണിന്റെ സ്വാഭാവിക ഘടനയെ തകർക്കുകയും, തവളകൾ,മാനത്തുകണ്ണി,തുലാത്തുമ്പി,മണ്ണിര എന്നിവയുപ്പെടെയുള്ള പരിസ്ഥിതി സംതുലനത്തിനും വിളകളുടെ സംരക്ഷണത്തിനും സഹായകരമായ ജീവികളുടെ വംശനാശത്തിനും,മണ്ണിലെ സൂക്ഷ്മ ജീവികളുടെ നാശത്തിനും കാരണമാകുന്നു. | | കീടനാശിനികളുടെയും ഉപയോഗം കുറയ്ക്കുന്നതിന് ബോധവൽക്കരണം ശക്തമാക്കുക | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | ജൈവ വൈവിദ്ധ്യം, പരിസ്ഥിതി സംരക്ഷ ണം | വന്യജീവികളു ടെ സംരക്ഷണം, കൃഷി സംരക്ഷണം | വന്യജീവികൾ കൃഷി സ്ഥലത്തേക്ക് ഇറങ്ങി കൃഷി നശിപ്പിക്കുന്നത് പരിസ്ഥിതി സൌഹാർദ്ദ വന്യജീവി സംരക്ഷണ രീതികൾ അവലംബിച്ചു കൊണ്ട് തടയുക. | വന്യജീവികൾ കൃഷി സ്ഥലത്തേക്ക് ഇറങ്ങി കൃഷി നശിപ്പിക്കുകയും അക്രമകാരിക ളായി മാറുകയും ചെയ്യുന്നു. | വനങ്ങൾ വന്യജീവികൾക്ക് സ്വന്തവും സ്വയം പര്യാപ്തവും എന്ന ആശയം യാഥാർത്ഥ്യമാക്കുക . | 1.മുള,ഈറ്റ,ഇലവ്, സിന്ദൂരി,പ്ലാവ്,മാവ് തുടങ്ങി വന്യ ജീവികൾക്ക് ഭക്ഷ്യ യോഗ്യമായ മരങ്ങൾ ,തീറ്റപ്പുല്ല് എന്നിവ വനവകുപ്പിന്റെ നേതൃത്വത്തിൽ ഉൾവനങ്ങളിൽ വച്ച് പിടിപ്പിക്കുക.<br><br>2.വനമേഖലയിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക | വനവകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കാം. |

# അദ്ധ്യായം13(5)

## സംയോജന സാധ്യതകൾ

സംയോജന സാധ്യതകള് പ്രയോജനപ്പെടുത്തിയാൽ മാത്രമെ ഈ മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ കാര്യക്ഷമമായും പ്രയോജനപ്രദമായും നടപ്പാക്കാനാകൂ.തൊഴിലുറപ്പ് പദ്ധതിയുടെ അനന്ത സാധ്യതകൾ ഈ മേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്നു.വനവകുപ്പ്,സോഷ്യൽ ഫോറസ്ട്രി, മണ്ണ്ജലസംരക്ഷണ വകുപ്പ്,കൃഷി വകുപ്പ്, ദുരന്ത നിവാരണ അതോറിറ്റി,കാലാവസ്ഥ വകുപ്പ്,ജൈവ വൈവിദ്ധ്യ ബോർഡ്,തൊഴിലുറപ്പ് പദ്ധതി,വിദ്യാഭ്യാസ വകുപ്പ്,തദ്ദേശ സ്വയംഭരണവകുപ്പ് വകുപ്പ് എന്നീ വകുപ്പുകളുടെ ഫലപ്രദമായ സംയോജനം ഈ മേഖലയിലുള്ള പദ്ധതികൾ വിജയപ്രദമായി നടപ്പാക്കാൻ സഹായിക്കും.ഇത്തരം വകുപ്പുകളിലെ പ്രയോജനപ്രദമായ ആശയങ്ങളും ധനവും പിന്തുണയും എങ്ങനെ ഫലപ്രദമായി സംയോജിപ്പിക്കാമെന്നും പദ്ധതികൾ ഏതു രീതിയിൽ നടപ്പാക്കാമെന്നതും സംബന്ധിച്ച് സർക്കാർ പ്രത്യേക മാർഗ്ഗ രേഖ തയ്യാറാക്കിയാൽ ആയത് ഏറ്റവും ഗുണകരമായിരിക്കും. കാലാവസ്ഥ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും നമ്മുടെ നിലനിൽപ്പിനു തന്നെ ഭീഷണിയുയർത്തുന്ന ഈ കാലഘട്ടത്തിൽ ജൈവ വൈവിദ്ധ്യത്തിനും പരിസ്ഥിതി സംരക്ഷണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് വിവിധ മേഖലകളിലെ അനന്ത സാധ്യതകൾ വളരെ ഫലപ്രദമായും വളരെ പ്രായോഗികമായും സംയോജിപ്പിച്ചുകൊണ്ട് ഈ മേഖലയിലെ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നും ഫലപ്രദമായ മാർഗ്ഗ നിർദ്ദേശങ്ങളും കർമ്മ പദ്ധതികളും രൂപപ്പെടുമെന്നുതന്നെ നമുക്ക് പ്രത്യാശിക്കാം